# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

JULY 2026 | Vol - 6 • Issue - 7 • 16 Page Tabloid | www.syromalabarvision.com


# ഡിജിറ്റൽ യുഗത്തിലെ മനുഷ്യമാഹാത്മ്യവും നിർമിതബുദ്ധിയുടെ ധാർമികതയും:

## മാഗ്നിഫിക്കാ ഹ്യുമാനിത്താസിന്റെ വെളിച്ചത്തിൽ ഒരു പഠനം




**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**





> **മനുഷ്യന്റെ പരിമിതികൾ ദൈവത്തിന്റെ കരുണ നിറയാനും സ്നേഹിക്കാനുമുള്ള അവസരങ്ങളാണ്. അതിനായി ഡിജിറ്റൽ ലോകത്തിന് പുറത്ത് മനുഷ്യർ തമ്മിലുള്ള ശാരീരിക സാന്നിധ്യവും നല്ല ബന്ധങ്ങളും പുനഃസ്ഥാപിക്കപ്പെടണം. പരിശുദ്ധ ലെയോ മാർപാപ്പ സാങ്കേതികവിദ്യയെ ഒരിക്കലും പൂർണ്ണമായി തള്ളിക്കളയുകയോ അതിനെ ഒരു നിഷേധാത്മകമായ അർത്ഥത്തിൽ കാണുകയോ ചെയ്യുന്നില്ല. മറിച്ച്, ഡിജിറ്റൽ യുഗത്തിന്റെ വെല്ലുവിളികളെ നേരിട്ടുകൊണ്ട് മനുഷ്യന്റെ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്ന ഒരു പുതിയ പ്രതിസംസ്കാരം രൂപീകരിക്കാനാണ് അദ്ദേഹം ആഹ്വാനം ചെയ്യുന്നത്.**

ആഗോള സമൂഹം ഇന്ന് എത്തിനില്ക്കുന്നത് ഡിജിറ്റൽ വിപ്ലവത്തിന്റെ അതിവേഗതയാർന്ന മൂർദ്ധന്യഘട്ടത്തിലാണ്. നിർമിതബുദ്ധിയും നവമാധ്യമങ്ങളും വിനിമയ സാധ്യതകളെ മാറ്റിമറിക്കുമ്പോൾ, ഈ മാറ്റങ്ങളെ കേവലം സാങ്കേതിക പുരോഗതിയായി മാത്രം കാണാൻ സാധിക്കുകയില്ല. ഈ പശ്ചാത്തലത്തിലാണ് പരിശുദ്ധ പിതാവ് ലെയോ മാർപാപ്പയുടെ 'മാഗ്നിഫിക്കാ ഹ്യൂമാനിത്താസ്' (Magnifica Humanitas) എന്ന പുതിയ ചാക്രികലേഖനം പ്രസക്തമാകുന്നത്. പുതിയ കാലത്തിന്റെ സാങ്കേതിക മുന്നേറ്റങ്ങളിലെ പുതുമകളെക്കുറിച്ച് അന്വേഷിക്കുന്ന ഏതൊരു വായനക്കാരനും ഈ പ്രബോധനത്തിൽ കണ്ടെത്തുക, നിർമ്മിതബുദ്ധിയെ ഇന്നത്തെ കാലഘട്ടത്തിൽ എങ്ങനെ വിവേചിച്ചറിയണം എന്നതിനെക്കുറിച്ചുള്ള ആഴമേറിയ ചിന്തകളാണ്. സാങ്കേതികവിദ്യയ്ക്കപ്പുറം, സമകാലിക ലോകത്ത് പല രീതിയിൽ ഭീഷണി നേരിടുന്ന 'മനുഷ്യമാഹാത്മ്യത്തെ' കേന്ദ്രീകരിച്ചുള്ള സമഗ്രമായ ഒരു ദർശനമാണ് പരിശുദ്ധ പിതാവ് ഈ ലേഖനത്തിലൂടെ ലോകത്തിന് നൽകുന്നത്.

### കത്തോലിക്കാ സാമൂഹിക പ്രബോധനങ്ങളുടെ ചരിത്രപരമായ വികാസം

പരിശുദ്ധ പിതാവിന്റെ ഈ ചാക്രികലേഖനം ആകസ്മികമായി ഉണ്ടായ ഒന്നല്ല; മറിച്ച്, സഭയുടെ സമ്പന്നമായ സാമൂഹിക പ്രബോധനങ്ങളുടെ തുടർച്ചയാണ്. ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ 'രേരും നൊവാരും' മുതൽ ആരംഭിച്ച ഈ പാരമ്പര്യം തൊഴിലിന്റെയും തൊഴിലാളിയുടെയും മഹത്വത്തെ ഉയർത്തിപ്പിടിക്കുന്നു. വിരലിലെണ്ണക്കാവുന്ന ആളുകളുടെ കൈകളിൽ സമ്പത്ത് കുമിഞ്ഞുകൂടുന്നതിനെയും ദാരിദ്ര്യം വർദ്ധിക്കുന്നതിനെയും സഭ എക്കാലത്തും എതിർത്തിട്ടുണ്ട്. തുടർന്നു വന്ന മാർപാപ്പമാർ സ്വാതന്ത്ര്യം മൗലികാവകാശമാണെന്ന് പ്രഖ്യാപിച്ചു. ഫ്രാൻസിസ് മാർപാപ്പ തന്റെ പ്രബോധനങ്ങളിലൂടെ പരിസ്ഥിതി ചൂഷണത്തിനെതിരെ ശബ്ദമുയർത്തുകയും ഭൂമിയുടെ കരച്ചിലും പാവങ്ങളുടെ കരച്ചിലും ഒരേപോലെ ശ്രവിക്കാൻ നമ്മെ ആഹ്വാനം ചെയ്യുകയും ചെയ്തു. വിഭവങ്ങളുടെ സാർവ്വത്രികമായ വിതരണം ഉറപ്പാക്കിക്കൊണ്ട്, കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് സഭ നൽകിയ മാർഗരേഖകളുടെ ഏറ്റവും പുതിയ പതിപ്പാണ് ലെയോ പാപ്പായുടെ ഈ പുതിയ ചാക്രികലേഖനം.

സാങ്കേതികവിദ്യ ഒരിക്കലും 'നിഷ്പക്ഷമല്ല' എന്ന് വ്യക്തമാക്കുന്ന ചാക്രികലേഖനം, അതിനെ വിലയിരുത്താൻ കത്തോലിക്കാ സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ മൂന്ന് അടിസ്ഥാന പ്രമാണങ്ങൾ മുന്നോട്ടുവെക്കുന്നു:

**ദൈവപ്രതിരൂപമായ മനുഷ്യൻ:** മനുഷ്യവ്യക്തി ത്രിയേകദൈവത്തിന്റെ പ്രതിരൂപമാണ്. മൂന്ന് വ്യക്തികളുടെ പരസ്പര ബന്ധമാണ് ത്രിത്വം എന്നതിനാൽ മനുഷ്യനും അടിസ്ഥാനപരമായി ബന്ധങ്ങളിൽ ജീവിക്കേണ്ടവനാണ്; അവനെ ഒറ്റപ്പെടുത്തി കാണാൻ സാധിക്കില്ല.

**തുല്യമഹത്വം:** മനുഷ്യരുടെ തുല്യ മഹത്വമാണ് രണ്ടാമത്തെ പ്രമാണം. ദൈവസ്നേഹം അതിരുകളില്ലാത്തതായതിനാൽ കഴിവുള്ളവനും ഇല്ലാത്തവനും, രോഗിക്കും ആരോഗ്യവാനും, ധനികനും ദരിദ്രനും ഒരേ മനുഷ്യവിലയാണുള്ളത്.

**മനുഷ്യാവകാശങ്ങൾ:** മനുഷ്യാവകാശങ്ങൾ മനുഷ്യമഹത്വത്തിന്റെ പ്രകാശനമാണ്. രണ്ടാം നൂറ്റാണ്ടിൽ തെർത്തുല്യൻ എന്ന സഭാപിതാവാണ് 'ഹ്യൂമൻ റൈറ്റ്സ്' എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത് എന്നതിനാൽ ക്രൈസ്തവ പാരമ്പര്യത്തിലാണ് ഈ ആശയങ്ങൾ വളർന്നുവന്നത്.

### ഭീഷണി നേരിടുന്ന മനുഷ്യമാഹാത്മ്യം: യുദ്ധവും അടിമത്തവും

മാനവികത ഇന്ന് നേരിടുന്ന വെല്ലുവിളികൾ കേവലം സാങ്കേതികമായവ മാത്രമല്ല. ആഗോളതലത്തിൽ നിലനിൽക്കുന്ന യുദ്ധങ്ങൾ, ആധുനിക അടിമത്തത്തിന്റെ വിവിധ രൂപങ്ങൾ എന്നിവ മനുഷ്യന്റെ അന്തസ്സിനെ നിരന്തരം ചോദ്യം ചെയ്യുന്നു. പുതിയ സാങ്കേതികവിദ്യകൾ വികസിക്കുമ്പോഴും മനുഷ്യൻ കൂടുതൽ പാർശ്വവൽക്കരിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം പരിശുദ്ധ പിതാവ് ചൂണ്ടിക്കാണിക്കുന്നു. ഒരു പുതിയ സ്നേഹസംസ്കാരം വാർത്തെടുക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് സംസാരിക്കുന്ന ചാക്രികലേഖനം, സാങ്കേതിക പുരോഗതി മനുഷ്യനെ യന്ത്രത്തിന്റെ ഇരയാക്കി മാറ്റുന്ന വർത്തമാനകാല സാഹചര്യങ്ങളെ ശക്തമായി വിമർശിക്കുന്നുണ്ട്.

### നിർമിതബുദ്ധിയും തൊഴിൽമേഖലയിലെ പ്രതിസന്ധികളും

സാങ്കേതികവിദ്യയുടെ വികാസം സാമ്പത്തിക-തൊഴിൽ മേഖലകളിൽ ഉണ്ടാക്കുന്ന ആഘാതങ്ങൾ വളരെ വലുതാണ്. 'ഔട്ട്ലുക്ക്' ദേശീയ വാരികയുടെ കവർ പേജ് സ്റ്റോറിയായ "The Slow Death of IT Sector Jobs" ഇതിനൊരു വ്യക്തമായ ഉദാഹരണമാണ്. ഇന്ത്യയിൽ മാത്രം ഏതാണ്ട് ആറ് മില്യൺ (60 ലക്ഷം) ആളുകൾ ഐ.ടി മേഖലയെ ആശ്രയിച്ചു ജീവിക്കുമ്പോൾ, കഴിഞ്ഞ വർഷം മാത്രം ഒന്നര ലക്ഷത്തോളം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു. മൈക്രോസോഫ്റ്റ് (15,000 പേർ), ആമസോൺ (30,000 പേർ) തുടങ്ങിയ വൻകിട കമ്പനികൾ വൻതോതിൽ ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു. മനുഷ്യൻ ചെയ്യുന്നതിനേക്കാൾ വേഗതയിൽ നിർമ്മിതബുദ്ധിക്ക് കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നു എന്ന കാരണത്താലാണ് കമ്പനികൾ മനുഷ്യശേഷിയെ ഒഴിവാക്കുന്നത്.

തൊഴിലിലിലൂടെയും ക്രിയാത്മകമായ അദ്ധ്വാനത്തിലൂടെയുമാണ് മനുഷ്യന് ജീവിക്കാനുള്ള മാഹാത്മ്യവും ആത്മാഭിമാനവും ലഭിക്കുന്നത്. എന്നാൽ എ.ഐയുടെ കടന്നുകയറ്റം മൂലം മനുഷ്യന് തൊഴിൽ നഷ്ടപ്പെടുകയും അവന് ലഭിക്കേണ്ട ഉദാത്തമായ അന്തസ്സ് ഇല്ലാതാവുകയും ചെയ്യുന്നു. സാങ്കേതികവിദ്യയുടെ ഈ ക്രൂരമായ പാർശ്വഫലത്തെക്കുറിച്ച് 'മാഞ്ഞിഫിക്കാ ഹ്യൂമാനിത്താസ്' എന്ന ചാക്രികലേഖനത്തിൽ പരിശുദ്ധ പിതാവ് അതീവ ഉത്കണ്ഠയോടെ പരാമർശിക്കുന്നുണ്ട്.

### ആധുനിക യുദ്ധമുറകളും എ.ഐയുടെ ധാർമ്മിക പരാജയവും

അടുത്ത നാളുകളിൽ നടന്ന ഇറാൻ-ഇസ്രായേൽ യുദ്ധം ലോകത്തിലെ ആദ്യത്തെ പരിപൂർണ്ണ 'എ.ഐ യുദ്ധം' എന്നാണ് വിലയിരുത്തപ്പെടുന്നത്. കേവലം 96 മണിക്കൂറിനുള്ളിൽ രണ്ടായിരത്തോളം വ്യത്യസ്ത ലക്ഷ്യസ്ഥാനങ്ങളിൽ ബോംബാക്രമണം നടത്താൻ മനുഷ്യബുദ്ധിക്ക് മാത്രമായി സാധ്യമല്ല. നിർമ്മിതബുദ്ധിയുടെ അൽഗോരിതങ്ങളുടെ സഹായത്തോടെയാണ് ഈ വിനാശകരമായ ദൗത്യം നടപ്പിലാക്കിയത്. എന്നാൽ സമാനതകളില്ലാത്ത ഈ കാര്യക്ഷമതയുടെ മറുവശം വൻ ധാർമ്മിക പരാജയമായിരുന്നു.

യുദ്ധത്തിന്റെ പ്രകാരംഭ ഘട്ടത്തിൽ ഇറാനിലെ 'മിനാബ്' എന്ന സ്ഥലത്തെ ഒരു സ്കൂൾ ബോംബിട്ടു തകർക്കപ്പെടുകയും 180-ഓളം പെൺകുട്ടികൾ ക്രൂരമായി മരണപ്പെടുകയും ചെയ്തു. മുൻപ് ഇറാനിയൻ റെവല്യൂഷനറി ഗാർഡിന്റെ ആസ്ഥാനമായിരുന്ന ആ കെട്ടിടം പിന്നീട് ഒരു സ്കൂളായി മാറിയ വിവരം എ.ഐയുടെ അൽഗോരിതങ്ങളിൽ അപ്ഡേറ്റ് ചെയ്യപ്പെട്ടിരുന്നില്ല. മനുഷ്യത്വമില്ലാത്ത യന്ത്രബുദ്ധി പഴയ ഡാറ്റയുടെ അടിസ്ഥാനത്തിൽ ലക്ഷ്യം നിർണ്ണയിച്ചപ്പോൾ പൊലിഞ്ഞുപോയത് നിരപരാധികളായ കുഞ്ഞുങ്ങളുടെ ജീവനാണ്. കാര്യക്ഷമതയുടെ പേരിൽ ധാർമ്മികത കൈവിടുന്ന ഇത്തരം സാങ്കേതിക സംവിധാനങ്ങൾ മനുഷ്യരാശിക്ക് എത്രത്തോളം ഭീഷണിയാണെന്ന് ഈ സംഭവം തെളിയിക്കുന്നു.

### ബാബേൽ ഗോപുരവും ജെറുസലേം പട്ടണവും: രണ്ട് വിരുദ്ധ ദർശനങ്ങൾ

എ.ഐയും ആധുനിക സാങ്കേതികവിദ്യകളും ഉപയോഗിച്ച് മനുഷ്യൻ കെട്ടിപ്പടുക്കുന്ന ഈ പുതിയ ലോകത്തെ വിലയിരുത്താൻ പരിശുദ്ധ പിതാവ് ബൈബിൾ അധിഷ്ഠിതമായ ഒരു ചോദ്യം ഉന്നയിക്കുന്നു: നാം പണിയുന്ന ഈ ലോകം ഒരു 'ബാബേൽ ഗോപുരമാണോ' അതോ നെഹമിയ പടുത്തുയർത്തിയ 'ജെറുസലേം പട്ടണമാണോ?'

ബാബേൽ ഗോപുരത്തിന്റെ പശ്ചാത്തലം പരിശോധിച്ചാൽ, മനുഷ്യൻ തന്റെ അഹങ്കാരത്തിനും പേരിനും നിയന്ത്രണത്തിനും വേണ്ടി ആകാശംമുട്ടുന്ന ഗോപുരം പണിയാൻ ശ്രമിച്ചതായി കാണാം. അവിടെ സാങ്കേതികവിദ്യയും മനുഷ്യശക്തിയും ഉണ്ടായിരുന്നുവെങ്കിലും ദൈവത്തിന് സ്ഥാനമില്ലായിരുന്നു. ഇത് സ്വയംപര്യാപ്തതയുടെയും അഹങ്കാരത്തിന്റെയും പ്രതീകമാണ്. കേവലം ഫലപ്രാപ്തിക്ക് വേണ്ടി മനുഷ്യന്റെ മഹത്വത്തെ ബലികഴിക്കുന്ന അവസ്ഥയാണിത്.


**ശേഷം പേജ് 3-ൽ**

## എഡിറ്റോറിയൽ

# മനുഷ്യമഹത്വം ആഘോഷിക്കാം!

ദൈവത്തിന്റെ സൃഷ്ടിയിലെ ഏറ്റവും ശ്രേഷ്ഠമായ രൂപമാണ് മനുഷ്യൻ. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഓരോ മനുഷ്യനും യാതൊരു സാഹചര്യത്തിനും സാമൂഹികപദവിക്കും മനുഷ്യവിധികൾക്കും ഹനിക്കാനാവാത്ത അഭംഗുരമായ അന്തസ്സിന്റെ ഉടമയാണ്. ഈ ശാശ്വതസത്യത്തെയാണ് പരിശുദ്ധ പിതാവ് ലെയോ പതിനാലാമന്റെ ആദ്യ ചാക്രികലേഖനമായ 'മാനവമഹത്വം' അതിമനോഹരമായി അനാവരണം ചെയ്യുന്നത്. നമ്മുടെ പൊതുമാനവികതയുടെ മഹത്വം വീണ്ടും തിരിച്ചറിയാനും അതിനെ ആഘോഷിക്കാനുമുള്ള ഒരു ശക്തമായ ആഹ്വാനമാണ് പരിശുദ്ധ പിതാവു നടത്തിയിരിക്കുന്നത്.

ശാസ്ത്രസാങ്കേതികവിദ്യയുടെ അതിവേഗ വളർച്ചയും അഭൂതപൂർവമായ ശാസ്ത്രീയനേട്ടങ്ങളും ലോകജനതയുടെ വർധിച്ചുവരുന്ന പരസ്പരബന്ധങ്ങളും മനുഷ്യചരിത്രത്തിനു പുതിയ സാധ്യതകൾ തുറന്നുകൊടുക്കുമ്പോൾ, യുദ്ധങ്ങൾ, ദാരിദ്ര്യം, നിർബന്ധിത കുടിയേറ്റം, പരിസ്ഥിതിനാശം, ഏകാന്തത, വിവേചനം, ധാർമികമൂല്യങ്ങളുടെ ശോഷണം തുടങ്ങിയ ഗുരുതരമായ പ്രതിസന്ധികളും മനുഷ്യകുടുംബത്തെ മുറിവേല്പ്പിച്ചുകൊണ്ടിരിക്കുന്നു. സമ്പത്തും അധികാരവും കാര്യക്ഷമതയും വിജയത്തിന്റെ മാനദണ്ഡങ്ങളായി ലോകം കണക്കാക്കുമ്പോൾ, നമ്മുടെ ഇടയിലെ ഏറ്റവും ദുർബലരോടും ദരിദ്രരോടും അവശരോടും നാം എങ്ങനെ പെരുമാറുന്നു എന്നതാണ് യഥാർഥ നാഗരികതയുടെ അളവുകോൽ എന്നു സുവിശേഷം നമ്മെ ഓർമിപ്പിക്കുന്നു. കാരണം, ക്രൈസ്തവ വിശ്വാസത്തിൽ മനുഷ്യാന്തസ്സ് ഒരു ദാർശനിക ആശയമോ ഭരണഘടനാപരമായ അവകാശമോ മാത്രമല്ല. അത് സൃഷ്ടിയുടെയും രക്ഷയുടെയും ദൈവികരഹസ്യത്തിൽ ആഴത്തിൽ വേരൂന്നിയതാണ്. അതിനാൽ ഗർഭധാരണത്തിന്റെ ആദ്യ നിമിഷംമുതൽ സ്വാഭാവിക മരണംവരെയുള്ള ഓരോ മനുഷ്യജീവനും വിശുദ്ധവും പവിത്രവുമാണ്.

വിശുദ്ധ തോമാശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ അപ്പസ്തോലിക വിശ്വാസത്തിൽ പോഷണം പ്രാപിച്ച സീറോമലബാർസഭ, സുവിശേഷപ്രഘോഷണത്തെയും മനുഷ്യോന്നമനത്തെയും സഭയുടെ ദൗത്യത്തിന്റെ അഭേദ്യമായ രണ്ടു മാനങ്ങളായി എന്നും കണ്ടിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരോഗ്യശുശ്രൂഷാപ്രവർത്തനങ്ങൾ, ജീവകാരുണ്യസേവനങ്ങൾ, മിഷൻസംരംഭങ്ങൾ എന്നിവയെല്ലാം മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാനുള്ള സഭയുടെ അചഞ്ചലമായ പ്രതിബദ്ധതയുടെ പ്രകടനങ്ങളാണ്. കരുണയുടെ ഓരോ പ്രവൃത്തിയും ഒരു കുട്ടിക്കു വിദ്യാഭ്യാസം നൽകാനുള്ള ഓരോ ശ്രമവും രോഗികളെ ശുശ്രൂഷിക്കുന്ന ഓരോ സംരംഭവും അനുരഞ്ജനത്തിന്റെ ഓരോ പ്രവർത്തനവും ഓരോ മനുഷ്യന്റെയും അന്തസ്സിനെ പ്രഖ്യാപിക്കുന്ന ജീവന്റെ സുവിശേഷത്തിനു നല്കുന്ന സാക്ഷ്യമാണ്.

'മാനവമഹത്വം' എന്ന ചാക്രികലേഖനം നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ ആത്മപരിശോധനയ്ക്കു വിധേയമാക്കാൻ നമ്മെ ക്ഷണിക്കുന്നു. നമ്മുടെ കുടുംബങ്ങൾ പരസ്പര ബഹുമാനവും ക്ഷമയും കരുതലും വളർത്തുന്നുണ്ടോ? നമ്മുടെ ഇടവകകൾ മുൻവിധികളില്ലാതെ എല്ലാവരെയും സ്വാഗതം ചെയ്യുന്നുണ്ടോ? സ്വാർഥമോഹങ്ങളെക്കാൾ സത്യത്തിനും നീതിക്കും കരുണയ്ക്കും പ്രാധാന്യം നൽകുന്ന ഉത്തരവാദിത്വബോധമുള്ള ക്രിസ്തുശിഷ്യരായി യുവതലമുറയെ നാം വളർത്തിയെടുക്കുന്നുണ്ടോ? ഇവ വെറും അജപാലനപരമായ ചോദ്യങ്ങളല്ല; യഥാർഥ ക്രൈസ്തവശിഷ്യത്വത്തിന്റെ അനിവാര്യമായ അടയാളങ്ങളാണ്. മനുഷ്യനെ ആദരിക്കുമ്പോഴാണ് നാം ദൈവത്തെ യഥാർഥത്തിൽ മഹത്വപ്പെടുത്തുന്നത്. സ്നേഹത്തോടും സത്യത്തോടുംകൂടെ മനുഷ്യനെ സേവിക്കുന്നതിലൂടെ സഭ തന്റെ ദൗത്യം നിറവേറ്റുകയും ലോകത്തിനു ക്രിസ്തുവിന്റെ ശോഭയാർന്ന മുഖം വെളിപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ, ഓരോ വ്യക്തിക്കും ആദരവു ലഭിക്കുന്നതും ഓരോ ജീവനും സംരക്ഷിക്കപ്പെടുന്നതും ഓരോ കുടുംബവും ശക്തിപ്പെടുന്നതും ഓരോ സംസ്കാരവും ക്രിസ്തുസ്നേഹത്താൽ സമ്പന്നമാകുന്നതുമായ സമൂഹങ്ങൾ കെട്ടിപ്പടുക്കാനുള്ള നമ്മുടെ പ്രതിബദ്ധത നമുക്കു പുതുക്കാം. ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ
ഫാ. ജിഫി മേക്കാട്ടുകളം
ഫാ. ജോഷി പാണംപറമ്പിൽ
ഫാ. സനൽ മാളിയേക്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. നവ്യ ടോം DST
സി. റോസ്മിത SMC
സി. ജെസ്സി മരിയ OP
**ഡിസൈൻ & പ്രിന്റ്** : ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്** : ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

# ഓർമിക്കാനൊരു ദിനം

**ജൂലൈ 1:** മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകം (2001)
**ജൂലൈ 3:** മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ
മാർ വിജയാനന്ദ് നെടുമ്പുറത്തിന്റെ മെത്രാഭിഷേകം (1990)
**ജൂലൈ 10:** കർത്താവിന്റെ എഴുപതുശിഷ്യന്മാർ
മാർ ജെയിംസ് പഴയാറ്റിലിന്റെ ചരമം (2016)
**ജൂലൈ 11:** മാർ ചാൾസ് ലവീഞ്ഞ് മെത്രാന്റെ ചരമം (1913)
നർസിയായിലെ വിശുദ്ധ ബെനഡിക്ട്
**ജൂലൈ 12:** പന്ത്രണ്ട് ശ്ലീഹന്മാരുടെ തിരുനാൾ (നൂസർദേൽ)
**ജൂലൈ 15:** വിശുദ്ധ കുര്യാക്കോസ്
വിശുദ്ധ ജൂലിറ്റാ
**ജൂലൈ 16:** കർമ്മലമാതാവ്
**ജൂലൈ 17:** നിസിബിസിലെ മാർ യാക്കോബ്
**ജൂലൈ 22:** വിശുദ്ധ മഗ്ദലേന മറിയം
**ജൂലൈ 24:** മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി
**ജൂലൈ 25:** വിശുദ്ധ യാക്കോബ് ശ്ലീഹാ
**ജൂലൈ 26:** വിശുദ്ധ യോവാക്കിം, വിശുദ്ധ അന്നാ
കോട്ടയം രൂപതയുടെ അധ്യക്ഷനായിരുന്ന മാർ തോമസ് തറയിലിന്റെ ചരമം (1975)
**ജൂലൈ 28:** വിശുദ്ധ അൽഫോൻസ
**ജൂലൈ 29:** വിശുദ്ധ മർത്താ
**ജൂലൈ 31:** വിശുദ്ധ ഇഗ്നേഷ്യസ് ലയോള

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

**ജൂലൈ 3**


മാർ തോമസ് ഇലവനാൽ


മാർ തോമസ് ചകൃത്ത്


മാർ തോമസ് തുരുത്തിമറ്റം


മാർ തോമസ് തറയിൽ


മാർ തോമസ് പാടിയത്ത്

**ജൂലൈ 9**


മാർ അലക്സ് താരാമംഗലം

**ജൂലൈ 15**


മാർ കുര്യാക്കോസ് ഭരണികുളങ്ങര

**ജൂലൈ 25**


മാർ ജേക്കബ് മനത്തോടത്ത്


മാർ ജേക്കബ് അങ്ങാടിയത്ത്


മാർ ജേക്കബ് മുരിക്കൻ


മാർ ജെയിംസ് അത്തിക്കളം

## വഴികാട്ടികൾ

# മാർ മാറി

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം



പാർത്തിയൻ സാമ്രാജ്യത്തിലെ ആദ്യമിഷനറിയായി ഗണിക്കപ്പെടുന്ന മാർ മാറി തന്റെ ഗുരുവായ മാർ അദ്ദായിയോടൊപ്പം ഈശോയുടെ 70 ശിഷ്യന്മാരിൽ ഒരാളായിരുന്നു. ആറാം നൂറ്റാണ്ടിൽ ബാബിലോണിയായിൽ വച്ച് സുറിയാനി ഭാഷയിൽ എഴുതപ്പെട്ട മാർ മാറിയുടെ നടപടികൾ എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ മിഷൻപ്രവർത്തനങ്ങളുടെ സമഗ്രമായ വിവരണമാണ്. ഏദേസായിൽ വച്ച് മാർ അദ്ദായിയുടെ അനുഗ്രഹാശിസുകൾ സ്വീകരിച്ച് സുവിശേഷപ്രഘോഷണാർത്ഥം പൗരസ്ത്യദേശത്തേക്ക് യാത്ര ചെയ്ത മാർ മാറി ആദ്യം നിസിബിസിൽ എത്തി സുവിശേഷം പ്രഘോഷിച്ചു. അവിടെത്തെ വിജാതീയ വിഗ്രഹങ്ങൾ തകർത്ത് തൽസ്ഥാനത്ത് ദൈവാലയവും സന്യാസഭവനങ്ങളും ആരംഭിച്ച അദ്ദേഹം നിസിബിസിൽ ഒരു ദൈവശാസ്ത്ര വിദ്യാക്ഷേത്രം സ്ഥാപിച്ച് അധ്യാപകരെ നിയോഗിച്ചു (മാർ മാറിയുടെ നടപടികൾ 7). പിന്നീട് ആർസനിലും ബേത് സബ്ദായിലും ബേത് അറാബിയിലും സുവിശേഷം പ്രഘോഷിച്ച് അദ്ദേഹം എർബിൽ എത്തി. അവിടെ വച്ച് രാജാവിന്റെ കുഷ്ഠരോഗവും സൈന്യാധിപന്റെ പുത്രന്റെ അശുദ്ധാത്മാബാധയും സുഖപ്പെടുത്തിയ അദ്ദേഹം ആ രണ്ടു കുടുംബങ്ങളെയും തുടർന്ന് നാടിനെ മുഴുവനെയും ക്രൈസ്തവവിശ്വാസത്തിലേക്ക് നയിച്ചു.

തുടർന്ന് അന്ധകാരത്തിന്റെയും തിന്മയുടെയും ഇടമായി അറിയപ്പെട്ടിരുന്ന (മാറിയുടെ നടപടികൾ 12) ബേത് ഗർമായിയിൽ രാജപുത്രിയുടെ തളർവാതരോഗം സൗഖ്യപ്പെടുത്തിയ മാർ മാറി, ഗെൽ എന്ന ഗ്രാമത്തിൽ മരിച്ച കുട്ടിയെ ഉയിർപ്പിച്ചു. അദ്ഭുതങ്ങളിലൂടെ ദൈവശക്തി ദർശിച്ച ഈ പ്രദേശങ്ങളെല്ലാം ഈശോയിൽ വിശ്വസിച്ചു. തുടർന്ന് ബേത് ആർമിയിലെ സുവിശേഷപ്രഘോഷണത്തിനു ശേഷം അദ്ദേഹം സെലൂഷ്യായിൽ എത്തി. (മാറിയുടെ നടപടികൾ 19-24) തിന്നാനും കുടിക്കാനും വീഞ്ഞുകുടിച്ച് ഉന്മത്തരാകാനും മാത്രം സമയം ചിലവഴിച്ചിരുന്ന, നലം തികഞ്ഞ വിജാതീയവിശ്വാസികളായിരുന്ന സെലൂഷ്യാ നിവാസികൾക്കിടയിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ശ്രമകരമായിരുന്നു. ഒരു വേള എദേസായിൽ തന്റെ സഹോദരശിഷ്യരുടെ പക്കലേക്ക് മടങ്ങിപ്പോകാൻ പോലും അദ്ദേഹം ആലോചിച്ചിട്ടുണ്ട്. ഒടുവിൽ വിജാതീയ പുരോഹിതന്മാരുടെ പലവിധത്തിലുള്ള പരീക്ഷണങ്ങളെ അതിജീവിച്ച് അദ്ദേഹം അവിടെയും ക്രൈസ്തവവിശ്വാസത്തിലേക്ക് അനേകരെ ആകർഷിച്ചു. ഒരു വർഷക്കാലം സെലൂഷ്യായുടെ സുവിശേഷവൽക്കരണത്തിനായി മാറ്റിവച്ച അദ്ദേഹം, രാജാവ് സമ്മാനിച്ച വിജാതീയ ദൈവാലയത്തിന്റെ സ്ഥലത്ത് ഒരു ക്രൈസ്തവദൈവാലയം സ്ഥാപിച്ചാണ് അവിടെ നിന്ന് കോക്കേ, ഷഫ്ല, കഷ്ക്കർ, മൈഷാൻ എന്നിവിടങ്ങളിലേക്കും സ്റ്റെസിഫോൺ പ്രദേശത്തേക്കും സുവിശേഷദീപ്തിയുമായി എത്തിയത്.

ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടിന്റെ അവസാനത്തിലും രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി സുവിശേഷപ്രഘോഷണം നടത്തിയ അദ്ദേഹത്തിന്റെ ഭൗതികശരീരം ഡെയർകൂനി പ്രദേശത്ത് അദ്ദേഹം തന്നെ സ്ഥാപിച്ച ദൈവാലയത്തിലാണ് സംസ്കരിച്ചത്. (മാർ മാറിയുടെ നടപടികൾ 33).

സെലൂഷ്യ- സ്റ്റെസിഫോൺ സഭയുടെ സ്ഥാപകനും അതിന്റെ ആദ്യമെത്രാനുമായ അദ്ദേഹം ബാബിലോണിയായുടെ ശ്ലീഹാ എന്നാണ് പിന്നീട് അറിയപ്പെട്ടത്. കൈത്താക്കാലം രണ്ടാം വെള്ളിയാഴ്ചയാണ് പൗരസ്ത്യസുറിയാനി ആരാധനക്രമത്തിൽ മാർ മാറിയുടെ തിരുനാൾ ആഘോഷിക്കുന്നത്. ■

# സാങ്കേതിക മുന്നേറ്റങ്ങളിൽ മനുഷ്യൻ കേന്ദ്രമാകണം

## വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ





**നിർമ്മിതബുദ്ധിയുടെ സാധ്യതകൾ തീർച്ചയായും അനന്തമാണ്; കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതിയ കണ്ടുപിടിത്തങ്ങൾക്ക് വഴിയൊരുക്കുന്നതിനും സാമ്പത്തിക വികസനത്തിനും ഇത് അത്യന്തം ഉപകാരപ്രദമാണ്. എന്നാൽ അതേ സമയം തന്നെ ഇത് ഉയർത്തുന്ന കടുത്ത പ്രതിസന്ധികളും നാം ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്.**

ശാസ്ത്ര സാങ്കേതികവിദ്യയുടെ വിപ്ലവകരമായ പുരോഗതിയിലൂടെ ലോകം അതിന്റെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. മനുഷ്യന്റെ ചിന്താശേഷിയെയും സർഗ്ഗാത്മകതയെയും വെല്ലുവിളിക്കുന്ന രീതിയിൽ 'നിർമ്മിതബുദ്ധി' (Artificial Intelligence) ഇന്ന് നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. സാങ്കേതികവിദ്യയുടെ ഈ അതിപ്രസരത്തിനിടയിൽ, നിർമ്മിതബുദ്ധി തുറന്നുതരുന്ന അനന്തമായ സാധ്യതകളെക്കുറിച്ചും, അതേ സമയം തന്നെ ക്രൈസ്തവരും ആഗോളസമൂഹവും പുലർത്തേണ്ട ജാഗ്രതയെയും ആത്മീയ ഉത്തരവാദിത്തങ്ങളെയും കുറിച്ചും നാം ആഴത്തിൽ ചിന്തിക്കേണ്ടതുണ്ട്.

നിർമ്മിതബുദ്ധിയുടെ സാധ്യതകൾ തീർച്ചയായും അനന്തമാണ്; കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതിയ കണ്ടുപിടിത്തങ്ങൾക്ക് വഴിയൊരുക്കുന്നതിനും സാമ്പത്തിക വികസനത്തിനും ഇത് അത്യന്തം ഉപകാരപ്രദമാണ്. എന്നാൽ അതേസമയം തന്നെ ഇത് ഉയർത്തുന്ന കടുത്ത പ്രതിസന്ധികളും നാം ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്. ജനാധിപത്യത്തിനും സത്യത്തിനും സാമൂഹികബന്ധങ്ങൾക്കും മനുഷ്യസ്വാതന്ത്ര്യത്തിനും മനുഷ്യന്റെ സമഗ്രതയ്ക്കും വെല്ലുവിളി ഉയർത്തുവാൻ പര്യാപ്തമായ രീതിയിലാണ് ഇന്ന് നിർമ്മിതബുദ്ധി ലോകത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതുപോലെ: 'സാങ്കേതികവിദ്യയ്ക്ക് നമ്മുടെ പൊതുഭവനത്തെ സുഖപ്പെടുത്താനും ബന്ധിപ്പിക്കാനും വിദ്യാഭ്യാസം നൽകാനും സംരക്ഷിക്കാനുമുള്ള ശക്തിയുണ്ട്. എന്നാൽ അതോടൊപ്പംതന്നെ വിഭജിക്കാനും ഒഴിവാക്കാനും പുതിയ തരത്തിലുള്ള അനീതികൾ സൃഷ്ടിക്കാനും അതിന് കഴിയും'. സാങ്കേതികവിദ്യയുടെ ഉപയോഗത്തെ തള്ളിക്കളയുകയല്ല നാം ചെയ്യേണ്ടത്, മറിച്ച് വിവേകത്തോടും ജ്ഞാനത്തോടും നീതിയോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള കരുതലോടും ഭൂമിയോടുള്ള പ്രതിബദ്ധതയോടും കൂടി വേണം ഇത് ഉപയോഗിക്കാൻ എന്ന് ലെയോ മാർപാപ്പയും നമ്മെ ഓർമ്മിപ്പിക്കുന്നു .

സാങ്കേതികവിദ്യ അതിവേഗം മാറിമറിയുന്ന ഈ ആധുനിക ലോകത്ത്, ആന്തരികമായി ആഴപ്പെട്ട ഒരു മനുഷ്യനായി ജീവിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഓരോ വ്യക്തിക്കും ദൈവം നൽകിയിട്ടുള്ള ആന്തരികസ്വാതന്ത്ര്യത്തിനും ധാർമ്മികമനസ്സാക്ഷിക്കും പകരം വെയ്ക്കാൻ ഒരു യന്ത്രത്തിനും സാധിക്കില്ല. കാരണം, മനുഷ്യന്റെ അന്തസ്സ് എന്നത് യന്ത്രങ്ങൾക്ക് അനുകരിക്കാൻ കഴിയുന്ന ഒന്നല്ല. അത് ദൈവത്തിന്റെ സ്വന്തം ശ്വാസത്തിൽ നിന്നും രൂപംകൊണ്ടതാണ്. വിശുദ്ധ ഗ്രന്ഥം ഉല്പത്തി പുസ്തകത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ്: 'ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു' (ഉല്പത്തി 1:27). ദൈവത്തിന്റെ ഈ ജീവസ്സുറ്റ പ്രതിച്ഛായയാണ് ഓരോ മനുഷ്യനിലും പ്രകാശിക്കുന്നത്. ഈ ദൈവികതയ്ക്ക് പകരമായി ഭൗതികമായ ഒരു സാങ്കേതികവിദ്യയെയും പ്രതിഷ്ഠിക്കാൻ നമുക്കാവില്ല. സങ്കീർത്തകൻ മനുഷ്യന്റെ ഈ മഹിമയെ നോക്കി അത്ഭുതത്തോടെ പാടുന്നു: 'അവിടുന്ന് അവനെ ദൈവദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി; മഹിമയും ബഹുമാനവുംകൊണ്ട് അവനെ മകുടമണിയിച്ചു' (സങ്കീർത്തനങ്ങൾ 8:5). യന്ത്രങ്ങളുടെ അൽഗോരിതങ്ങൾക്കോ പ്രോഗ്രാമുകൾക്കോ മനുഷ്യന് ദൈവം നൽകിയ ഈ ആത്മീയ മഹിമയെയും അന്തസ്സിനെയും തൊട്ടറിയാൻ സാധിക്കില്ല.

സഭാപിതാക്കന്മാരും മനുഷ്യന്റെ ഈ അതുല്യമായ അന്തസ്സിനെക്കുറിച്ച് അർത്ഥശങ്കയ്ക്കിടയില്ലാത്തവണ്ണം പഠിപ്പിച്ചിട്ടുണ്ട്. വിശുദ്ധ ലെയോ മാർപാപ്പ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ്: 'ക്രിസ്ത്യാനിയേ, നിന്റെ അന്തസ്സ് തിരിച്ചറിയുക; നീ ഇപ്പോൾ ദൈവീക സ്വഭാവത്തിൽ പങ്കാളിയായിരിക്കുകയാണ്, അതിനാൽ നിന്റെ മുൻകാല പാപങ്ങളിലേക്ക് മടങ്ങിപ്പോകരുത്.' മനുഷ്യൻ വെറുമൊരു ഭൗതിക സൃഷ്ടിയല്ല, മറിച്ച് ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവീക സ്വഭാവത്തിന്റെ പങ്കാളിയാണ്. അത്രമേൽ ഉന്നതമായ മനുഷ്യന്റെ അന്തസ്സിനെ കേവലം ഡിജിറ്റൽ വിവരങ്ങളായോ ഡാറ്റയായോ മാത്രം കാണുന്ന ഒരു പ്രവണത നിർമ്മിതബുദ്ധിയുടെ കാലഘട്ടത്തിൽ ഉടലെടുക്കുന്നുണ്ട് എന്നത് നാം കാണാതിരുന്നുകൂടാ. വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ ഇപ്രകാരം വ്യക്തമാക്കുന്നു: 'മനുഷ്യാ, നീ നിന്നെത്തന്നെ വിലകുറച്ചു കാണരുത്; കാരണം പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് നിന്നെ അത്രമാത്രം വിലമതിക്കുന്നു.' ദൈവത്താൽ ഇത്രയധികം വിലമതിക്കപ്പെട്ട മനുഷ്യന്റെ സ്ഥാനത്ത് ഒരു കൃത്രിമ ബുദ്ധിയെയും പ്രതിഷ്ഠിക്കാൻ സഭയ്ക്ക് അനുവദിക്കാനാവില്ല.

അതുകൊണ്ട്, സാങ്കേതികവിദ്യയ്ക്ക് ഒരിക്കലും ഒരു മനുഷ്യഹൃദയത്തെയും അതിന്റെ സ്നേഹത്തെയും ആത്മീയതയെയും പുനഃസൃഷ്ടിക്കാൻ കഴിയില്ലെന്ന് നാം ബോധ്യപ്പെടണം. യന്ത്രങ്ങൾക്ക് മനുഷ്യനേക്കാൾ വേഗത്തിൽ വിവരങ്ങൾ വിശകലനം ചെയ്യാൻ സാധിച്ചേക്കാം. വിശുദ്ധ അന്തോണീസ് ഓർമ്മിപ്പിക്കുന്നതുപോലെ, 'ദൈവഭയവും മനുഷ്യസ്നേഹവുമാണ് യഥാർത്ഥ ജ്ഞാനം; അത് യന്ത്രങ്ങളിൽ നിന്നല്ല, ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നാണ് പുറപ്പെടുന്നത്.' യന്ത്രങ്ങൾക്ക് പ്രവർത്തിക്കാൻ പ്രോഗ്രാമുകളും മൃഗങ്ങൾക്ക് ജീവിക്കാൻ സഹജവാസനകളുമുണ്ട്; എന്നാൽ മനുഷ്യന് മാത്രമാണ് ദൈവത്തിന്റെ ശ്വാസവും, നന്മതിന്മകളെ തിരിച്ചറിയാനുള്ള ധാർമ്മിക മനസ്സാക്ഷിയും നൽകപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഒരു യന്ത്രത്തിനും മനുഷ്യഹൃദയത്തിന് പകരമാകാൻ കഴിയില്ല.

ഈ ആധുനിക ലോകത്ത് നാം സാങ്കേതികവിദ്യയെ നന്മയ്ക്കായി മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കണം. അത് മനുഷ്യനെ പാർശ്വവൽക്കരിക്കാനോ ചൂഷണം ചെയ്യാനോ ഉള്ള തിന്മയുടെ ആയുധമാകരുത്. നിർമ്മിതബുദ്ധിയുടെ കാലഘട്ടത്തിലും മനുഷ്യത്വവും, സഹാനുഭൂതിയും, ദൈവവിശ്വാസവും മുറുകെപ്പിടിച്ചുകൊണ്ട്, നമ്മുടെ ആന്തരിക സ്വാതന്ത്ര്യത്തെയും ധാർമ്മിക മനസ്സാക്ഷിയെയും കാത്തുസൂക്ഷിക്കാൻ നമുക്ക് സാധിക്കണം. വിവേകപൂർവ്വമായ ആത്മീയതയിലൂടെ സാങ്കേതികവിദ്യയുടെ യജമാനന്മാരായി ജീവിക്കാനും, സമൂഹത്തിൽ സ്നേഹത്തിന്റെയും നീതിയുടെയും പ്രകാശമായി മാറാനും ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ. ■

---

1-ാം പേജ് തുടർച്ച

ഇതിന് വിപരീതമായാണ് നെഹമിയ ജെറുസലേമിന്റെ മതിലുകൾ പണിയുന്നത്. ദൈവസന്നിധിയിൽ ഉപവസിച്ചും പ്രാർത്ഥിച്ചും, ദൈവത്തെ മുൻനിർത്തി പദ്ധതികൾ ആവിഷ്കരിച്ചപ്പോഴും അദ്ദേഹം മനുഷ്യനെയോ മനുഷ്യന്റെ ബലഹീനതകളെയോ ഒഴിവാക്കിയില്ല. കല്ലും മണ്ണും കൊണ്ട് മതിൽ പണിയുന്നതിന് മുൻപ് നെഹമിയ മനുഷ്യരെ ഒരുമിപ്പിക്കുകയും അവരെ പങ്കാളികളാക്കുകയും വഴി മനോഹരമായ മാനുഷിക ബന്ധങ്ങൾ പടുത്തുയർത്തി.

### ബാബേൽ സിൻഡ്രോമും വ്യക്തിത്വത്തിന്റെ അപചയവും

ഇന്നത്തെ കോർപ്പറേറ്റ് ലോകം നേരിടുന്നത് ഒരു 'ബാബേൽ സിൻഡ്രോം' (Babel Syndrome) ആണ്. ലാഭത്തെ മാത്രം വിഗ്രഹമാക്കുന്ന ഒരു സംസ്കാരമാണിത്. ലാഭമുണ്ടാക്കാൻ മനുഷ്യനെ ആവശ്യമില്ലെങ്കിൽ യന്ത്രങ്ങളെ ഉപയോഗിക്കുക, മനുഷ്യന്റെ വേദനകൾ തങ്ങളുടെ ബിസിനസ്സ് അല്ല എന്ന് കരുതുക എന്നിവ ഇതിന്റെ ലക്ഷണങ്ങളാണ്. ഡിജിറ്റൽ ലാംഗ്വേജ് എന്ന ഒരൊറ്റ മാധ്യമത്തിലൂടെ ലോകത്തെ മുഴുവൻ കൈപ്പിടിയിലൊതുക്കാനുള്ള വ്യഗ്രത ഇതിലുണ്ട്.

ഇവിടെ മനുഷ്യവ്യക്തി എന്ന അഗാധമായ രഹസ്യത്തെ കേവലം ഡാറ്റ ആയും പെർഫോമൻസ് ആയും മാത്രമാണ് കണക്കാക്കുന്നത്. വ്യക്തികളെ അവരുടെ ഉപയോഗക്ഷമതയുടെ അടിസ്ഥാനത്തിൽ മാത്രം അളക്കുകയും ബലഹീനരെയും വൈകല്യമുള്ളവരെയും സമൂഹത്തിന് ഭാരമായി കണ്ട് ഉപേക്ഷിക്കുകയും ചെയ്യുന്ന അവസ്ഥയാണിത്. ഗർഭച്ഛിദ്രം പോലുള്ള ധാർമ്മിക ലംഘനങ്ങൾ ഇവിടെ ഒരു പ്രശ്നമല്ലാതായി മാറുന്നു.

എ.ഐ ടൂളുകൾ ഉപയോഗിച്ച് കുട്ടികൾ മിനിറ്റുകൾക്കുള്ളിൽ അസൈൻമെന്റുകളും ഉപന്യാസങ്ങളും തയ്യാറാക്കുമ്പോൾ അവരുടെ ചിന്താശേഷിയും കഠിനാധ്വാനവും ഇല്ലാതാവുകയാണ് ചെയ്യുന്നത്. 80 വർഷമായി പരിഹരിക്കാൻ കഴിയാത്ത ഗണിതശാസ്ത്ര സമസ്യകൾ എ.ഐ നിമിഷങ്ങൾക്കുള്ളിൽ പരിഹരിക്കുമെന്നത് അതിന്റെ വേഗതയുടെ തെളിവാണെങ്കിലും, അത് മനുഷ്യന്റെ സഹജമായ കഴിവുകളെ നിഷ്പ്രഭമാക്കുന്നു.

### സാമൂഹിക നന്മയ്ക്കുള്ള ധാർമിക തത്വങ്ങൾ

ഡിജിറ്റൽ മേഖലയെയും തൊഴിൽ പ്രശ്നങ്ങളെയും നിയന്ത്രിക്കാൻ ചില പ്രധാന ധാർമ്മിക തത്വങ്ങൾ ചാക്രികലേഖനം മുന്നോട്ടുവെക്കുന്നുണ്ട്:

**പൊതുനന്മ (Common Good):** ഏത് പ്രവർത്തനത്തിന്റെയും ലക്ഷ്യം പൊതുനന്മയായിരിക്കണം; കാരണം, ഭാഗങ്ങളേക്കാൾ വലുതാണ് സമഗ്രത.

**വിഭവങ്ങളുടെ സാർവ്വത്രിക അവകാശം:** മണ്ണ്, വെള്ളം, വായു എന്നിവ പോലെ തന്നെ പുതിയ കാലത്തെ വിഭവങ്ങളായ പേറ്റന്റുകൾ, അൽഗോരിതങ്ങൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഡാറ്റ എന്നിവയും കുറച്ചു പേരുടെ മാത്രം കുത്തകയാകരുത്. ഇന്ന് ഡാറ്റയുള്ളവനാണ് ശക്തൻ, എന്നാൽ അത് എല്ലാവർക്കും അവകാശപ്പെട്ടതായിരിക്കണം.

**സബ്സിഡിയാരിറ്റി തത്വം:** എല്ലാ അധികാരങ്ങളും സ്റ്റേറ്റ് കേന്ദ്രീകരിക്കരുത്; വ്യക്തികൾക്കും സഭയ്ക്കും സംഘടനകൾക്കും ചെയ്യാവുന്ന കാര്യങ്ങൾ അവർക്ക് വിട്ടുനൽകണം.

**സോളിഡാരിറ്റി തത്വം:** എല്ലാവരും ദൈവത്തിന്റെ ഛായയിലുള്ളവരായതിനാൽ വലിയൊരു കൂട്ടായ്മയായി ഒന്നിച്ച് പ്രവർത്തിക്കണം.

**സാമൂഹിക നീതി:** എല്ലാവർക്കും മഹത്വപൂർണ്ണമായ ജീവിതം നയിക്കാനുള്ള അവകാശം ഉറപ്പാക്കണം.

### നിർമിത ബുദ്ധിയെ നിരായുധീകരിക്കലും പ്രതിസംസ്കാര രൂപീകരണവും

ലാഭവും കാര്യക്ഷമതയും മാത്രം നോക്കി തീരുമാനങ്ങൾ എടുക്കുമ്പോൾ പ്രകൃതിയും മനുഷ്യനും ചൂഷണത്തിന് ഇരയാകുന്നു. ഇന്ന് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ നിയന്ത്രണം ജനാധിപത്യ സർക്കാരുകളുടെ കയ്യിലല്ല, മറിച്ച് കോർപ്പറേറ്റ് കമ്പനികളുടെ കയ്യിലാണ്. അവരുടെ ധാർമികത ക്രൈസ്തവ ധാർമികതയോ പൊതുനന്മയോ അല്ല, കേവലം ലാഭം മാത്രമാണ്. ഇവിടെ മനുഷ്യന്റെ ബുദ്ധിയും മനസ്സാക്ഷിയും സ്വാതന്ത്ര്യവും നിർമ്മിതബുദ്ധിക്ക് കീഴടങ്ങുന്നു.

നിർമിതബുദ്ധിക്ക് ശരീരമില്ല, അനുഭവങ്ങളില്ല, സന്തോഷവും ദുഃഖവുമില്ല, ധാർമ്മിക മനസ്സാക്ഷിയുമില്ല. മനുഷ്യന് ബുദ്ധി മാത്രമല്ല, വികാരങ്ങളും ബന്ധങ്ങളും ആവശ്യമാണ്. ഗൂഗിളും എൻവിഡിയയും തമ്മിൽ നടത്തുന്ന സാങ്കേതിക മത്സരങ്ങൾ ഒരു യുദ്ധമായി മാറുമ്പോൾ, എ.ഐയെ നിരായുധീകരിക്കുക എന്ന മനോഹരമായ ആഹ്വാനമാണ് പരിശുദ്ധ പിതാവ് നൽകുന്നത്. സാങ്കേതികവിദ്യയെ മത്സരങ്ങൾക്കും വിനാശത്തിനും ഉപയോഗിക്കരുത് എന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു.

മനുഷ്യമഹത്വം എന്നത് ദൈവത്തിന്റെ ദാനം മാത്രമല്ല, അത് വളർത്തുക എന്നത് നമ്മുടെ വലിയൊരു ദൗത്യം കൂടിയാണ്. നമ്മുടെ വാക്കുകളെ നിരായുധീകരിച്ച് സമാധാനത്തിന്റെ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകണം. ഇവിടെയാണ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കടന്നുവരുന്നത്. സത്യത്തെ സ്നേഹിക്കുന്ന ഹൃദയങ്ങളെ നല്ല വിദ്യാഭ്യാസത്തിലൂടെ രൂപപ്പെടുത്തണം. ആത്മീയതയ്ക്ക് പരിശുദ്ധ പിതാവ് നൽകുന്ന പുതിയ നിർവ്വചനം ശ്രദ്ധേയമാണ്: "It is being, becoming a wise architect", അതായത് 'പൊതുനന്മയ്ക്ക് വേണ്ടി ലോകത്തെ നിർമ്മിക്കാൻ തയ്യാറവുക'.

മനുഷ്യന്റെ പരിമിതികൾ ദൈവത്തിന്റെ കരുണ നിറയാനും സ്നേഹിക്കാനുമുള്ള അവസരങ്ങളാണ്. അതിനായി ഡിജിറ്റൽ ലോകത്തിന് പുറത്ത് മനുഷ്യർ തമ്മിലുള്ള ശാരീരിക സാന്നിധ്യവും നല്ല ബന്ധങ്ങളും പുനഃസ്ഥാപിക്കപ്പെടണം. പരിശുദ്ധ ലെയോ മാർപാപ്പ സാങ്കേതികവിദ്യയെ ഒരിക്കലും പൂർണമായി തള്ളിക്കളയുകയോ അതിനെ ഒരു നിഷേധാത്മകമായ അർത്ഥത്തിൽ കാണുകയോ ചെയ്യുന്നില്ല. മറിച്ച്, ഡിജിറ്റൽ യുഗത്തിന്റെ വെല്ലുവിളികളെ നേരിട്ടുകൊണ്ട് മനുഷ്യന്റെ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്ന ഒരു പുതിയ പ്രതിസംസ്കാരം രൂപീകരിക്കാനാണ് അദ്ദേഹം ആഹ്വാനം ചെയ്യുന്നത്. കത്തോലിക്കാ സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ ഏറ്റവും കാലികമായ ഈ പതിപ്പ്, സാങ്കേതികവിദ്യയെ മനുഷ്യത്വത്തിന്റെ വളർച്ചയ്ക്കായി വിവേകപൂർവ്വം ഉപയോഗിക്കാൻ ലോകത്തെ പ്രേരിപ്പിക്കുന്ന ഒരു കൃത്യമായ മാർഗരേഖയാണ്. ■

# നിർമിതബുദ്ധിയും ധാർമിക ജാഗ്രതയും: മാഗ്നിഫിക്കാ ഹ്യുമാനിത്താസിന്റെ വെളിച്ചത്തിൽ



സജി മാത്യു കണയങ്കൽ CST

## ആമുഖം


ലെയോ പതിനാലാമൻ മാർപാപ്പയുടെ പ്രഥമചാക്രിക ലേഖനം 'മഹത്തായ മാനവികത' (Magnifica Humanitas) നിർമിതബുദ്ധിയുടെ പെരുക്കകാലത്ത് മാനവികത നേരിടുന്ന പ്രതിസന്ധികളെ അഭിസംബോധന ചെയ്യുന്ന പ്രബോധനമാണ്. സാങ്കേതികവിദ്യയുടെ വളർച്ചയുടെ ഫലമായുള്ള വ്യത്യസ്ത പ്രതിസന്ധികളെ വ്യക്തമാക്കുന്നതോടൊപ്പം മനുഷ്യവ്യക്തിയുടെ സവിശേഷ മത്വം പ്രഘോഷിക്കുന്ന പഠനവുമാണിത്. നിർമ്മിതബുദ്ധി ഉയർത്തുന്ന പ്രതിസന്ധികൾ കേവലം ധാർമികമോ സാങ്കേതികമോ മാത്രമല്ല അടിസ്ഥാനപരമായി ദൈവശാസ്ത്രപരവും നരവംശശാസ്ത്രപരവുമാണെന്ന് വ്യക്തമാക്കുന്ന ഈ പ്രബോധനം മുന്നോട്ടു വയ്ക്കുന്ന ധാർമികജാഗ്രതയാണ് ഈ ലേഖനത്തിലെ പ്രതിപാദ്യവിഷയം.

## നിർമിതബുദ്ധി പരിഹാരമോ?

ഇന്നത്തെ ലോകം അഭിമുഖീകരിക്കുന്ന എല്ലാവിധ പ്രശ്നങ്ങളുടെയും പരിഹാരമായി ചിലരെങ്കിലും നിർമിതബുദ്ധിയെ നിർദ്ദേശിക്കാറുണ്ട്. വിദ്യാഭ്യാസ മെഡിക്കൽ മേഖലകളിൽ മാത്രമല്ല, സ്നേഹരാഹിത്യം, ഒറ്റപ്പെടൽ, വിരസത തുടങ്ങി മനുഷ്യർ നേരിടുന്ന പല സാമൂഹികപ്രശ്നങ്ങൾക്കും പരിഹാരമായി നിർമ്മിതബുദ്ധിയുടെ സഹായം തേടുന്നവരും കുറവല്ല. ഈ പശ്ചാത്തലത്തിലാണ് നിർമ്മിതബുദ്ധി ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന ഈ പ്രബോധനത്തിന്റെ പ്രസക്തി.

ഒരർഥത്തിൽ നിർമിതബുദ്ധിയുടെ സാധ്യതകൾ അനന്തമാണ്. കാര്യക്ഷമത വർദ്ധിപ്പിക്കാനും പുതിയ കണ്ടുപിടിത്തങ്ങൾക്ക് വഴിയൊരുക്കാനും സാമ്പത്തികവികസനത്തിനും ഇത് ഉപകാരപ്രദമാണ്. അതേസമയം തന്നെ ഇത് ഉയർത്തുന്ന പ്രതിസന്ധികളും പരിഗണിക്കേണ്ടതുണ്ട്. ജനാധിപത്യത്തിനും സത്യത്തിനും സാമൂഹികബന്ധങ്ങൾക്കും മനുഷ്യസ്വാതന്ത്ര്യത്തിനും സമഗ്രതയ്ക്കും വെല്ലുവിളി ഉയർത്തുവാൻ പര്യാപ്തമായ രീതിയിൽ ഇന്ന് നിർമ്മിതബുദ്ധി ലോകത്തെ സ്വാധീനിച്ചിട്ടുണ്ട്. മാർപാപ്പ എഴുതുന്നു; 'സാങ്കേതികവിദ്യയ്ക്ക് നമ്മുടെ പൊതുഭവനത്തെ സുഖപ്പെടുത്താനും ബന്ധിപ്പിക്കാനും വിദ്യാഭ്യാസം നൽകാനും സംരക്ഷിക്കാനുള്ള ശക്തിയുണ്ട്. എന്നാൽ വിഭജിക്കാനും ഒഴിവാക്കാനും പുതിയ തരത്തിലുള്ള അനീതികൾ സൃഷ്ടിക്കാനും അതിന് കഴിയും'.

സാങ്കേതികവിദ്യയുടെ ഉപയോഗം തള്ളിക്കളയുകയല്ല, മറിച്ച് വിവേകത്തോടും ജ്ഞാനത്തോടും നീതിയോടും പാർശ്വവൽക്കരിക്കപ്പെട്ടരോടുള്ള കരുതലോടും ഭൂമിയോടുള്ള പ്രതിബദ്ധതയോടും കൂടി ഇത് ഉപയോഗിക്കണമെന്ന് മനുഷ്യരാശിയെ ലെയോ മാർപാപ്പ ഓർമിപ്പിക്കുന്നു. സാങ്കേതികവിദ്യ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് ആന്തരികമായി അടിയുറച്ച ഒരു മനുഷ്യനായി ജീവിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഓരോ വ്യക്തിക്കും ദൈവം നൽകിയിട്ടുള്ള ആന്തരികസ്വാതന്ത്ര്യത്തിനും ധാർമ്മിക മനസാക്ഷിക്കും പകരമാകാൻ ഒരു യന്ത്രത്തിനും കഴിയില്ല എന്നതാണ് അദ്ദേഹത്തിന്റെ അഭിപ്രായം.




**ഒരർഥത്തിൽ നിർമിതബുദ്ധിയുടെ സാധ്യതകൾ അനന്തമാണ്. കാര്യക്ഷമത വർദ്ധിപ്പിക്കാനും പുതിയ കണ്ടുപിടിത്തങ്ങൾക്ക് വഴിയൊരുക്കാനും സാമ്പത്തികവികസനത്തിനും ഇത് ഉപകാരപ്രദമാണ്. അതേസമയം തന്നെ ഇത് ഉയർത്തുന്ന പ്രതിസന്ധികളും പരിഗണിക്കേണ്ടതുണ്ട്. ജനാധിപത്യത്തിനും സത്യത്തിനും സാമൂഹികബന്ധങ്ങൾക്കും മനുഷ്യസ്വാതന്ത്ര്യത്തിനും സമഗ്രതയ്ക്കും വെല്ലുവിളി ഉയർത്തുവാൻ പര്യാപ്തമായ രീതിയിൽ ഇന്ന് നിർമിതബുദ്ധി ലോകത്തെ സ്വാധീനിച്ചിട്ടുണ്ട്.**

## ധാർമിക വെല്ലുവിളികൾ

നിർമിതബുദ്ധി ഉപയോഗിക്കുന്നത് ശരിയാണോ എന്ന ചോദ്യത്തിനുള്ള ഉത്തരമായി ഈ ചാക്രികലേഖനത്തെ പരിഗണിക്കാവുന്നതാണ്. മാർപാപ്പയുടെ വീക്ഷണത്തിൽ സാങ്കേതികവിദ്യ അതിൽ തന്നെ നന്മയോ തിന്മയോ അല്ല. ഇത് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആധാരമാക്കിയാണ് ഇതിന്റെ നന്മതിന്മകൾ നിർണയിക്കേണ്ടത്. നിർമിതബുദ്ധിയുടെ ഉപയോഗം കേവലം സാങ്കേതികം മാത്രമല്ല, മാനവികതയുടെ വളർച്ചയ്ക്കും പൊതുനന്മയ്ക്കും ഇത് കാരണമാകുമോ എന്നതായിരിക്കണം നിർണ്ണായക ചോദ്യം. മനുഷ്യജീവിതത്തിന്റെ ധാർമികവും ആത്മീയവും പരസ്പരബന്ധിതവുമായ മാനങ്ങളെ തിരസ്കരിക്കുന്ന നിർമിതബുദ്ധി അപകടകരമാണ്. മനുഷ്യജീവിതത്തെയും മനുഷ്യാവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും അവരുടെ അവകാശങ്ങളെയും അവർക്ക് ലഭിക്കുന്ന അവസരങ്ങളെയും മനുഷ്യാവസ്ഥയെ തന്നെയും ഇത് ബാധിക്കുമെങ്കിൽ ഇതിന്റെ ധാർമികവശം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

മനുഷ്യജീവിതത്തെ ബാധിക്കുന്ന പല അവസ്ഥകളെയും ഈ ചാക്രികലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. തൊഴിലിന്റെ സുരക്ഷിതത്വവും അസമത്വവും, വിവരാവകാശങ്ങളുടെ ദുരുപയോഗവും സ്വകാര്യതയുടെ ലംഘനവും, സാങ്കേതികവിദ്യയിൽ തന്നെയുള്ള പ്രത്യയശാസ്ത്രപരമായ മുൻവിധികൾ, സ്വയം നിർണ്ണായവകാശമുള്ള ആയുധ നിർമ്മാണം, സാങ്കേതികവിദ്യയാൽ ഗുണമേന്മവർദ്ധിപ്പിക്കുന്ന മനുഷ്യാന്തര ദർശന എന്നിവ ഇവയിൽ മുഖ്യമാണ്. മനുഷ്യത്വത്തിനും മാനവികതയുടെ സരക്ഷണത്തിനും എത്രമാത്രം ഗുണകരമാണ് എന്നതായിരിക്കണം നിർമ്മിതബുദ്ധിയുടെ ഉപയോഗത്തിൽ നാം ഉന്നയിക്കേണ്ട പ്രധാന ചോദ്യം.

## രണ്ടു പ്രതീകങ്ങൾ: രണ്ട് സമീപനരീതികൾ

നിർമിതബുദ്ധിയുടെ ഉപയോഗത്തിൽ നമുക്ക് കൃത്യമായ മാർഗനിർദേശം നൽകാൻ ഈ പ്രബോധനത്തിൽ പരിശുദ്ധ പിതാവ് ഉപയോഗിക്കുന്ന രണ്ട് പ്രതീകങ്ങളാണ് ബാബേൽ നിർമ്മാണവും (ഉല്പ 11:19) ജെറുസലേമിന്റെ പുനർനിർമ്മിതിയും (നെഹ 17). ഈ പ്രതീകങ്ങൾ രണ്ടു മനോഭാവങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. അധികാരത്തിന്റെയും അധികാരത്തോടുള്ള ആർത്തിയുടെയും അതിരുകടന്ന ആത്മവിശ്വാസത്തിന്റെയും സാങ്കേതികസംസ്കാരത്തിന്റെ പ്രതീകമാണ് ബാബേൽ ഗോപുരം. തങ്ങളുടെ സ്വന്തം കഴിവുകളിൽ മാത്രം ആശ്രയിച്ച് ഗോപുരം കെട്ടിപ്പടുത്തവർക്ക് ഒരേ ഭാഷയും ഒരേ സാങ്കേതിവിദ്യവും ഒരേ ലക്ഷ്യവും ഉണ്ടായിരുന്നു. പക്ഷേ അവർ ദൈവത്തെ ഒഴിവാക്കുകയും വൈവിധ്യങ്ങളെ ഇല്ലാതാക്കി ഏകീകൃത രൂപത്തിലേക്ക് ഇതിനെ ആവിഷ്കരിക്കുകയും ചെയ്തു.

ജറുസലെം പുനർനിർമാണത്തിന് നെഹമിയ നൽകിയ നേതൃത്വം ഉത്തരവാദിത്തപൂർണ്ണമായ സാങ്കേതികവിദ്യയുടെ ഉപയോഗത്തിന് നല്ല മാതൃകയാണ്. സ്വേച്ഛാധിപതിയായ ഒരു ഭരണാധികാരിയായല്ല, എല്ലാവരെയും കേൾക്കുകയും ഉത്തരവാദിത്തങ്ങൾ പങ്കുവെക്കുകയും കൂട്ടായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നല്ല ഒരു നേതാവായാണ് നെഹമിയ പ്രവർത്തിച്ചത്. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു നേതൃത്വശൈലി അദ്ദേഹം സ്വീകരിച്ചു. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പരസ്പരമുള്ള സഹകരണത്തിന്റെയും ദൈവാശ്രയത്വത്തിന്റെയും മാതൃകയാണ് ജറുസലേമിന്റെ പുനർനിർമ്മിതി. ഇതുപോലെ സംവാദം, പങ്കാളിത്തം, ഉത്തരവാദിത്തം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം സാങ്കേതികവിദ്യ നാം ഉപയോഗിക്കേണ്ടത്. മുകളിൽ നിന്നും അടിച്ചേൽപ്പിക്കുന്നതിന് പകരം അപരരെ മാനിച്ചുകൊണ്ടും പരസ്പരമുള്ള പങ്കാളിത്തത്തിലൂടെയുമാണ് സാങ്കേതികവിദ്യ വികസിപ്പിക്കേണ്ടത് എന്ന് ലെയോ മാർപാപ്പ സമർത്ഥിക്കുന്നു.

## ഡിജിറ്റൽ യുഗത്തിലെ വിവേചന ബുദ്ധി

സാങ്കേതികവിദ്യയുടെ ഉപയോഗത്തിന് നാം സ്വീകരിക്കേണ്ട ധാർമിക തത്വത്തിന്റെ മാനദണ്ഡമായി ലെയോ മാർപാപ്പ നൽകിയിരിക്കുന്നത് വിവേചനം എന്ന പുണ്യമാണ്. നിർമിതബുദ്ധി വിലയേറിയ ഒരു ഉപകരണമാണെങ്കിലും ധാർമികമായി അത് നിക്ഷ്പക്ഷമല്ല. അത് രൂപകൽപ്പന ചെയ്യുന്നവർക്കും, അതിനായി പണം മുടക്കുന്നവർക്കും, നിയന്ത്രിക്കുന്നവർക്കും ഉപയോഗിക്കുന്നവർക്കും അവരുടേതായ ഉദ്ദേശങ്ങൾ ഉണ്ടാകും. അവയുടെ സവിശേഷതകളെയും ലക്ഷ്യത്തെയും മനസ്സിലാക്കുക നിർമ്മിതബുദ്ധിയുടെ ധാർമികമായ ഉപയോഗത്തിന് അനിവാര്യമാണ്. സാങ്കേതികമായി മികച്ചതാകുമ്പോഴും മനുഷ്യർക്കുള്ളതുപോലെ അനുഭവങ്ങളോ വൈകാരിക ബന്ധങ്ങളോ ഇല്ലാത്തതുകൊണ്ടുതന്നെ നിർമ്മിതബുദ്ധിയുടെ ഉത്തരങ്ങളും ഇടപെടലുകളും ഉള്ളിൽനിന്ന് വരുന്നതല്ല. അവയ്ക്ക് ധാർമികമനസ്സാക്ഷിയും ഇല്ല; അതുകൊണ്ടുതന്നെ സാഹചര്യങ്ങളുടെ അർത്ഥം മനസ്സിലാക്കാനോ നന്മയും തിന്മയും വിവേചിച്ചറിയാനോ അവയ്ക്ക് കഴിയില്ല. നിർമിതബുദ്ധിയെ അമിതമായി ആശ്രയിക്കുന്നത് സർഗാത്മകതയും വിമർശനചിന്തയും ധാർമികവിധിനിർണയവും ദുർബലപ്പെടുത്തുമെന്ന് പാപ്പ വ്യക്തമാക്കുന്നു. ഡിജിറ്റൽ വിവേചനത്തിനായി അദ്ദേഹം നൽകുന്ന മാർഗനിർദ്ദേശങ്ങളും വിലപ്പെട്ടതാണ്. നാം ഉപയോഗിക്കുന്ന നിർമിതബുദ്ധി സത്യത്തോട് പ്രതിബദ്ധതയുള്ളതാണോ? ഇതിന്റെ പഠനങ്ങൾ ആധികാരികമാണോ? ഇതിന്റെ ഉപയോഗം മറ്റുള്ളവരെ സഹായിക്കാൻ ലക്ഷ്യമായിട്ടുള്ളതോ മനുഷ്യബന്ധങ്ങൾ വളർത്തുന്നതോ ആണോ? ഈ ഉപകരണം നീതിയും സമാധാനവും ഉറപ്പുവരുത്തുന്നതാണോ? ആത്യന്തികമായി ഇത് മനുഷ്യവംശത്തെ നന്മയിലേക്ക് നയിക്കുന്നതാണോ? തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരവും ആത്മപരിശോധനയും നിർമിതബുദ്ധിയെ കാര്യക്ഷമമായും ഗുണപരമായും ഉപയോഗിക്കാൻ നമ്മെ പ്രാപ്തമാക്കും. വിവേകവും കർശനമായ വിലയിരുത്തലും, ആവശ്യമാണെങ്കിൽ സാവകാശമുള്ള സമീപനവും കൂടുതൽ ഉത്തരവാദിത്തത്തോടും മനുഷ്യകുടുംബത്തോടുള്ള പ്രതിബദ്ധതയോടും കൂടെ നിർമിതബുദ്ധി ഉപയോഗിക്കാൻ നമ്മെ പരിശീലിപ്പിക്കും.

## അധികാരത്തിന്റെ ഗർവ്വും സ്നേഹത്തിന്റെ നാഗരികതയും

ലെയോ പതിനാലാമൻ മാർപാപ്പ സ്നേഹസംസ്കാരത്തിന്റെ മാതൃക അവതരിപ്പിച്ചുകൊണ്ടാണ് ഈ ചാക്രികലേഖനം ഉപസംഹരിക്കുന്നത്. ബാബേൽ ഗോപുരനിർമ്മിതിയിൽ നിറഞ്ഞുനിന്നിരുന്ന അഹങ്കാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും മനോഭാവം ഇന്ന് പല രീതിയിലും ലോകത്തിൽ വ്യാപിച്ചിട്ടുണ്ട്. അഹങ്കാരത്തിന്റെ ഈ ഭാഷ്യത്തിന്റെ പരിണിതഫലമാണ് കാലിക ലോകത്തിലെ സംഘർഷങ്ങൾ. ഇതിന് പ്രതിവിധിയായി അദ്ദേഹം നിർദ്ദേശിക്കുന്നത് സ്നേഹത്തിന്റെ സംസ്കാരമുള്ള ഒരു നാഗരികതയെ വളർത്തിയെടുക്കുകയെന്നതാണ്. നീതിയും പൊതുനന്മയും ലക്ഷ്യമാക്കുന്ന ഒരു സാമ്പത്തിക ദർശനവും രാഷ്ട്രീയ സംസ്കാരവുമാണ് ഇതുകൊണ്ട് ലക്ഷ്യമാകുന്നത്. പാരസ്പര്യത്തിലൂന്നിയ സഹവർത്തിത്തവും സാഹോദര്യവുമാണ് ഇതിന്റെ ആണിക്കല്ലുകൾ. അപരരെ മനസ്സിലാക്കിയും മാനവികതയുടെ പൊതുനന്മ ലക്ഷ്യമാക്കിയും മനുഷ്യപരിമിതിയെ അംഗീകരിച്ചുകൊണ്ടുമുള്ള ഈ ദർശനം കലാപത്താലും അഹങ്കാരത്താലും കലുഷിതമായ ലോകത്തിന് പ്രതീക്ഷയുടെ പുതിയ തുരുത്തുകൾ സമ്മാനിക്കുന്നു. ■

# ഇടയലേഖനം

# ദുക്റാനതിരുനാൾ – സഭാദിനം 2026

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കുംവൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുനാൾ ഒരിക്കൽകൂടി നമ്മൾ ആഘോഷിക്കുകയാണ്. 'നമുക്കും അവനോടൊപ്പം പോയി മരിക്കാം' (യോഹ. 11:16) എന്നു പറഞ്ഞുകൊണ്ട് ഭയചകിതരായിരുന്ന മറ്റ് അപ്പസ്തോലന്മാരെ ധൈര്യപ്പെടുത്തിയ തോമാശ്ലീഹാ സുവിശേഷസന്ദേശം ഭാരതജനതയ്ക്കു നല്കുന്നതിനായി ഇവിടെവരികയും എ.ഡി 72-ൽ ചെന്നൈക്ക് അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഏറ്റവും വലിയ തെളിവുകളിലൊന്നാണ് മാർതോമാപാരമ്പര്യത്തിൽ ജീവിക്കുന്ന ഭാരതത്തിലെ സഭാസമൂഹങ്ങൾ. സീറോമലബാർസഭയെ സംബന്ധിച്ചു ജൂലൈ മൂന്നാം തീയതി ആത്മീയസ്വത്വത്തിന്റെ ദിവസമാണ്. അതുകൊണ്ടുതന്നെയാണ് ദുക്റാനതിരുന്നാൾ സീറോമലബാർ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നത്.

ഉത്ഥിതനായ ഈശോ തങ്ങൾക്കു പ്രത്യക്ഷനായി എന്നു മറ്റ് അപ്പസ്തോലന്മാർ പറഞ്ഞതു വിശ്വസിക്കാതെ തനിക്കും ഗുരുവിനെ കാണണം എന്നു ശ്ലീഹ വാശിപിടിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തോമാശ്ലീഹായുടെ ഈ സംശയം നിഷേധാത്മകമായ സമീപനമല്ല. ആദ്യം സംശയിച്ച തോമസ് പിന്നീടു വിശ്വാസത്തിന്റെ ധീരസാക്ഷിയായി മാറുന്നു. സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും അന്വേഷണത്തിൽനിന്നു സാക്ഷ്യത്തിലേക്കും ശിഷ്യത്വത്തിൽനിന്നു രക്തസാക്ഷിത്വത്തിലേക്കും തോമാശ്ലീഹാ നടത്തിയ യാത്രയാണ് ഓരോ ക്രൈസ്തവന്റെയും ആത്മീയയാത്ര. അതുകൊണ്ടാണ് 'തോമായുടെ അവിശ്വാസം മറ്റുള്ള ശിഷ്യരുടെ വിശ്വാസത്തെക്കാൾ നമ്മുടെ വിശ്വാസത്തിനു കൂടുതൽ ഉപകാരപ്രദമായി' (Homilie in Evangelica, 26,7) എന്നു മഹാനായ വി. ഗ്രിഗറി മാർപാപ്പ പറഞ്ഞത്.

ഇന്നത്തെ തലമുറ സംശയങ്ങളുടെയും ആശയക്കുഴപ്പങ്ങളുടെയും നടുവിലാണ് ജീവിക്കുന്നത്. നിർമിതബുദ്ധിയുടെയും വിവരവിപ്ലവത്തിന്റെയും ഈ കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ മാർപാപ്പ, 'മാനവമഹത്വം' (Magnifica Humanitas) എന്ന പേരിൽ സാർവത്രികസഭക്കു നല്കിയ ആദ്യത്തെ ചാക്രികലേഖനം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യ മനുഷ്യനു വേണ്ടിയാണെന്നും അതിനാൽത്തന്നെ മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത് എന്നതുമാണ് ഈ ചാക്രികലേഖനത്തിന്റെ അടിസ്ഥാനദർശനം. പരിശുദ്ധപിതാവ് ഇപ്രകാരം പറയുന്നു: 'മനുഷ്യന്റെ അന്തസ് അവന്റെ കഴിവുകളെയോ സമ്പത്തിനെയോ സാമൂഹികസ്ഥാനത്തെയോ ആശ്രയിച്ചല്ല; അതു ദൈവത്തിന്റെ സ്നേഹത്തിൽ നിന്നുള്ള ദാനമാണ്' (മാനവമഹത്വം, 50). മനുഷ്യന്റെ അന്തസും മഹത്വവും സംരക്ഷിച്ചുകൊണ്ട് നീതിയുടെയും സാഹോദര്യത്തിന്റെയും ലോകം പണിയുക എന്നത് ഓരോ തലമുറയുടെയും ദൗത്യമാണെന്നും ചാക്രികലേഖനം വ്യക്തമാക്കുന്നു.

ഇന്നത്തെ മാധ്യമ-ഡിജിറ്റൽ സംസ്കാരത്തിൽ, മനുഷ്യഹൃദയങ്ങളിൽ ധ്രുവീകരണവും വിരോധവും വർധിപ്പിക്കുന്നതിനാൽ സത്യത്തെ അന്വേഷിക്കുകയും വിവേകപൂർണമായ കൂട്ടായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത് ക്രൈസ്തവരുടെ അടിയന്തിര ഉത്തരവാദിത്വമാണെന്നു മാർപാപ്പ ഓർമിപ്പിക്കുന്നു. അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചു സത്യത്തെ മൂടിവയ്ക്കുന്ന ഈ കാലഘട്ടത്തിൽ, മാർ തോമാശ്ലീഹായെപ്പോലെ സത്യാന്വേഷികളാകാൻ നമുക്കും സാധിക്കണം. സോഷ്യൽമീഡിയ വിവിധ ജീവിതമേഖലകളിൽ സഹായകരമാണെന്നതിൽ തർക്കമില്ല. എന്നാൽ, വ്യാജവാർത്തകളും വിദ്വേഷപ്രചരണങ്ങളും അപവാദങ്ങളും ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഇടംകൂടിയാണിത് എന്നതു യാഥാർഥ്യമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതും നിഷ്കളങ്കരെ ഉപദ്രവിക്കുന്നതും അസത്യം പ്രചരിപ്പിക്കുന്നതുമായ സോഷ്യൽമീഡിയ പോസ്റ്റുകൾ ഉണ്ടാക്കുകയും അവ വിവേചനമില്ലാതെ ഫോർവേഡുചെയ്യുകയും ചെയ്യുമ്പോൾ, 'കൊല്ലരുത്' എന്ന അഞ്ചാം പ്രമാണമാണ് ലംഘിക്കുന്നത്. അറിയില്ലാത്ത കാര്യം അന്വേഷിക്കാനും നന്മയല്ലാത്തവ പ്രോത്സാഹിപ്പിക്കാതിരിക്കാനും തിന്മയെ എതിർത്തുതോല്പിക്കാനും ആവശ്യമായ വിവേചനാശക്തിയും ജാഗ്രതയും ഇന്നു നമുക്കാവശ്യമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പ്രായമായ മാതാപിതാക്കൾ പലപ്പോഴും മക്കളുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. കുടുംബങ്ങളിലും സമൂഹത്തിന്റെ വിവിധതലങ്ങളിലും ബന്ധങ്ങൾക്കു വിള്ളൽ വീഴുമ്പോൾ മുറിവേല്ക്കപ്പെടുന്നത് നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തു നില്ക്കുന്നവരാണ്. വളർന്നുവരുന്ന കുട്ടികളുടെയിടയിൽ വർധിച്ചുവരുന്ന അക്രമം ആശങ്കകളുയർത്തുന്നു. ലഹരിയുടെ ഉപയോഗവും അതുവഴിയുള്ള അക്രമങ്ങളും സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കുന്നു. ഇവിടെയെല്ലാം മനുഷ്യന്റെ മഹത്വം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുതുപോലെ മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽ ഗോപുരങ്ങൾ തകർത്തുകളഞ്ഞു നീതിയും സമാധാനവും നിലനില്ക്കുന്ന ദൈവമനുഷ്യനഗരത്തിന്റെ നിർമിതിക്കായി ഓരോരുത്തരും അവരവരുടെ പ്രവർത്തനമേഖലകളിൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു (മാനവമഹത്വം, 1).

വിശ്വാസത്തിന്റെ ആദ്യപാഠശാല കുടുംബമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും നമ്മുടെ ധന്യമായ പാരമ്പര്യങ്ങളിൽപെട്ടവയാണ്. എല്ലാവരും അവരവരുടെ തിരക്കുകളിലും ജോലികളിലും വ്യാപൃതരാകുമ്പോൾ കുടുംബത്തിന്റെ പൊതുവായ ആത്മീയത കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ചവരുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു സാങ്കേതികവിദ്യയുടെ ഉപയോഗത്തോടൊപ്പം മാനുഷികമൂല്യങ്ങളും കൈമാറണം. ഡിജിറ്റൽ അടിമത്തത്തിന്റെ അപകടത്തെക്കുറിച്ചു ലെയോ മാർപാപ്പ തന്റെ ചാക്രികലേഖനത്തിൽ പ്രത്യകം പരാമർശിക്കുന്നുണ്ട്. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, കുടുംബാംഗങ്ങൾ തമ്മിലുള്ള സംസാരം കുറയുന്നത്, കുട്ടികളിൽ വർധിച്ചുവരു സ്ക്രീൻ ആശ്രയത്വം, പ്രാർഥനക്കുള്ള സമയക്കുറവ് ഇതെല്ലാം ഇന്നു നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയുടെ ആത്മീയവും ഭൗതീകവുമായ രൂപീകരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതും നിർണായകവുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ കുടുംബങ്ങളിൽ 'ഡിജിറ്റൽ ഉപവാസം' (digital fasting) ആചരിക്കാനും ഭക്ഷണസമയങ്ങളിൽ ഫോൺ ഒഴിവാക്കാനും ദിവസവും കുടുംബപ്രാർഥനക്കു സമയം കണ്ടെത്താനും എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂട്ടായ്മ സഭയുടെ സ്വഭാവമാണ്. അതിനാൽത്തന്നെ സഭാംഗങ്ങളെല്ലാവരും കൂട്ടായ്മ യിൽ വ്യാപരിക്കുകയും കൂട്ടായ്മ വളർത്തുകയും ചെയ്യുന്നവരാകണം. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ വിഭാഗീയചിന്താഗതി സഭാചൈതന്യത്തിനു നിരക്കുന്നതല്ല. സഭയെന്നാൽ നാമെല്ലാവരും ഉൾപ്പെടുന്ന വലിയ കൂട്ടായ്മയാണ്. അതിനാൽത്തന്നെ സഭാസംവിധാനങ്ങളോടു ചേർന്നു പ്രവർത്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. വി. സിപ്രിയന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: 'സഭയെ അമ്മയായി കാണാൻ കഴിയാത്തവർക്കു ദൈവത്തെ പിതാവായി കാണാനും കഴിയില്ല'.

2026 നമ്മുടെ സഭയിൽ സമുദായശക്തീകരണവർഷമായി ആചരിക്കുകയാണല്ലോ. ഈ വർഷാചരണത്തിനുവേണ്ടി സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിഭാവനം ചെയ്തതും സിനഡ് അംഗീകരിച്ചതുമായ കർമപരിപാടികൾ സഭയുടെ വിവിധതലങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു വിശ്വാസി സമൂഹമെനിലയിൽ നമ്മുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുമ്പോഴും മറ്റുള്ളവരെ ബഹുമാനിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും സാധ്യമായ ഇടങ്ങളിലെല്ലാം കൈകോർത്തുപിടിക്കാനും സഭാംഗങ്ങൾ ശ്രദ്ധകാണിക്കണം. സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടി, നീതിപൂർവകമായ ഒരു ലോകനിർമ്മിതിക്കുവേണ്ടി എല്ലാവരുമായും സംവദിക്കാനും സഹകരിക്കാനും സഭയെന്നും തത്പരയാണ്. ആരെയും മാറ്റിനിറുത്താതെ, വ്യത്യാസങ്ങളെ ഭയപ്പെടാതെ, സ്നേഹത്തോടെയും സത്യത്തോടെയും മറ്റുള്ളവരുമായി സംവദിക്കുന്ന സഭയായി നമ്മൾ മുന്നോട്ടുപോകണം.

നമ്മുടെ പിതാവിന്റെ ധീരമായ മാതൃക പിന്തുടർന്ന് ഈശോയുടെ സുവിശേഷം നിർഭയം പ്രഘോഷിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഭാമക്കൾ സുവിശേഷത്തിന്റെ ശുശ്രൂഷകരായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സേവനംചെയ്യുന്നു എന്നതോർത്തു ദൈവത്തിനു നന്ദിപറയാം. നമ്മുടെ സഭ ഈ അടുത്ത കാലങ്ങളിൽ സുവിശേഷപ്രഘോഷണമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ഈയവസരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. വൈദികരോടും സമർപ്പിതരോടുമൊപ്പം ധാരാളം അല്മായ പ്രേഷിതരും സുവിശേഷപ്രഘോഷണത്തിൽ വ്യാപൃതരാണ് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയിലെ അല്മായരുടെ സുവിശേഷപ്രഘോഷണസംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനു സഭാതലത്തിൽ 'ജീവൻ ജ്യോതി' എന്ന മുന്നേറ്റം ആരംഭിച്ച കാര്യവും ഈയവസരത്തിൽ സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കു സാധിക്കുന്ന വിധത്തിലെല്ലാം എല്ലാ പ്രേഷിതസംരംഭങ്ങളെയും സഹായിക്കുകയും അവയുടെ ഫലപ്രാപ്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം.

ഹൊസൂർ സീറോമലബാർ രൂപതയുടെ നേതൃത്വത്തിൽ മൈലാപൂരിൽ മാർത്തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിന്റെ സമീപം നമുക്കു സ്വന്തമായി ഒരു തീർഥാടനകേന്ദ്രം തയ്യാറായിക്കൊണ്ടിരിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഇതിനു നേതൃത്വംനല്കിയ അഭിവന്ദ്യ മാർ സെബാസ്റ്റിയൻ പൊഴോലിപറമ്പിൽ പിതാവിനെയും രൂപതമുഴുവനെയും അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ഇതുവരെ നിർലോഭമായ സഹായം ഹൊസൂർ രൂപതയ്ക്ക് നല്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ കബറിടത്തിനടുത്തു നമുക്കൊരു ആരാധനാ സ്ഥലം ഉണ്ടാവുക എന്ന വലിയ സ്വപ്നം പൂർത്തീകരിക്കാൻ നമ്മുടെ എല്ലാ ഇടവകകളും സാധിക്കുന്ന വിധത്തിൽ സഹകരിക്കണമെന്നും ഞാൻ സ്നേഹപൂർവം ഈ അവസരത്തിൽ അഭ്യർഥിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, തോമാശ്ലീഹായിലൂടെ നമുക്കു പകർന്നുകിട്ടിയ ഈശോയിലുള്ള വിശ്വാസത്തിനു ജീവിതം കൊണ്ട് സാക്ഷ്യംനല്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിക്കണം. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും ശാരീരികമായി രക്തംചിന്തി കർത്താവിനു സാക്ഷ്യംനല്കാൻ വിളിക്കപ്പെടുന്നില്ല. എന്നാൽ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും മറ്റെല്ലാ ജീവിതസാഹചര്യങ്ങളിലും സത്യത്തിന്റെയും നീതിയുടെയും വിശ്വാസത്തിന്റെയും ക്ഷമയുടെയും എളിമപ്പെടലിന്റെയും ദൈനംദിന രക്തസാക്ഷിത്വം ഈ കാലഘട്ടം നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. ബാബേൽ ഗോപുരങ്ങൾ പണിയുന്നവരാകാതെ ദൈവവും മനുഷ്യനും ഒരുമിച്ചു വസിക്കുന്ന നഗരങ്ങൾ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും നിർമിക്കുന്ന കർത്താവിന്റെ ശില്പികളായി നമുക്കു മാറാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർതോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ! ■

# ദൈവകാരുണ്യത്തിന്റെ കഥ പറയുന്ന അഗതികളുടെ സഹോദരിമാർ

**പാവങ്ങളെ ശുശ്രൂഷിക്കുന്ന ഒരു പുതിയ സന്യാസസമൂഹം ആരംഭിക്കാനുള്ള അദമ്യമായ ആഗ്രഹത്തോടെ നൂറു വർഷങ്ങൾക്ക് മുൻപ് ആലുവ, ചുണങ്ങംവേലിയിലെ മൊട്ടക്കുന്നിൽ, കുറുക്കൻമാർ ഓലിയിട്ടിരുന്ന കുഗ്രാമത്തിൽ വർഗീസ് പയ്യപ്പിള്ളി അച്ചൻ നട്ട വിത്ത് പൊട്ടിമുളച്ച്, വളർന്ന് പന്തലിച്ചതാണ് ഇന്ന് തിരുസഭയിൽ ഫലം ചൂടി നില്ക്കുന്ന എസ്ഡി സന്യാസിനിസമൂഹം അഥവാ അഗതികളുടെ സഹോദരിമാരുടെ സന്യാസിനിസമൂഹം.**



എറണാകുളം അതിരൂപതാ മെത്രാപ്പോലീത്ത മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിന്റെ പൈതൃകാശീർവാദത്തോടെ ആലുവ സെന്റ് മേരീസ് സ്കൂൾ മാനേജർ ആയിരുന്ന വർഗീസ് പയ്യപ്പിള്ളി അച്ചൻ 1926 ഫെബ്രുവരി രണ്ടിനാണ് എസ്ഡി സന്യാസിനിസമൂഹത്തിന് തുടക്കം കുറിച്ചത്. സി. ജോസഫീന, സി.സിസിലി, സി.ജൽത്രൂദ്, സി.കൊച്ചുത്രേസ്യ എന്നിവരുടെ തീക്ഷ്ണമായ ആഗ്രഹത്തിന്റെയും അന്വേഷണത്തിന്റെയും പൂർത്തീകരണം കൂടിയായിരുന്നു ഈ സമൂഹം. കഠിനാധ്വാനം ചെയ്തും ഭിക്ഷതെണ്ടിയും ധർമ്മം ചോദിച്ചുമായിരുന്നു അഗതികളുടെ സഹോദരിമാരുടെ തുടക്കകാല ജീവിതം. പാവങ്ങളെ ശുശ്രൂഷിക്കുക എന്നതുമാത്രമായിരുന്നു അവരുടെ ലക്ഷ്യം. 1927 മാർച്ച് 19 ന് എറണാകുളം അതിരൂപതയിൽ ചുണങ്ങംവേലിയിൽ ഔദ്യോഗികമായി ഈ സന്യാസിനിസമൂഹം സ്ഥാപിതമായി. പിന്നീട് സന്യാസസമൂഹത്തിന്റെ നാമം 'അഗതികളുടെ സഹോദരിമാരുടെ സന്യാസസമൂഹം' എന്നായി മാറുകയായിരുന്നു.' മറിച്ചൊന്നും നിങ്ങൾ അപേക്ഷിക്കേണ്ട, ദൈവഹിതം മാത്രം നിറവേറ്റപ്പെടാൻ പ്രാർഥിച്ചാൽ മതി' എന്നു മാത്രമായിരുന്നു പയ്യപ്പിള്ളി അച്ചൻ 1929 ഒക്ടോബർ അഞ്ചിന് ഈ ലോകത്തോട് വിട പറയും നേരം ആദ്യസമൂഹാംഗങ്ങളോട് ചാവരുളായി പറഞ്ഞിരുന്നത്. എസ്ഡി ശതാബ്ദി ആഘോഷിക്കുമ്പോൾ പയ്യപ്പള്ളി അച്ചൻ ധന്യപദവിയിൽ എത്തി എന്നത് ദൈവം ഈ സമൂഹത്തോട് കാണിച്ച കാരുണ്യത്തിന്റെ മറ്റൊരു കഥയാണ്. സ്ഥാപകപിതാവിന്റെ വിയോഗത്തിന് 15 ദിവസങ്ങൾക്ക് ശേഷം മോൺ. ജോർജ് വല്യാറമ്പത്ത്, എസ്ഡി ഡയറക്ടറും ആത്മീയപാലകനുമായി 41 വർഷക്കാലം ഈ സന്യാസസമൂഹത്തിന് നേതൃത്വം നല്കി.

1958-ൽ ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചതോടെ എസ്ഡിയുടെ ശുശ്രൂഷകൾ കൂടുതൽ വിപുലമായി. വിദേശ മിഷനുകളിലേക്ക് കൂടി കാരുണ്യപ്രവൃത്തികൾ വ്യാപിപ്പിച്ചുകൊണ്ട് ആഗോള സുവിശേഷവൽക്കരണത്തിന്റെ ഭാഗമാകാൻ എസ്ഡിക്ക് കഴിഞ്ഞു. 1964-ൽ അഭിവന്ദ്യ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ പ്രത്യേക ഇടപെടലിലൂടെ ജർമനിയിൽ സേവനം ആരംഭിക്കാൻ സാധിച്ചു. 1970-കളിൽ ഇറ്റലി, സ്വിറ്റ്സർലൻഡ് എന്നിവിടങ്ങളിലേക്കും സന്യാസസമൂഹം വ്യാപിച്ചു. 1985-ൽ മൂന്നു പ്രൊവിൻസുകളായി വിഭജിക്കപ്പെട്ടു. സെന്റ് മേരിസ് - എറണാകുളം, സെന്റ് വിൻസെന്റ് - കോതമംഗലം, സെന്റ് ജോസഫ് - ചങ്ങനാശ്ശേരി. 1989 ൽ സന്യാസസമൂഹം പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. 1993-ൽ മഡഗാസ്കറിൽ ഭവനം ആരംഭിച്ചതോടെ എസ്ഡി ആഫ്രിക്കൻ ഭൂഖണ്ഡത്തിലുമെത്തിച്ചേർന്നു.

2000-ത്തിൽ സന്ന്യാസസമൂഹത്തിന് മൂന്നു മിഷൻ പ്രൊവിൻസുകൾ കൂടിയുണ്ടായി. ശാന്തിധാം - ഗാസിയാബാദ്, പുഷ്പാധാം - ഡൽഹി, കൃപാധാം - വാർദ്ധ. തുടർന്ന് തമിഴ്നാട് കേന്ദ്രമാക്കി റീജനും. 2000-ത്തിൽ അമേരിക്കയിലേക്കും പിന്നീട് പെറു, നേപ്പാൾ, കെനിയ, ടാൻസാനിയ, ഉഗാണ്ട, റുവാണ്ട എന്നീ രാജ്യങ്ങളിലേക്കും എസ് ഡി കടന്നുചെന്നു. ആഫ്രിക്കൻ രാജ്യങ്ങളിൽ വിവിധ ഇടങ്ങളിൽ നിന്ന് എസ്ഡിക്ക് സിസ്റ്റേഴ്സും അർത്ഥിനികളും ഉണ്ട്. അഞ്ചു ഭൂഖണ്ഡങ്ങളിലും 13 രാജ്യങ്ങളിലുമായി 1423 സഹോദരിമാരും 211 അർത്ഥിനികളും കരുണയുടെ ശുശ്രൂഷ നിർവഹിക്കുന്നു. സാമൂഹികപ്രേഷിതത്വം, ആതുരശുശ്രൂഷ, അധ്യാപനശുശ്രൂഷ, അജപാലനശുശ്രൂഷ എന്നിവയിലൂടെ കാരുണ്യത്തിന്റെ അമ്മയും സ്നേഹിതയും സഹോദരിയുമായി 238 ഭവനങ്ങളിൽ നിന്നായി സിസ്റ്റേഴ്സ് സുവിശേഷം പ്രഘോഷിക്കുന്നു.

ശതാബ്ദിയോട് അനുബന്ധിച്ച് കഴിഞ്ഞ 10 വർഷങ്ങൾ പ്രത്യേകമായ ഒരുക്കത്തിലായിരുന്നു സന്ന്യാസമൂഹം. ആത്മീയമായ ഒരുക്കങ്ങളും ശുശ്രൂഷകളും ഉണ്ടായിരുന്നു. അതുപോലെ അംഗങ്ങളുടെ ശാരീരികവും മാനസികവും ആത്മീയവുമായ സമഗ്രത ലക്ഷ്യം വച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കാനും സാധിച്ചു. അടിയന്തിര സാഹചര്യങ്ങളോടും ആവശ്യങ്ങളോടും ശക്തമായി പ്രത്യുത്തരിക്കാൻ സുസജ്ജമായ സംവിധാനം ഇന്ന് എസ്ഡിക്കുണ്ട്. ഉദാഹരണത്തിന് മുനമ്പം, ചൂരൽമല, മണിപ്പൂർ എന്നിവിടങ്ങളിൽ ഉണ്ടായ അടിയന്തരസാഹചര്യങ്ങളിൽ സഹോദരിമാർ പോകുകയും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. സ്വന്തമായ ഭവനം എന്ന സ്വപ്നം കാണാൻ കഴിയാത്തവർക്ക് എസ്ഡി രണ്ട് ജില്ലകളിലായി ഡ്രീം ഹൗസിങ്ങ് പ്രൊജക്റ്റ് ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ ഡ്രീം - ഗാന്ധിനഗർ കോളനിയിൽ 70 വീടുകൾ ഉണ്ട്. വയനാട് ഡ്രീം പ്രൊജക്റ്റിലൂടെ സ്വന്തം ഭവനമില്ലാത്തവർക്കായി പൂർണമായും ഭാഗികമായും സഹായിച്ച് 500 ഓളം ഭവനങ്ങൾ പണിതു. മഡഗാസ്കറിലും ഭാരതത്തിന്റെ വിവിധ ഇടങ്ങളിലുമായി 170 ഹോംമിഷനിലൂടെ 40000 കുടുംബങ്ങളിൽ കടന്നുചെന്നു. ഈയൊരു വർഷം അനേകം സമുദ്ധാരണ പദ്ധതികൾ അഗതികൾക്ക് വേണ്ടി ഒരുക്കാൻ സാധിച്ചു.

രോഗിശുശ്രൂഷ വിശുദ്ധി നേടാനുള്ള ഉപാധിയാക്കിയ ദൈവദാസി സി. ഡോ. ഫിദേലിസ് തളിയത്ത് വിശുദ്ധരുടെ പേരെഴുതപ്പെട്ട ഗണത്തിലേക്കുള്ള യാത്രയിലായിരിക്കുന്നതും ശതാബ്ദി നിറവിലെ ദൈവകാരുണ്യത്തിന്റെ മറ്റൊരു കഥയാണ്. ■

---

**മെന്റൽ ഹെൽത്ത് കോർണർ**

# ആൾക്കഹോൾ ഡിപെന്റൻസ് : ലക്ഷണങ്ങളും ശാസ്ത്രീയ വശങ്ങളും

**റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ**
കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്

എപ്പോഴാണ് ഒരാൾ മദ്യത്തിനടിമയാണെന്ന് പറയുന്നത്? താഴെപ്പറയുന്ന ലക്ഷണങ്ങളിൽ കുറഞ്ഞത് മൂന്നെണ്ണമെങ്കിലും കാണിക്കുന്നുണ്ടെങ്കിൽ ഒരാൾ മദ്യത്തിനടിമയാണെന്ന് നിസ്സംശയം പറയാം. മദ്യപിക്കാനുള്ള അതിയായ ആഗ്രഹം, സ്വന്തം നിലയ്ക്ക് മദ്യപാനം നിർത്താനോ അളവ് കുറയ്ക്കാനോ കഴിയാത്ത അവസ്ഥ, മദ്യം കിട്ടാത്തപ്പോൾ ശാരീരികവും മാനസികവുമായ അസ്വസ്ഥതകൾ പ്രകടിപ്പിക്കുക, മുൻപ് കിട്ടിയിരുന്ന ലഹരി കിട്ടാൻ കൂടുതൽ കൂടുതൽ മദ്യം കഴിക്കേണ്ടിവരുന്ന അവസ്ഥയിലേക്ക് പോകുക, ജീവിതത്തിൽ സന്തോഷം നൽകുന്ന മറ്റു കാര്യങ്ങളിലൊന്നും ശ്രദ്ധിക്കാതെ മദ്യപാനത്തിൽ മാത്രം ആനന്ദം കണ്ടെത്തൽ, മദ്യപാനം കൊണ്ടുള്ള ദോഷഫലങ്ങൾ കണ്ടുതുടങ്ങിയാലും മദ്യപാനം നിറുത്താൻ സാധിക്കാത്ത അവസ്ഥ വരുന്നത്.

## മദ്യപാനം നിർത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ

എത്ര കാലം മദ്യം കഴിച്ചു, മദ്യം കഴിക്കാറുള്ള അളവ്, ആളുടെ പ്രത്യേകതകൾ എന്നിവയനുസരിച്ച് ഇവ വ്യത്യാസപ്പെട്ടിരിക്കും. വലിയ അളവിൽ സ്ഥിരമായി മദ്യപിക്കുന്നവർക്ക് പെട്ടെന്ന് അളവ് കുറച്ചാലും പ്രശ്നങ്ങൾ വരാം. വിറയൽ, ഓക്കാനം, ഛർദി, ക്ഷീണം, തലവേദന, ദേഷ്യം, ഉറക്കക്കുറവ് എന്നിവയാണ് പെട്ടെന്നുണ്ടാകുന്ന പ്രശ്നങ്ങളിൽ ആദ്യം വരുന്ന ലക്ഷണങ്ങൾ. ഉറക്കക്കുറവ് മാസങ്ങളോളം തുടർന്നു എന്നു വരാം.

## മിഥ്യാഭ്രമങ്ങൾ

ഏകദേശം 25% ആളുകളിൽ മദ്യം നിർത്തുമ്പോൾ മിഥ്യാഭ്രമങ്ങൾ കാണുന്നു. മദ്യം നിർത്തി സാധാരണ 48 മണിക്കൂറിനുള്ളിലാണ് ഇത് തുടങ്ങുന്നത്. അശരീരിശബ്ദങ്ങളാണ് രോഗി അനുഭവിക്കുക. പലപ്പോഴും പേടിപ്പെടുത്തുന്നതോ കുറ്റപ്പെടുത്തുന്നതോ ആയിരിക്കും ഈ ശബ്ദങ്ങൾ. അപസ്മാര ലക്ഷണങ്ങൾ പോലെ, മദ്യം നിർത്തി ആറു മണിക്കൂറിനും 48 മണിക്കൂറിനും ഇടയിൽ സംഭവിക്കുന്നു.പല പ്രാവശ്യമായി ആവർത്തിച്ചുവരാം.

## ഡെലിറിയം ട്രെമൻസ്

മദ്യം നിർത്തുമ്പോഴുണ്ടാകുന്ന ഗുരുതരമായ ഈ അവസ്ഥയിൽ രോഗിക്ക് സ്ഥലകാലവിഭ്രാന്തി,വിറയൽ എന്നിവയുണ്ടാകാം. കൂടാതെ അമിതമായ വിയർപ്പ്, ഓക്കാനം, ഛർദി, വിഭ്രമജനകമായ മായക്കാഴ്ചകൾ, ശബ്ദങ്ങൾ തുടങ്ങിയവ അനുഭവപ്പെടാം. പിച്ചുപേയും പറയുന്നതും സാധാരണമാണ്.



വൈദ്യപരിചരണത്തിലല്ലാതെ, അമിത മദ്യപാനം നിർത്തുന്നവരിൽ പത്തുശതമാനം പേരിൽ ഈ അവസ്ഥ കാണുന്നു. തീവ്രമായ ലക്ഷണങ്ങൾ മൂന്നു ദിവസത്തിനുള്ളിൽ പ്രത്യക്ഷപ്പെട്ട് ഒരാഴ്ചയിൽത്തന്നെ കുറയാം. എന്നാൽ അഞ്ചു ശതമാനം ആളുകളിൽ മരണം സംഭവിക്കാം. അതുകൊണ്ട് അടിയന്തിരചികിത്സ ആവശ്യമുള്ള അവസ്ഥയാണിത്. പല മാനസികരോഗങ്ങളും മദ്യപിക്കുന്നവരിൽ മറ്റുള്ളവരെക്കാൾ കൂടുതലായി കാണുന്നു. വിഷാദരോഗം മദ്യപരിൽ വളരെ സാധാരണമാണ്. മദ്യം നിർത്തുമ്പോൾ താത്ക്കാലികമായും വിഷാദലക്ഷണങ്ങൾ കണ്ടേക്കാം. മദ്യപന്മാരിൽ ആത്മഹത്യാനിരക്ക് 15% ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത് മദ്യപിക്കാത്തവരുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ്. ഉത്കണ്ഠാരോഗങ്ങൾ 30% മദ്യപരിൽ കാണുന്നുണ്ട്. അമിത മദ്യപാനം ചെയ്യുന്നവരിൽ പൊതുവേ കൂടുതൽ പുകവലിക്കുന്നതും മറ്റു മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതിനുള്ള സാധ്യതയും കൂടുതലാണ്. ■

# കൈക്കാരന്മാർ: യോഗ്യതകളും ചുമതലകളും

CANON LAW

റവ. ഡോ. മാത്യു ശൗര്യാംകുഴി

സഭാനിയമപ്രകാരം ഇടവകയുടെ വസ്തുവകകളും വരുമാനങ്ങളും സൂക്ഷിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും ഇടവകയുടെ പരിപാടികളും കാര്യങ്ങളും നിർവഹിക്കുന്നതിലും ഇടവക വികാരിയെ സഹായിക്കാനും, അജപാലന ശുശ്രൂഷ ചെയ്യുന്നതിൽ ഇടവക വികാരിയോട് സഹകരിച്ച് പ്രവർത്തിക്കാനും വേണ്ടി പ്രത്യേക മാംവിധം നിയോഗിക്കപ്പെട്ടിരിക്കുന്ന ഇടവകാംഗങ്ങളാണ് കൈക്കാരന്മാർ. രൂപതാനിയമാവലിക്കനുസരിച്ച്, പൊതുയോഗമോ പ്രതിനിധിയോഗമോ ആണ് കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നത്. ഈ തിരഞ്ഞെടുപ്പ് രൂപതാധ്യക്ഷൻ അംഗീകരിച്ച ശേഷം ക്രമപ്രകാരം സത്യപ്രതിജ്ഞ ചെയ്തു കഴിയുമ്പോഴാണ് ഒരാൾക്ക് കൈക്കാരനായി ഔദ്യോഗിക ചുമതലകൾ ഏറ്റെടുക്കാനായി സാധിക്കുന്നത്. മദ്ബഹായുടെ കവാടത്തിങ്കൽ വച്ച് ഇടവകവികാരിയിൽനിന്നു താക്കോൽ സ്വീകരിച്ചുകൊണ്ട് കൈക്കാരൻ ചുമതല ഏൽക്കുകയും, ഔദ്യോഗികകാലാവധി തീരുമ്പോൾ കണക്കുകൾ തീർത്തു കഴിഞ്ഞ്, അതുപോലെതന്നെ മദ്ബഹായുടെ കവാടത്തിങ്കൽ വച്ച് താക്കോലുകളും കണക്കുപുസ്തകങ്ങളും ഇടവകവികാരിയെ തിരിച്ചേല്പിച്ച് ചുമതല ഒഴിയുകയും ചെയ്യുന്നു. സവിശേഷസാഹചര്യങ്ങളിൽ രൂപതാധ്യക്ഷന് നേരിട്ട് ഒരു ഇടവകയിലേക്ക് കൈക്കാരനെ നിയമിക്കാനും അധികാരമുണ്ട്.

ഒരു ഇടവകയിൽ എത്ര കൈക്കാരന്മാരാണ് സേവനമനുഷ്ഠിക്കേണ്ടത് എന്ന് തീരുമാനിക്കുന്നത് പൊതുയോഗമാണ്. ഇടവകയുടെ വലുപ്പമനുസരിച്ച് കൈക്കാരന്മാരുടെ എണ്ണം രണ്ടിൽ കുറയാത്തവിധം പൊതുയോഗം നിശ്ചയിക്കണം. കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നത് ഒരു വർഷത്തേക്കാണ്. അടുത്തവർഷത്തേക്കുകൂടി അവരെ വീണ്ടും തിരഞ്ഞെടുക്കാം. എന്നാൽ, രൂപതാധ്യക്ഷന്റെ പ്രത്യേകം അനുവാദം കൂടാതെ തുടർച്ചയായി മൂന്നുപ്രാവശ്യം അവരെ തെരഞ്ഞെടുക്കുവാൻ പാടില്ല.

കൈക്കാരന്മാർ അവരുടെ എണ്ണത്തിനനുസൃതമായി വർഷത്തെ തുല്യഘട്ടങ്ങളായി ഭാഗിക്കുകയും ഓരോരുത്തരും പ്രായമോ സൗകര്യമോ അനുസരിച്ച് ഓരോ ഘട്ടത്തിലും ഉദ്യോഗത്തിന്റെ പ്രധാനചുമതല സ്വീകരിക്കുകയും ചെയ്യാം. ഇപ്രകാരം ഓരോ ഘട്ടത്തിലും പ്രധാന ചുമതല വഹിക്കുന്ന കൈക്കാരനെ നടത്തുകൈക്കാരൻ എന്നും മറ്റു കൈക്കാരന്മാരെ കൂട്ടുകൈക്കാരന്മാർ എന്നും വിളിക്കുന്നു.

കൈക്കാരന്മാർ ഇരുപത്തിയൊന്നു വയസ്സിൽ കുറയാത്തവരും വിശ്വസ്തരും സത്യസന്ധരും കാര്യക്ഷമതയുള്ളവരും സേവനമനോഭാവമുള്ളവരും പള്ളിക്കുടിശികയൊന്നുമില്ലാത്തവരും രൂപതാ നിയമാവലിയിൽ വ്യക്തമാക്കിയിട്ടുള്ള മറ്റു യോഗ്യതകളുള്ളവരുമായിരിക്കണം. സഭയുടെ വിശ്വാസത്തെയും പ്രബോധനങ്ങളെയും പരസ്യമായി എതിർക്കുന്നവർ, പള്ളിക്കുറ്റത്തിൽ ജീവിക്കുന്നവർ, പരസ്യപാപികൾ, സന്മാർഗഭ്രംശപരമായ കുറ്റങ്ങളിൽ ശിക്ഷിക്കപ്പെട്ടവരും എന്നാൽ പിന്നീട് ജീവിത നവീകരണം പ്രാപിച്ചിട്ടില്ലാത്തവരുമായ വ്യക്തികൾ, വാർഷിക പെസഹാചുമതലകളിൽ വീഴ്ച വരുത്തിയവർ, സ്ഥിരബുദ്ധിയില്ലാത്തവർ, മനപ്പൂർവ്വം സഭാനിയമങ്ങൾ ലംഘിക്കുന്നവർ, പരസ്യമദ്യപാനികൾ, ലഹരിക്ക് അടിമകൾ ആയിട്ടുള്ളവർ എന്നിങ്ങനെയുള്ളവർക്ക് കൈക്കാരന്മാർ ആകാൻ സാധിക്കുകയില്ല. അതുപോലെ തന്നെ അക്കൗണ്ടന്റിനെയോ ദൈവാലയശുശ്രൂഷിയെയോ, തിരഞ്ഞെടുക്കുവാൻ പാടില്ലെന്നു രൂപതാനിയമാവലി വ്യക്തമായി പറഞ്ഞിട്ടുള്ളവരെയോ കൈക്കാരന്മാരായി തിരഞ്ഞെടുക്കാൻ പാടില്ല.

കൈക്കാരന്മാർ പ്രതിഫലമോ അലവൻസോ സ്വീകരിക്കാൻ പാടില്ല. എന്നിരുന്നാലും, അവരുടെ സാന്നിദ്ധ്യം ഏറെ സമയത്തേക്കു വേണ്ടിവരുന്ന ദിവസങ്ങളിൽ, അപ്രകാരം ഏർപ്പെടുന്ന കാലം മുഴുവനും, ഇടവകയുടെ ഫണ്ടിൽനിന്ന് അവരുടെ അനുദിന ചെലവുകൾ നടത്താൻ അവർക്ക് അർഹതയുണ്ട്. ഇക്കാര്യത്തിനു ബജറ്റിൽ തുക വകയിരുത്താവുന്നതാണ്.

കൈക്കാരൻ കുടുംബനാഥൻ അല്ലെങ്കിൽ പോലും പൊതുയോഗാംഗമാണ്. അതുപോലെ തന്നെ പ്രതിനിധിയോഗത്തിലെ എക്സ് ഒഫീഷ്യോ അംഗവുമാണ്.

അടിയന്തരസന്ദർഭങ്ങളിൽ കൈക്കാരന്മാരുടെ രാജി സ്വീകരിക്കാൻ രൂപതാധ്യക്ഷന് അവകാശമുണ്ട്. അതുപോലെതന്നെ ഒരു കൈക്കാരനെ കടമയെ സംബന്ധിച്ച അശ്രദ്ധ, സത്യസന്ധതയില്ലായ്മ, കഴിവില്ലായ്മ, സാമ്പത്തിക ദുർന്നടത്ത, സന്മാർഗ്ഗഭ്രംശം ഉൾക്കൊള്ളുന്ന കുറ്റങ്ങൾ എന്നീ കാരണങ്ങളാൽ കൈക്കാരനെ മാറ്റാനുള്ള അവകാശവും രൂപതാധ്യക്ഷനുണ്ട്. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ തന്റെ ഭാഗം വിശദീകരിക്കാനുള്ള അവസരം ആരോപണവിധേയനായ കൈക്കാരന് നല്കിയിരിക്കണം. സാധാരണ സാഹചര്യങ്ങളിൽ കൈക്കാരന്മാർക്കെതിരെ പരാതികൾ ഉയർന്നാൽ രൂപതക്കച്ചേരിയിലോ രൂപതയിലെ ഭരണനിർവാഹകക്കോടതിയിലോ സമർപ്പിച്ച് കാനോനികനടപടിക്രമങ്ങൾ ചെയ്യാവുന്നതാണ്.

കൈക്കാരന് സ്വതന്ത്രമായി സഭയുടെ പേരിൽ തീരുമാനങ്ങളെടുക്കുകയോ സ്വത്തുക്കൾ വിൽക്കുകയോ കരാറുകളിൽ ഏർപ്പെടുകയോ ചെയ്യാൻ അധികാരമില്ല. ഇടവകയുടെ നിയമപരമായ ഭരണാധികാരി വികാരിയാണ്. അദ്ദേഹത്തിന്റെ ചുമതലകളിൽ സഹായിക്കുകയും സഹകരിക്കുകയും ചെയ്യേണ്ടയാളാണ് കൈക്കാരൻ. പൊതുയോഗത്തിന്റെയുംപ്രതിനിധിയോഗത്തിന്റെയും താല്പര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് സഭാനിയമങ്ങൾക്കും സിവിൽ നിയമങ്ങൾക്കും അധിഷ്ഠിതമായി വികാരിയച്ചനോട് ചേർന്ന് കൈക്കാരന്മാർ പ്രവർത്തിക്കേണ്ടതാണ്.


പള്ളി സ്വത്തുക്കളുടെയും കെട്ടിടങ്ങളുടെയും പരിപാലനം, സഭാനിയമങ്ങൾക്കും രാഷ്ട്രനിയമങ്ങൾക്കും അനുസരിച്ച് ഇടവകയുടെ വരവ്ചെലവുകൾക്കും സാമ്പത്തിക ഇടപാടുകൾക്കും മേൽനോട്ടം വഹിക്കൽ, ഇടവകയിലെ വിവിധ പ്രവർത്തനങ്ങളിൽ വികാരിയെ സഹായിക്കൽ, ഇടവകയോഗം അല്ലെങ്കിൽ പള്ളിയോഗത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ സഹകരിക്കൽ, തിരുനാൾ, ആഘോഷങ്ങൾ, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയവയുടെ നടത്തിപ്പിൽ നേതൃത്വം നൽകൽ, കൃഷിപ്പണികളുടെ മേൽനോട്ടം എന്നിവ കൈക്കാരന്മാരുടെ ചുമതലകളാണ്. ഇടവകയിലെ സ്ഥാവരജംഗമ വസ്തുക്കളുടെ മുറിച്ചാർത്ത് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആധാരങ്ങൾ, ധാരണപത്രങ്ങൾ, സിവിൽ നിയമപരമായ വിവിധ രേഖകൾ തുടങ്ങിയവ യഥാവിധി സൂക്ഷിക്കേണ്ടതും കൈക്കാരന്മാരുടെ ഉത്തരവാദിത്തമാണ്.

സാമ്പത്തിക ഇടപാടുകളുടെ കണക്കുകളും അതിനോട് അനുബന്ധിച്ചുള്ള ബില്ലുകൾ, വൗച്ചറുകൾ, രസീതുകൾ തുടങ്ങിയവയും വികാരിയച്ചനും കൈക്കാരന്മാരും കൃത്യമായി സൂക്ഷിക്കേണ്ടതും കൃത്യതയോടെ കണക്കുകൾ എഴുതേണ്ടതുമാണ്. വികാരിയച്ചൻ ആവശ്യപ്പെടുമ്പോൾ കണക്കുകൾ ഹാജരാക്കാനുള്ള ഉത്തരവാദിത്വം കൈക്കാരന്മാർക്കുണ്ട്. ഇടവകയുടെ നാൾവഴി (ജേർണൽ), പേരേട് (ലെഡ്ജർ) ആണ്ടുതെരട്ട് എന്നിവയും രൂപതാനിയമാവലി അനുശാസിക്കുന്നെങ്കിൽ മാസത്തെരട്ട്, കുറുംതെരട്ട്, അർദ്ധവാർഷികത്തെരട്ട് എന്നിവയും എഴുതി സൂക്ഷിക്കണം. ഇടവകയ്ക്ക് നഷ്ടം വരത്തക്ക വിധം കണക്കിൽ പൊരുത്തക്കേടോ പണക്കുറവോ കണ്ടെത്തിയാൽ നഷ്ടത്തിന്റെ ഉത്തരവാദിയിൽ നിന്നും (ഇടവക വികാരി / കൈക്കാരൻ) അത് ഈടാക്കേണ്ടതാണ്. ഭണ്ഡാരവും നേർച്ചപ്പെട്ടിയും തുറന്ന് തുക എണ്ണിത്തിട്ടപ്പെടുത്തി രേഖ സൂക്ഷിക്കേണ്ടത് നടത്തുകൈക്കാരനാണ്. എന്നാൽ തുറക്കുമ്പോൾ ഇടവക വികാരിയുടെയോ കൂട്ടുകൈക്കാരന്റെയോ അല്ലെങ്കിൽ ഇടവക വികാരി ചുമതലപ്പെടുത്തുന്ന വ്യക്തിയുടെയോ സാന്നിധ്യമുണ്ടായിരിക്കേണ്ടതും രേഖയിൽ ടിയാൾകൂടി ഒപ്പ് വയ്ക്കേണ്ടതുമാണ്.

രൂപതാധ്യക്ഷന്റെ അനുവാദത്തോടെ ഇടവകവികാരി നിയമിക്കുകയാണെങ്കിൽ കോടതികളിലും ട്രൈബ്യൂണലുകളിലും നിയമപരമോ തത്തുല്യസ്വഭാവമുള്ളതോ ആയ സവിശേഷകേസുകളിൽ ഇടവകയുടെയോ അതിന്റെ സ്ഥാപനങ്ങളുടേയോ പ്രതിനിധിയായി കൈക്കാരന്മാർക്ക് ഹാജരാകാവുന്നതാണ്.

ഇടവകവികാരി സ്ഥലം മാറ്റപ്പെടുമ്പോൾ, രൂപതയുടെ പ്രത്യേക നിയമാവലിക്കു വിധേയമായി, കണക്കുപുസ്തകങ്ങൾ, പാസുബുക്കുകൾ എന്നിവയും മറ്റു പ്രമാണരേഖകളും നീക്കിയിരിപ്പുപണവും ജംഗമവസ്തുക്കളുടെ ലിസ്റ്റും നടത്തുകൈക്കാരൻ കൈപ്പറ്റുകയും പുതിയ ഇടവകവികാരി ചുമതലയേറ്റാലുടൻ അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ, ഒരു അസിസ്റ്റന്റ് ഇടവകവികാരിയുണ്ടെങ്കിൽ ഭരണപരമായ ഉത്തരവാദിത്വം മുഴുവനും അസിസ്റ്റന്റ് ഇടവക വികാരിയെയാണ് ഏല്പിക്കേണ്ടത്. ■

# തെരുവുബാലൻ അൾത്താരയിലേക്ക്




വിനായക് നിർമ്മൽ



മക്കൾക്ക് തീരെ ചെറിയൊരു അസുഖം വന്നാൽ പോലും മനസ് പിടയുന്നവരാണ് അപ്പന്മാർ. പക്ഷേ ഡാർവിൻ റാമോസിന്റെ അപ്പൻ വ്യത്യസ്തനായിരുന്നു. ആറാം വയസിൽ മകനുണ്ടായ ജനിതകവൈകല്യം തനിക്ക് പണസമ്പാദനത്തിനുള്ള മാർഗമായി അയാൾ കരുതുകയും മകനെ ഭിക്ഷയാചിക്കാനായി തെരുവുകളിൽ കൊണ്ടുപോയി ഇരുത്തുകയും ചെയ്തു. പാവം ഡാർവിൻ. അവന് അത് തികഞ്ഞ അപമാനമായിരുന്നു. പക്ഷേ അമ്മയെയും കൂടപ്പിറപ്പുകളെയും പോറ്റാൻ അതല്ലാതെ മറ്റൊരു മാർഗമില്ലെന്ന് അവനറിയാമായിരുന്നു. എന്നാൽ അവന്റെ സങ്കടം അതല്ലായിരുന്നു. ഭിക്ഷയാചിച്ചുകിട്ടുന്ന പണത്തിന്റെ ഭൂരിഭാഗവും അപ്പൻ മദ്യപാനത്തിനായി എടുത്തുകൊണ്ടുപോകുന്നതായിരുന്നു.

1994 ഡിസംബർ 17–ന് ഫിലിപ്പൈൻസിലെ പാസായ് നഗരത്തിലെ ഒരു ചേരിപ്രദേശത്തായിരുന്നു ഡാർവിന്റെ ജനനം. മദ്യപാനിയായ അപ്പന്റെയും അലക്കുകാരിയായ അമ്മയുടെയും ഒമ്പതുമക്കളിൽ രണ്ടാമത്തെവൻ. അപ്പൻ കുടിച്ചു കൂത്താടി നടന്നപ്പോൾ മക്കളുടെ പട്ടിണി മാറ്റിയത് അമ്മയായിരുന്നു. കുടുംബത്തിലെ അംഗസംഖ്യയുടെ വർദ്ധനവ് നന്നേ ചെറുപ്പത്തിലേ ഡാർവിനെയും ഉത്തരവാദിത്തബോധമുള്ളവനാക്കി. അങ്ങനെയാണ് അവനും സഹോദരിയും ചേർന്ന് നഗരത്തിലെ മാലിന്യക്കൂമ്പാരങ്ങളിൽ നിന്ന് പ്ലാസ്റ്റിക് ശേഖരിക്കാൻ ആരംഭിച്ചതും കുടുംബത്തിന് വരുമാനം നേടിക്കൊടുത്തതും. അങ്ങനെയിരിക്കവെ അവന്റെ കാലുകൾക്ക് ബലക്കുറവ് അനുഭവപ്പെട്ടുതുടങ്ങി. Duchenne Muscular dytsrophy എന്ന ജനിതകരോഗമായിരുന്നു അവന്. രോഗം ശരീരപേശികളെ ദുർബലാക്കി. വൈകാതെ ഡാർവിന് നടക്കാനും നിൽക്കാനും കഴിയാതെയായി.

ഈ സാഹചര്യത്തിലാണ് അപ്പൻ അവനെ ഭിക്ഷക്കാരനാക്കി മാറ്റിയത്. തെരുവിൽ ഭിക്ഷ യാചിക്കുന്ന അവനെ കുട്ടികൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനയിലെ ആളുകൾ കണ്ടെത്തിയതും അവനെ സംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റിയതും ഡാർവിന്റെ ജീവിതത്തിലെ വഴിത്തിരിവായി മാറി. 2006–ൽ ആയിരുന്നു അത്. അവിടെ അവന് ഭക്ഷണം കിട്ടി. വിദ്യാഭ്യാസവും ചികിത്സയും ലഭിച്ചു. അതിനെക്കാൾ വലിയ നേട്ടം അവനു കിട്ടിയതും അവിടെ വച്ചായിരുന്നു. മറ്റൊന്നുമായിരുന്നില്ല അത് ക്രിസ്തുവിശ്വാസമായിരുന്നു. ക്രിസ്തുവിനെ അറിയാനും അനുഭവിക്കാനും സാധിച്ചതായിരുന്നു. വൈകാതെ അവൻ മാമ്മോദീസാ സ്വീകരിച്ചു. ആദ്യകുർബാനയും സ്ഥൈര്യലേപനവും സ്വീകരിച്ചു. യേശുവിനോടുള്ള ആഴമേറിയ സൗഹൃദത്തിലേക്ക അവൻ നടന്നടുക്കുകയായിരുന്നു. അപ്പോഴേയ്ക്കും രോഗം മൂർദ്ധന്യത്തിലെത്തിയിരുന്നു. വേദനകൾ വിട്ടുമാറാതെയായി. ചികിത്സകൾ പ്രയോജനരഹിതമായി. പക്ഷേ ഡാർവിൻ അപ്പോഴേന്നും പരാതിപ്പെട്ടില്ല. രോഗത്തെ അവൻ തന്റെ മിഷനായി കണ്ടു. കഠിനവേദനയിലും ചിരിക്കാൻ കഴിയുന്ന വിദ്യ അവൻ കരസ്ഥമാക്കിയിട്ടുണ്ടായിരുന്നു. ആ ചിരി അവനെ കാണുന്നവരെ അത്ഭുതപ്പെടുത്തി. എങ്ങനെയാണ് ഒരു ബാലന് തന്റെ വേദനകൾക്കിടയിലും ഇതുപോലെ പുഞ്ചിരിക്കാൻ കഴിയുന്നത്? അതുകൊണ്ട് അതിശയത്തോടെ അവർ അവനെ മാസ്റ്റർ ഓഫ് ജോയി എന്നു വിളിച്ചു. കടുത്ത ജ്വരകിടക്കയിലും സായാഹ്നപ്രാർത്ഥനയ്ക്ക് മുടക്കം വരുത്താൻ അവൻ തയ്യാറായിരുന്നില്ല. ശ്വാസതടസം അവനെ വിട്ടുമാറാതെയായി, അതുപോലെ ആശുപത്രിവാസവും. കടുത്തവേദനകൾക്കിടയിലും അവൻ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിച്ചു, ഒരിക്കൽപോലും തന്റെ വേദനകൾക്ക് ശമനം വരുത്തണമേയെന്ന് പ്രാർത്ഥിക്കാതെ..

'യേശു ചെയ്തതുപോലെ അവസാനം വരെ ഞാനും സഹിച്ചുനില്ക്കണമെന്നാണെന്ന് തോന്നുന്നു യേശുവിന്റെ ആഗ്രഹം' ഡാർവിൻ ഒരു വൈദികനോട് പങ്കുവച്ചതാണ് ഇക്കാര്യം.

2012 സെപ്തംബർ 23–ന് ഡാർവിൻ വേദനകളില്ലാത്ത ലോകത്തിലേക്ക് യാത്രയായി. അന്ന് അവന് വെറും 17 വയസു മാത്രമേയുണ്ടായിരുന്നുള്ളൂ. ഡാർവിന്റെ മരണം പലരെയും ഇരുത്തിചിന്തിപ്പിച്ചു. അവനൊരു വിശുദ്ധനാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടായിരുന്നില്ല. അതോടെ രൂപതാതലത്തിൽ നാമകരണനടപടികൾക്ക് ആരംഭം കുറിച്ചു. 2019 ൽ ആരംഭിച്ച നാമകരണനടപടികൾ പ്രകാരം ഡാർവിനെ ദൈവദാസനായി പ്രഖ്യാപിച്ചു. ■

# കേന്ദ്രം നടത്തുന്നത് എൻജിഒകളുടെ പ്രവർത്തനങ്ങളെ പരിമിതപ്പെടുത്താനുള്ള നീക്കം: സിബിസിഐ




ന്യൂഡൽഹി: വിദേശ സംഭാവന നിയന്ത്രണ നിയമത്തിന്റെ (എഫ്സിആർഎ) ചട്ടങ്ങൾ ഭേദഗതി ചെയ്തതിലൂടെ രാജ്യത്തെ എൻജിഒകളുടെ പ്രവർത്തനങ്ങളെ പരിമിതപ്പെടുത്താനുള്ള നീക്കമാണു കേന്ദ്രസർക്കാർ നടത്തുന്നതെന്ന് ഭാരത കത്തോലിക്ക മെത്രാൻ സമിതി (സിബിസിഐ). ദിവസം ചെല്ലുംതോറും നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിലൂടെ മുന്നോട്ടു പ്രവർത്തിക്കാൻ കഴിയാത്തവിധം എൻജിഒകൾ വലിയ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നതായും സിബിസിഐ ആസ്ഥാനത്തു വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. മാത്യു കോയിക്കൽ ആരോപിച്ചു.

ചട്ടത്തിലെ പുതിയ ഭേദഗതിയനുസരിച്ച് ഒന്നിലധികം സംസ്ഥാനങ്ങളിൽ പ്രവർത്തിക്കണമെങ്കിൽ പ്രത്യേകം രജിസ്ട്രേഷൻ ആവശ്യമാണ്. മുന്നോട്ടു പ്രവർത്തിക്കാൻ കഴിയാത്ത തരത്തിലാണ് ഇത്തരം വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കഠിനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി വരിഞ്ഞുമുറുക്കുന്നതിനു പകരം താഴേക്കിടയിലുള്ളവരെ സഹായിക്കുന്ന എൻജിഒകൾക്കു പ്രവർത്തനം സുഗമമാക്കുന്ന തരത്തിൽ ഭരണഘടനയ്ക്ക് അനുസൃതമായ നിയമങ്ങളാണു കേന്ദ്രസർക്കാർ നടപ്പാക്കേണ്ടതെന്നും സിബിസിഐ ആവശ്യപ്പെട്ടു.

മതപരിവർത്തനം ഉൾപ്പെടെയുള്ള ചില വിഷയങ്ങൾ ഭേദഗതി ചെയ്ത ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മതപരിവർത്തനത്തെ സർക്കാരിന് ഏതു രീതിയിൽ വേണമെങ്കിലും വ്യാഖ്യാനിക്കാവുന്ന തരത്തിലാണുള്ളത്. അത്തരം വിഷയങ്ങളിലുൾപ്പെടെ ചട്ടത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളിൽ അവ്യക്തത നിലനിൽക്കുന്നു. ഭേദഗതി ചെയ്ത ചട്ടത്തിൽ 'മതപരിവർത്തനം ഒഴിവാക്കൽ' എന്ന പ്രയോഗം മാത്രമാണ് ഉൾപ്പെടുത്തിയത്. അതിനാൽ സാധാരണ ന്യൂനപക്ഷ എൻജിഒ നടത്തുന്ന ഏതൊരു പ്രവർത്തനത്തെയും മതപരിവർത്തനമായി വ്യാഖ്യാനിക്കാൻ അധികാരികൾക്കു സാധിക്കുമെന്ന ആശങ്കയുണ്ട്.

എഫ്സിആർഎ ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളെ 105 ഇനങ്ങളിലേക്കു മാത്രമായി ഒതുക്കിയത് പ്രവർത്തനമേഖലകളെ പരിമിതപ്പെടുത്തുകയാണ്. ആരോഗ്യം ഉൾപ്പെടെ എൻജിഒകൾ സാധാരണയായി ചെയ്യുന്ന പല പ്രവർത്തനങ്ങളെയും 105 ഇന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും സിബിസിഐ ചൂണ്ടിക്കാട്ടി.

# കെ.സി.ബി.സി പ്രതിനിധി സംഘം മുഖ്യമന്ത്രിക്കു നിവേദനം നൽകി



തിരുവനന്തപുരം: കെ.സി.ബി.സി. (കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ) പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കലിന്റെ നേതൃത്വത്തിലുള്ള ഉന്നതതല പ്രതിനിധി സംഘം മുഖ്യമന്ത്രി അഡ്വ. വി.ഡി. സതീശനെ സന്ദർശിച്ച് ചർച്ച നടത്തി. സംസ്ഥാനത്തെ പുതിയ മന്ത്രിസഭയ്ക്ക് കെ.സി.ബി.സിയുടെ ഔദ്യോഗിക ആശംസകൾ അറിയിച്ച സംഘം, പൊതുസമൂഹവും സഭയും നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.

മലയോര കർഷകരും തീരദേശവാസികളും നേരിടുന്ന അതിജീവന പ്രതിസന്ധികൾ, വിദ്യാഭ്യാസ മേഖലയിലെ കാലികമായ പ്രശ്നങ്ങൾ, അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും നേരിടുന്ന കടുത്ത വെല്ലുവിളികൾ, മുനമ്പം വിഷയത്തിലെ ആശങ്കകൾ എന്നിവ പ്രതിനിധി സംഘം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തു. കൂടാതെ, ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത, ദളിത് ക്രൈസ്തവർ നേരിടുന്ന അവകാശ നിഷേധങ്ങൾ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യവ്യാപനം സൃഷ്ടിക്കുന്ന സാമൂഹിക പ്രതിസന്ധികൾ തുടങ്ങിയ അതിപ്രധാന വിഷയങ്ങൾ ഉൾപ്പെടുത്തിയ വിശദമായ മെമ്മോറാണ്ടം കെ.സി.ബി.സി. പ്രസിഡന്റ് മുഖ്യമന്ത്രിക്ക് കൈമാറി.

മുഖ്യമന്ത്രിയെ കൂടാതെ, ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല, വൈദ്യുതി വകുപ്പ് മന്ത്രി സണ്ണി ജോസഫ്, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ എന്നിവരും ചർച്ചയിൽ സന്നിഹിതരായിരുന്നു. കെ.സി.ബി.സി. ഉന്നയിച്ച വിഷയങ്ങൾ ഗൗരവമായി പരിഗണിക്കുമെന്നും അതിൽ നീതിപൂർവ്വമായ അടിയന്തര ഇടപെടലുകൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിനിധി സംഘത്തിന് ഉറപ്പുനൽകി.

# വിശുദ്ധ മറിയം ത്രേസ്യ കുടുംബപ്രേഷിതദൗത്യത്തിന്റെ വലിയ ഓർമ്മപ്പെടുത്തൽ: മാർ റാഫേൽ തട്ടിൽ

കുഴിക്കാട്ടുശേരി: വിശുദ്ധ മറിയം ത്രേസ്യ ഈ കാലഘട്ടത്തിന്റെ കുടുംബപ്രേഷിതദൗത്യത്തിന്റെ പ്രാധാന്യം ലോകത്തെ ഓർമ്മപ്പെടുത്തിയ വിശുദ്ധാത്മാവാണെന്ന് സീറോമലബാർസഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ്. വ്യക്തിപരമായി ഒട്ടേറെ പ്രതിസന്ധികൾ നേരിട്ടപ്പോഴും കുടുംബസന്ദർശനങ്ങളിലൂടെയും പ്രാർഥനയിലൂടെയും അശരണർക്ക് പ്രത്യാശ നൽകിയ വിശുദ്ധയുടെ ജീവിതം, ഇന്നത്തെ പ്രേഷിതപ്രവർത്തകർക്ക് വലിയൊരു വഴികാട്ടിയാണ്. മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുടുംബങ്ങളിൽ ആത്മീയതയും പരസ്പര സ്നേഹവും വീണ്ടെടുക്കേണ്ടതിന്റെ അടിയന്തിര ആവശ്യകതയിലേക്കാണ് വിശുദ്ധ മറിയം ത്രേസ്യയുടെ ജീവിതമുദ്ര വിരൽചൂണ്ടുന്നത്. കുഴിക്കാട്ടുശേരി മറിയം ത്രേസ്യ തീർഥാടനകേന്ദ്രത്തിൽ വിശുദ്ധയുടെ തിരുനാളിനോടനുബന്ധിച്ച് അർപ്പിക്കപ്പെട്ട ആഘോഷമായ തിരുനാൾ കുർബാനയിൽ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകുകയായിരുന്നു മേജർ ആർച്ചുബിഷപ്പ്. ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടനും നൂറ്റഞ്ചോളം വൈദികരും തിരുക്കർമ്മങ്ങളിൽ സഹകാർമ്മികരായിരുന്നു.



വിശുദ്ധ മറിയം ത്രേസ്യയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ നൂറാം വാർഷികാഘോഷവും വാർഷിക തിരുനാളും ഒത്തുചേർന്ന ധന്യമുഹൂർത്തത്തിൽ അനുഗ്രഹം തേടി നാടിന്റെ നാനാഭാഗങ്ങളിൽ നിന്നായി പതിനായിരക്കണക്കിന് തീർഥാടകരാണ് കുഴിക്കാട്ടുശേരിയിൽ എത്തിച്ചേർന്നത്. തിരുശേഷിപ്പ് വഹിച്ചുകൊണ്ടുള്ള നഗരപ്രദക്ഷിണത്തിൽ അനേകായിരങ്ങൾ പങ്കുചേർന്നു. ഊട്ടുനേർച്ചയിൽ 45,000ത്തോളം വിശ്വാസികൾ പങ്കെടുത്തു.

ആഘോഷപരിപാടികൾക്ക് ഹോളിഫാമിലി സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ മദർ ആനി കുര്യാക്കോസ്, ഇരിങ്ങാലക്കുട രൂപതാ വികാരി ജനറലും കമ്മിറ്റി ചെയർമാനുമായ മോൺ. ആന്റു ആലപ്പാടൻ, റെക്ടർ ഫാ. ജോൺ കവലക്കാട്ട്, പ്രമോട്ടർ ഫാ. സെബാസ്റ്റ്യൻ അരിക്കാട്ട്, സിസ്റ്റർ എൽസി സേവ്യർ, വൈസ് പോസ്റ്റുലേറ്റർ സിസ്റ്റർ വിനയ, ജനറൽ കൺവീനർ അജീഷ് ചക്കാലമറ്റത്ത് പള്ളൻ എന്നിവർ നേതൃത്വം നൽകി.

# കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ പുസ്തകം 'ക്രിസ്ത്യൻ വിറ്റ്നസ്' പ്രകാശനം ചെയ്തു



വത്തിക്കാൻ സിറ്റി: സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പ് എമെരിറ്റസ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ കഴിഞ്ഞ 54 വർഷത്തെ സുദീർഘമായ ശുശ്രൂഷാ ജീവിതത്തിലെ അനുഭവങ്ങൾ കോർത്തിണക്കി തയ്യാറാക്കിയ ലേഖന സമാഹാരം 'ക്രിസ്ത്യൻ വിറ്റ്നസ്' വത്തിക്കാനിൽ പ്രകാശനം ചെയ്തു. വത്തിക്കാനിലെ കർദിനാൾമാരുടെ അസാധാരണ കൺസിസ്റ്ററിക്കിടയിൽ നടന്ന ചടങ്ങിൽ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പയാണ് പുസ്തകം പ്രകാശനം ചെയ്തത്. സഭാമേലധ്യക്ഷന്മാരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ പ്രകാശന ചടങ്ങിൽ സി.ബി.സി.ഐ പ്രസിഡന്റ് കർദിനാൾ ആന്റണി പൂല, സീറോമലങ്കര സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ്, വത്തിക്കാന്റെ ഇതരമത സംവാദങ്ങൾക്കായുള്ള ഡിക്കാസ്റ്ററിയുടെ (Dicastery for Interreligious Dialogue) പ്രീഫെക്ട് കർദിനാൾ ജോർജ് കൂവക്കാട് എന്നിവർ പങ്കെടുത്തു.

വൈദികനായും മെത്രാനായും സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായും ഉള്ള തന്റെ അജപാലന ജീവിതത്തിലെ ശ്രദ്ധേയമായ അനുഭവങ്ങളും ഉൾക്കാഴ്ചകളുമാണ് മാർ ജോർജ് ആലഞ്ചേരി പിതാവ് ഈ പുസ്തകത്തിലൂടെ പങ്കുവെക്കുന്നത്. കേവലം ഒരു ഓർമ്മക്കുറിപ്പ് എന്നതിനപ്പുറം, അഞ്ച് പതിറ്റാണ്ടിലധികം നീണ്ടുനിന്ന ഒരു ആത്മീയ യാത്രയുടെ നേർക്കാഴ്ചകളാണ് ആലഞ്ചേരി പിതാവ് ഗ്രന്ഥത്തിലൂടെ വായനക്കാർക്ക് മുന്നിൽ തുറന്നു വെയ്ക്കുന്നത്. ചങ്ങനാശേരി അതിരൂപത വൈദികനായി ശുശ്രൂഷ ചെയ്ത കാലത്തെ അനുഭവങ്ങളും, തക്കല രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായപ്പോൾ, ഒരു പുതിയ രൂപതയെ അടിത്തറയിൽ നിന്നും കെട്ടിപ്പടുക്കാൻ നേരിട്ട വെല്ലുവിളികളും, തമിഴ്നാടിന്റെ സാംസ്കാരിക പശ്ചാത്തലത്തിൽ സുവിശേഷ പ്രഘോഷണം സാധ്യമാക്കിയ വഴികളും പിന്നീട് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായും കർദിനാളായും സഭയെ നയിച്ച കാലഘട്ടത്തിലെ അനുഭവങ്ങളും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഭാ ചരിത്രത്തിലും ആത്മീയ യാത്രയിലും ഒരുപോലെ പ്രാധാന്യമുള്ള ഈ ഗ്രന്ഥം വിശ്വാസികൾക്കും വായനക്കാർക്കും ഏറെ പ്രചോദനം നൽകുന്ന ഒന്നാണ്.

# കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ മീറ്റ്, പതാക പ്രയാണത്തിന് തുടക്കമായി



കാക്കനാട്: കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ മീറ്റ് ഒക്ടോബർ 19 മുതൽ 23 വരെ ഇറ്റലിയിലെ റോമിൽ നടക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 32 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനത്തിന് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ ആശീർവാദം നൽകുമെന്ന് ഭാരവാഹികൾ അറിയിച്ചു. ഗ്ലോബൽ മീറ്റിന് മുന്നോടിയായി 40 രാജ്യങ്ങളിലൂടെ സഞ്ചരിക്കുന്ന അന്താരാഷ്ട്ര പതാക പ്രയാണത്തിന് സീറോമലബാർ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ തുടക്കമായി.

സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. രാജീവ് കൊച്ചുപറമ്പിലിന് പതാക കൈമാറി പ്രയാണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഡോ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ, ജനറൽ കൺവീനർ ബെന്നി മാത്യു പുളിക്കക്കര, വൈസ് പ്രസിഡന്റുമാരായ ഷെവലിയർ ഡേവിസ് എടക്കളത്തൂർ, ബെന്നി ആന്റണി, ട്രീസ ലിസ് സെബാസ്റ്റ്യൻ, രാജേഷ് ജോൺ എന്നിവർ പ്രസംഗിച്ചു.

മിഡിൽ ഈസ്റ്റ് മേഖലയിലേക്കുള്ള പതാക കത്തോലിക്ക കോൺഗ്രസ് ബഹ്റൈൻ ചാപ്റ്റർ പ്രസിഡന്റ് ചാൾസ് ആലുക്ക ഏറ്റുവാങ്ങി. കാനഡ, യു.എസ്.എ., ഓസ്ട്രേലിയ, യൂറോപ്പ് തുടങ്ങിയ വിവിധ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളിലൂടെ കടന്നുപോകുന്ന പതാക പ്രയാണം ഇന്ത്യയിലെ വിവിധ രൂപതകളിലും പര്യടനം നടത്തും. ഒക്ടോബർ 19 ന് പ്രയാണം സമ്മേളന നഗരിയായ റോമിൽ എത്തിച്ചേരും.

'ഒരു വിശ്വാസം, ഒരു സമുദായം, എല്ലാ ഭൂഖണ്ഡങ്ങളിലും' എന്ന ആപ്തവാക്യവുമായി സംഘടിപ്പിക്കുന്ന ഈ ആഗോള സമ്മേളനത്തിൽ ആനുകാലിക വിഷയങ്ങളെ മുൻനിർത്തിയുള്ള വിവിധ വിഷയാവതരണങ്ങളും ചർച്ചകളും സംവാദങ്ങളും നടക്കും.

# 'മാഗ്നിഫിക്ക ഹ്യൂമാനിത്താസ്' വെബ്ബിനാർ സംഘടിപ്പിച്ചു




കാക്കനാട്: ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും ആധുനിക സാങ്കേതികവിദ്യകളുടെയും കാലഘട്ടത്തിൽ മാനവികത നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ലെയോ പതിനാലാമൻ മാർപ്പാപ്പ പുറപ്പെടുവിച്ച പ്രഥമ ചാക്രികലേഖനമായ 'മാഗ്നിഫിക്ക ഹ്യൂമാനിത്താസിനെ' ആസ്പദമാക്കി സീറോമലബാർ സഭയുടെ മീഡിയ കമ്മീഷനും ഡോക്ട്രിനൽ കമ്മീഷനും സംയുക്തമായി വെബ്ബിനാർ സംഘടിപ്പിച്ചു. ജൂൺ 20 ശനിയാഴ്ച നടന്ന സമ്മേളനത്തിന്റെ ഉദ്ഘാടനം സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ നിർവ്വഹിച്ചു.

ആധുനിക ഡിജിറ്റൽ യുഗത്തിൽ മനുഷ്യന്റെ അന്തസ്സും ധാർമ്മിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സാങ്കേതികവിദ്യ കേവലം ലാഭേച്ഛയ്ക്കപ്പുറം മനുഷ്യനന്മയ്ക്കായി എങ്ങനെ വിനിയോഗിക്കണമെന്ന മാർപ്പാപ്പയുടെ പ്രബോധനങ്ങളെക്കുറിച്ചും വെബ്ബിനാറിൽ വിപുലമായ ചർച്ചകൾ നടന്നു. മെത്രാന്മാർ, ദൈവശാസ്ത്രജ്ഞർ, അല്മായർ, വൈദിക വിദ്യാർഥികൾ, സന്യസ്തർ, സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവർ പങ്കെടുത്തു. ചങ്ങനാശ്ശേരി അതിരൂപത ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ, തൃശൂർ മേരി മാതാ മേജർ സെമിനാരി പ്രൊഫസർ റവ. ഡോ. സജി കണയങ്കൽ എന്നിവർ ചാക്രികലേഖനത്തിന്റെ വിവിധ വശങ്ങളെ അപഗ്രഥിച്ച് മുഖ്യപ്രഭാഷണങ്ങൾ നടത്തി. പാല രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ഷംഷാബാദ് അതിരൂപത സഹായമെത്രാൻ മാർ തോമസ് പാടിയത്ത് എന്നിവരും സംസാരിച്ചു.

ആഗോളസഭയുടെ സമകാലിക പ്രബോധനങ്ങളെ വിശ്വാസികൾക്കും പൊതുസമൂഹത്തിനും കൂടുതൽ ആഴത്തിൽ മനസ്സിലാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് വെബ്ബിനാർ ഒരുക്കിയത്. സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷൻ സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ ചാലക്കൽ, മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. ടോം ഓലിക്കരോട്ട് എന്നിവർ വെബ്ബിനാറിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

# മൂല്യാധിഷ്ഠിത രാഷ്ട്രീയ പരിശീലനം അനിവാര്യം: മാർ റാഫേൽ തട്ടിൽ

കൊച്ചി: രാഷ്ട്രീയരംഗത്ത് മൂല്യബോധവും സാമൂഹ്യബോധവും വളർത്തിക്കൊണ്ട് വരുവാൻ പഠന, പരിശീലന പദ്ധതികൾ അനിവാര്യമാണെന്ന് സീറോമലബാർസഭാ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ. കത്തോലിക്ക കോൺഗ്രസ് നേതൃത്വത്തിൽ രൂപീകരിച്ച പൊളിറ്റിക്കൽ അക്കാദമി എറണാകുളം പി.ഒ.സി. യിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയ രംഗത്ത് പുതു തലമുറയെ വാർത്തെടുക്കുവാനും അതുവഴി രാജ്യത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കാനും പൊളിറ്റിക്കൽ അക്കാദമിയിലെ തുടർ പരിശീലനത്തിന് സാധിക്കണം. എല്ലാ വിഭാഗം ആളുകളെയും ഉൾക്കൊള്ളാൻ കഴിയുന്ന രാഷ്ട്രീയ സംസ്കാരം വളർത്തിയെടുക്കണം. ലോകത്തിന്റെ വളർച്ചക്കൊപ്പം മുന്നേറുവാൻ സാധിക്കുന്ന തലമുറയെ വാർത്തെടുക്കുവാൻ കത്തോലിക്ക കോൺഗ്രസ്സിന്റെ ഈ നിർണായക സംരംഭത്തിന് സാധിക്കട്ടെയെന്ന് മാർ റാഫേൽ തട്ടിൽ ആശംസിച്ചു. ആഗസ്റ്റ് ഒന്ന്, രണ്ട് തീയതികളിൽ മുംബൈയിൽ വെച്ച് സംഘടിപ്പിക്കുന്ന കത്തോലിക്ക കോൺഗ്രസ് നാഷണൽ കോൺഫറൻസിന്റെ പോസ്റ്റർ മാർ റാഫേൽ തട്ടിൽ പ്രകാശനം ചെയ്തു.

സമുദായത്തിന് അർഹതപ്പെട്ട അവകാശ നിഷേധങ്ങളും വിവിധങ്ങളായ അധിനിവേശങ്ങളും ചെറുക്കുവാൻ കത്തോലിക്ക കോൺഗ്രസ് പ്രാപ്തമാണെന്നത് ശ്ലാഘനീയമാണെന്ന് മുഖ്യ പ്രഭാഷണം നടത്തിയ ബിഷപ് ലഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പ്രസ്താവിച്ചു. കർഷകരുടെയും ന്യൂനപക്ഷങ്ങളുടെയും പ്രശ്നങ്ങളിൽ വിട്ടുവീഴ്ച ഇല്ലാത്ത നിലപാട് എടുക്കുമെന്ന് സമ്മേനത്തിൽ അധ്യക്ഷത വഹിച്ച കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ പ്രസ്താവിച്ചു. ജെ ബി കോശി കമ്മീഷൻ പഠന ശിബിരവും കേന്ദ്ര പ്രതിനിധി സഭായോഗവും സമ്മേളനത്തോടനുബന്ധിച്ചു നടന്നു.



എഫ് സി ആർ എ നിയമ ഭേദഗതി പിൻവലിക്കണമെന്നും തൃശൂർ ജൂബിലി, അമല ആശുപത്രികളിലെ സമരത്തിന്റെ മറവിലെ ഗൂഢഅജണ്ട പ്രതിഷേധാർഹമാണെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ, അഡ്വ. ടോണി പുഞ്ചക്കുന്നേൽ, ഷെവലിയർ പ്രൊഫ. കെ. എം. ഫ്രാൻസീസ്, ബെന്നി പുളിക്കക്കര, ട്രീസ ലിസ് സെബാസ്റ്റ്യൻ, ബെന്നി ആന്റണി, രാജേഷ് ജോൺ, തോമസ് ആന്റണി, തമ്പി എരുമേലിക്കര, ചാൾസ് ആലുക്ക, ജോർജ് വി ജോർജ് എന്നിവർ പ്രസംഗിച്ചു.

# വിശുദ്ധ തോമാശ്ലീഹാ അർപ്പണബോധത്തിന്റെയും അചഞ്ചലമായ വിശ്വാസത്തിന്റെയും പ്രതീകം: മുഖ്യമന്ത്രി വി.ഡി. സതീശൻ



തിരുവനന്തപുരം: വിശുദ്ധ തോമാശ്ലീഹാ അർപ്പണബോധത്തിന്റെയും അചഞ്ചലമായ വിശ്വാസത്തിന്റെയും പ്രതീകമാണെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രസ്താവിച്ചു. ലൂർദ് ഫൊറോന എ.പി.ജെ.എം. ഹാളിൽ സംഘടിപ്പിച്ച ദുക്റാന സ്നേഹസംഗമത്തിൽ മുഖ്യസന്ദേശം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ തനിക്ക് ഏറ്റവും പ്രിയപ്പെട്ട വ്യക്തിത്വമാണ് തോമാശ്ലീഹായുടേതെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു. വിശ്വസിക്കുന്ന സത്യങ്ങൾക്ക് വേണ്ടി ഉറച്ചുനിൽക്കുകയും, ആ സന്ദേശം ലോകമെങ്ങും എത്തിക്കുന്നതിനായി ജീവിതം ഉഴിഞ്ഞുവെക്കുകയും ചെയ്ത അപ്പസ്തോലനാണ് അദ്ദേഹം. ദുർഘടമായ പാതകളിലൂടെ സഞ്ചരിച്ചാണ് അദ്ദേഹം ഭാരതത്തിൽ വിശ്വാസത്തിന്റെ വിത്തുപാകിയത്. തെളിവുകളുടെ അടിസ്ഥാനത്തിൽ കാര്യങ്ങളെ വീക്ഷിച്ച തോമാശ്ലീഹായെ ശാസ്ത്രജ്ഞരുടെ മധ്യസ്ഥനായും കരുതാം. മുഖ്യമന്ത്രിയായുള്ള തന്റെ സേവനം സാധാരണക്കാരെയും കഷ്ടപ്പെടുന്നവരെയും ചേർത്തുപിടിക്കുന്നതിനുള്ള ദൈവനിയോഗമായി കാണുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിശുദ്ധ തോമാശ്ലീഹാ ഭാരതത്തിന് പകർന്നുനൽകിയത് നന്മയുടെയും കാരുണ്യത്തിന്റെയും മഹത്തായ സന്ദേശമായിരുന്നുവെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഓർമിപ്പിച്ചു. വിഭജനങ്ങളില്ലാത്ത, മനുഷ്യത്വത്തിൽ അധിഷ്ഠിതമായ ഒരു ആത്മീയതയാണ് അപ്പസ്തോലൻ ഈ മണ്ണിൽ നട്ടുവളർത്തിയത്. ക്രിസ്തു പകർന്നുനൽകിയ സ്നേഹത്തിന്റെ പ്രകാശമാണ് തോമാശ്ലീഹായിലൂടെ ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായി മാറിയത്. നൂറ്റാണ്ടുകളായി ഈ നാടിന്റെ സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ പുരോഗതിയിൽ ക്രൈസ്തവ സമൂഹം നൽകിവരുന്ന സംഭാവനകൾ ഈ തോമാശ്ലീഹാ പൈതൃകത്തിന്റെ തുടർച്ചയാണ്. മേജർ ആർച്ചുബിഷപ്പ് കൂട്ടിച്ചേർത്തു.

ചങ്ങനാശേരി ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു സംസാരിച്ചു. സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുത്ത സ്നേഹസംഗമത്തിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല, മന്ത്രിമാരായ സണ്ണി ജോസഫ്, അനൂപ് ജേക്കബ്, റോജി എം. ജോൺ, ജോൺ ബ്രിട്ടാസ് എം.പി എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. കെ. സി. ബി. സി. അധ്യക്ഷൻ ആർച്ചുബിഷപ്പ് വർഗീസ് ചക്കാലയ്ക്കൽ, കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ ജോസ് പുളിക്കൽ, പത്തനംതിട്ട ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്, മലങ്കര കത്തോലിക്കാ സഭ കൂരിയ ബിഷപ്പ് ഡോ. ആന്റണി മാർ സിൽവാനോസ്, മാർത്തോമാ സഭ തിരുവനന്തപുരം-കൊല്ലം ഭദ്രാസനാധ്യക്ഷൻ ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പ, പാളയം ഇമാം ഡോ. വി.പി. സുഹൈബ് മൗലവി, ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി തുടങ്ങിയ പ്രമുഖ ആത്മീയ-സാമൂഹിക നേതാക്കളും ചടങ്ങിൽ സന്നിഹിതരായിരുന്നു.



ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

# തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച 'പെരിയമല' അഥവാ സെന്റ് തോമസ് മൗണ്ട്

റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

ചെന്നൈയിലെ സെന്റ് ജോർജ് ഫോർട്ടിൽ നിന്ന് ആറു മൈലും മൈലാപ്പൂരിൽ നിന്ന് തെക്കുപടിഞ്ഞാറായി നാലു മൈലും അകലെ, 80 അടി ഉയരത്തിലുള്ള ഒരു ചെറിയ മലയാണ് 'ചിന്നമല' അഥവാ ലിറ്റിൽ മൗണ്ട്. പോർച്ചുഗീസുകാർ ഇതിനെ 'മോന്തെ പെക്വീനോ' എന്നും വിളിച്ചു. തോമാശ്ലീഹായുമായി ബന്ധമുള്ള ചെന്നൈയിലെ തന്നെ മൂന്ന് പ്രദേശങ്ങളിൽ ഒന്നാണിത്. ശ്ലീഹായുടെ കാലത്ത് ഒന്നാം നൂറ്റാണ്ടിൽ കുറ്റിച്ചെടികളും മരങ്ങളും ഉള്ള വനപ്രദേശമായിരുന്ന ഇവിടെയാണ് തോമാശ്ലീഹാ പ്രാർഥിക്കാനായി എത്താറുണ്ടായിരുന്നത്.

തോമാശ്ലീഹായുമായി ബന്ധമുള്ള ചെന്നൈയിലെ രണ്ടാമത്തെ പ്രദേശമാണ് പെരിയമല അഥവാ സെന്റ് തോമസ് മൗണ്ട്. ഈ പ്രദേശം തോമസിന്റെ കാൽവരി എന്നാണ് ചരിത്രത്തിൽ വിശേഷിപ്പിക്കപ്പെടുന്നത്. തന്റെ ഗുരുവിനെപ്പോലെ തോമസും വളരെയേറെ വേദന സഹിച്ച് രക്തം ചിന്തി മരിച്ച സ്ഥലമാണിത്. ചിന്ന മലയിൽ നിന്ന് ഇത് വ്യത്യസ്തമാണ് എന്ന് കാണിക്കാൻ ഇതിനെ വലിയ മല എന്ന അർഥത്തിൽ പെരിയ മല (തമിഴിൽ പെരിയമലൈ) എന്നാണ് വിളിക്കുന്നത്. പോർച്ചുഗീസ് ഭാഷയിൽ മോന്തെ ഗ്രാൻതെ എന്നും. ചരിത്രകാരന്മാരും ഭൂമിശാസ്ത്രജ്ഞരും ഇതിനെ വിളിക്കുന്നത് സെന്റ് തോമസ് മൗണ്ട് എന്നാണ്. അതിനു കാരണം ഈ പ്രദേശം തോമാശ്ലീഹായുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നു എന്നത് തന്നെയാണ്. ഈ രണ്ടു മലകളെ ചെന്നൈ പട്ടണവുമായി ബന്ധിപ്പിക്കുന്ന റോഡിനെ മൗണ്ട് റോഡ് എന്ന് വിളിക്കുന്നത് ചരിത്രത്തിലുള്ള ഈ പ്രദേശങ്ങളുടെ പ്രാധാന്യം എടുത്തു കാണിക്കുന്നു.



**തോമാശ്ലീഹായുമായി ബന്ധമുള്ള ചെന്നൈയിലെ രണ്ടാമത്തെ പ്രദേശമാണ് പെരിയമല അഥവാ സെന്റ് തോമസ് മൗണ്ട്. ഈ പ്രദേശം തോമസിന്റെ കാൽവരി എന്നാണ് ചരിത്രത്തിൽ വിശേഷിപ്പിക്കപ്പെടുന്നത്. തന്റെ ഗുരുവിനെപ്പോലെ തോമസും വളരെയേറെ വേദന സഹിച്ച് രക്തം ചിന്തി മരിച്ച സ്ഥലമാണിത്. ചിന്ന മലയിൽ നിന്ന് ഇത് വ്യത്യസ്തമാണ് എന്ന് കാണിക്കാൻ ഇതിനെ വലിയ മല എന്ന അർഥത്തിൽ പെരിയ മല (തമിഴിൽ പെരിയമലൈ) എന്നാണ് വിളിക്കുന്നത്. പോർച്ചുഗീസ് ഭാഷയിൽ (മോന്തെ ഗ്രാൻതെ) എന്നും. ചരിത്രകാരന്മാരും ഭൂമിശാസ്ത്രജ്ഞരും ഇതിനെ വിളിക്കുന്നത് സെന്റ് തോമസ് മൗണ്ട് എന്നാണ്.**

തമിഴകത്തെ മസ്താനിയുടെ പട്ടാളക്കാർ തോമസിനെ ചിന്നമലയിൽ അന്വേഷിച്ചു വന്നപ്പോൾ അവിടെനിന്ന് അദ്ദേഹം രക്ഷപ്പെട്ടത് ഈ പെരിയ മലയിലേക്കാണ്. അവിടെ അദ്ദേഹം പ്രാർഥിച്ചിരുന്നപ്പോഴാണ് രാജാവിന്റെ കിങ്കരന്മാർ വന്ന് കുന്തം കൊണ്ട് പുറകിൽ നിന്ന് കുത്തിക്കൊല്ലുന്നത്. അങ്ങനെ അദ്ദേഹവും മറ്റ് അപ്പസ്തോലന്മാരെ പോലെ തന്റെ നാഥന് വേണ്ടി രക്തസാക്ഷിയായി. ശ്ലീഹായുടെ ശിഷ്യന്മാർ അദ്ദേഹത്തിന്റെ ശരീരം അവിടെനിന്ന് എടുത്ത് താഴെ കടൽത്തീരത്ത് (*Beththuma* എന്ന് ആദ്യവും *San thome* എന്ന പിന്നീടും അറിയപ്പെട്ടിരുന്ന സ്ഥലം) ഇപ്പോൾ ബസിലിക്ക ഇരിക്കുന്ന സ്ഥലത്ത് കൊണ്ടുപോയി സംസ്കരിച്ചു. തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വം ക്രി. വ. 72 ലാണെന്നാണ് പ്രാദേശിക പാരമ്പര്യം. ഈ സ്ഥലം പിന്നീട് ദൈവികമായ ശക്തി പ്രവഹിക്കുന്ന ഒരു സ്ഥലമായാണ് കരുതപ്പെട്ടിരുന്നത് എന്നും ഇവിടം സന്ദർശിക്കുന്ന ആളുകൾക്ക് അത് അനുഭവപ്പെട്ടിരുന്നു എന്നും ചരിത്രത്തിൽ കാണുന്നുണ്ട്. പേർഷ്യ, സിറിയ, അർമേനിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ആളുകൾ ഇവിടെ വന്നു പോയിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. സെന്റ് തോമസ് മൗണ്ടിന്റെ താഴ്‌വാരത്തിലുള്ള ശവക്കല്ലറകളിലുള്ള ലിഖിതങ്ങൾ ഇതിന് തെളിവായി നിലകൊള്ളുന്നു. തോമാശ്ലീഹായുടെ കബറിടവും അതു സ്ഥിതി ചെയ്യുന്ന സ്ഥലവും ചരിത്രത്തിൽ അദ്വിതീയമായ സ്ഥാനം അലങ്കരിക്കുന്നു. മാത്രവുമല്ല, മൈലാപ്പൂരിലെ രക്തസാക്ഷിത്വവും കബറിടവും തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തിന് ഏറ്റവും വലിയ തെളിവാണ്. മായിച്ചു കളയാനോ നിഷേധിക്കാനോ ആവാത്ത ശക്തമായ, ശാശ്വതമായ തെളിവാണിത്. തോമാശ്ലീഹായുടെ ഭാരതപ്രേക്ഷിതത്വത്തിന് മറ്റൊരു തെളിവ് അന്വേഷിച്ച് പോകേണ്ട ആവശ്യമില്ല എന്ന് ചില വിദേശ ചരിത്രകാരന്മാർ വാദിക്കുന്നത് രക്തസാക്ഷിത്വത്തിനും കബറിടത്തിനും അത്ര ആധികാരികമായ സ്ഥാനമുണ്ടെന്ന് സമർത്ഥിക്കാനാണ്. ■

ബൈബിൾ സംശയങ്ങൾ

# മാർ തോമാ ശ്ലീഹായെ 'ഇരട്ട പിറന്നവൻ' അഥവാ 'ദിദിമോസ്" എന്ന് വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

റവ. ഡോ. ടോം ഓലിക്കരോട്ട്

മാർ തോമാ ശ്ലീഹായെ 'ഇരട്ട പിറന്നവൻ' അഥവാ 'ദിദിമോസ്' (Didymus) എന്ന് വിളിക്കുന്നതിന് പിന്നിൽ ആഴമേറിയ ചരിത്രപരവും ഭാഷാപരവും ദൈവശാസ്ത്രപരവുമായ കാരണങ്ങളുണ്ട്. വിശുദ്ധ ബൈബിൾ, അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ, ആദ്യകാല സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഒരു വിശദീകരണം താഴെ നൽകുന്നു:

## 1. ഭാഷാപരവും ബൈബിൾപരവുമായ അടിസ്ഥാനം

യോഹന്നാന്റെ സുവിശേഷത്തിൽ മൂന്ന് പ്രധാന ഇടങ്ങളിലാണ് തോമാ ശ്ലീഹായെ 'ദിദിമോസ്' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്: യോഹന്നാൻ 11:16 ലാസറിന്റെ മരണസമയത്ത്: 'ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ് മറ്റു ശിഷ്യന്മാരോടു പറഞ്ഞു: അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.' യോഹന്നാൻ 20:24 ഉത്ഥിതനായ ഈശോയെ കാണുന്നതിന് മുമ്പ്: 'പന്ത്രണ്ടുപേരിലൊരുവനും ദിദിമോസ് എന്നു വിളിക്കപ്പെടുന്നവനുമായ തോമസ്...' യോഹന്നാൻ 21:2 തിബേരിയാസ് കടൽത്തീരത്തെ മീൻപിടുത്തം. ദിദിമോസ്' എന്ന പദം നേരിട്ട് ഉപയോഗിക്കുന്നില്ലെങ്കിലും, തോമാ ശ്ലീഹായുടെ വ്യക്തിത്വം ഏറ്റവും കൂടുതൽ വെളിവാകുന്ന മറ്റൊരു ഭാഗം യോഹന്നാൻ 14:5 ആണ്. ഈശോ തന്റെ വിടവാങ്ങൽ പ്രഭാഷണത്തിൽ താൻ പിതാവിന്റെ അടുക്കലേക്ക് പോകുന്ന വഴിയെക്കുറിച്ച് സംസാരിക്കുമ്പോൾ, തോമസ് തന്റെ സ്വാഭാവികമായ നിഷ്കളങ്കതയോടെ ചോദിക്കുന്നു: 'കർത്താവേ, നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?' തോമസിന്റെ ഈ 'ഇരട്ടച്ചിന്ത' (ചോദ്യവും അന്വേഷണവും) വഴിയാണ് ക്രൈസ്തവ ദൈവശാസ്ത്രത്തിലെ ഏറ്റവും വലിയ സത്യം ഈശോ വെളിപ്പെടുത്തുന്നത്: 'വഴിയും സത്യവും ജീവനും ഞാനാകുന്നു' (യോഹ 14:6).

ബൈബിൾ ഭാഷാ വിദഗ്ധരുടെ അഭിപ്രായത്തിൽ, അരമായ (Aramaic) ഭാഷയിലെ 'തെയോമ' (Te'oma) എന്ന വാക്കിൽ നിന്നാണ് 'തോമാ' പേരുണ്ടായത്. ഇതിന്റെ അർഥം 'ഇരട്ട' (Twin) എന്നാണ്. 'തൗമാ' എന്ന അരമായ വാക്കിന്റെ നേരിട്ടുള്ള ഗ്രീക്ക് വിവർത്തനമാണ് 'ദിദിമോസ്'. സുവിശേഷകൻ യോഹന്നാൻ ഗ്രീക്ക് ഭാഷയിലാണ് തന്റെ സുവിശേഷം എഴുതിയത് എന്നതുകൊണ്ട്, ഗ്രീക്ക് സംസാരിക്കുന്ന വായനക്കാർക്ക് മനസ്സിലാകുന്നതിനായി അദ്ദേഹം 'തോമസ് അഥവാ ദിദിമോസ്' എന്ന് എടുത്തു പറഞ്ഞു.

## 2. തോമായുടെ നടപടികളിലെ പശ്ചാത്തലം

രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലോ എഴുതപ്പെട്ട അപ്പോക്രിഫൽ ഗ്രന്ഥമായ 'തോമായുടെ നടപടികളിൽ' (Acts of Thomas) ഈ 'ഇരട്ട' പദവിക്ക് വളരെ ശ്രദ്ധേയമായ ഒരു വ്യാഖ്യാനം നൽകുന്നുണ്ട്. മിശിഹായുടെ ആത്മീയ ഇരട്ട (Twin of Christ): ഈ ഗ്രന്ഥമനുസരിച്ച്, തോമസ് കാണാൻ ബാഹ്യരൂപത്തിൽ യേശുവിനെപ്പോലെ തന്നെയായിരുന്നു. ഭാരതത്തിലെത്തിയ തോമസിനെ കണ്ട് പലരും യേശുവാണെന്ന് തെറ്റിദ്ധരിക്കുന്നതായി ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. മിശിഹായുടെ ആത്മീയ രൂപമാണ് തോമസ് എന്ന രീതിയിലാണ് ഈ ഗ്രന്ഥം ഇതിനെ ചിത്രീകരിക്കുന്നത്.

ഉദാഹരണം: അന്ത്രോപ്പൊളിസിലെ രാജകുമാരിയുടെ വിവാഹവിരുന്ന്

ഭാരതത്തിലേക്കുള്ള യാത്രാമധ്യേ തോമാ ശ്ലീഹായും അദ്ദേഹത്തെ വിലയ്ക്കുവാങ്ങിയ ഹാബാൻ എന്ന വ്യാപാരിയും 'അന്ത്രോപ്പൊളിസ്' (Andrapolis) എന്നൊരു നഗരത്തിലെത്തി. അവിടുത്തെ രാജാവിന്റെ ഏക മകളുടെ വിവാഹവിരുന്ന് നടക്കുന്ന ദിവസമായിരുന്നു അത്. അപരിചിതരായ അവരും ആ വിരുന്നിൽ പങ്കെടുത്തു. എന്നാൽ ഭൗതിക സുഖങ്ങളിൽ താല്പര്യമില്ലാതിരുന്ന തോമാ വിരുന്നിൽ ഒന്നും ഭക്ഷിക്കാതെ പ്രാർഥനയോടെ ഇരുന്നു. വധൂവരന്മാരെ അനുഗ്രഹിക്കാൻ രാജാവ് ആവശ്യപ്പെട്ടപ്പോൾ തോമാ അവർക്കു വേണ്ടി പ്രാർഥിക്കുകയും മണവറയിലേക്ക് അവരെ യാത്രയാക്കുകയും ചെയ്തു. വിവാഹച്ചടങ്ങുകൾക്ക് ശേഷം വധൂവരന്മാർ മാത്രമായി മണവറയിൽ പ്രവേശിച്ചപ്പോൾ, അവിടെ ഒരു പുരുഷൻ നിൽക്കുന്നത് അവർ കണ്ടു. വസ്ത്രധാരണത്തിലും രൂപത്തിലും അത് കുറച്ചു മുൻപ് തങ്ങളെ അനുഗ്രഹിച്ച വിദേശിയായ ആ ദൈവപുരുഷൻ (തോമാ ശ്ലീഹാ) തന്നെയാണെന്ന് അവർക്ക് തോന്നി. അവർ അത്ഭുതത്തോടെ ചോദിച്ചു: 'അല്ലയോ ദൈവപുരുഷാ, നീ എങ്ങനെ ഇവിടെയെത്തി? എല്ലാവരും പുറത്തുപോയി വാതിൽ അടച്ചതല്ലേ? നീ എങ്ങനെ അകത്തുകടന്നു?' അപ്പോൾ ആ വ്യക്തി അവരോട് ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: 'ഞാൻ തോമസ് അല്ല, അവന്റെ ഇരട്ടയാണ്. അവൻ പ്രഘോഷിക്കുന്ന കർത്താവായ ഈശോ മിശിഹായാണ് ഞാൻ,'

## 3. ആദ്യകാല സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ

ആദ്യകാല സഭാപിതാക്കന്മാർ തോമസിന്റെ 'ദിദിമോസ്' എന്ന പേരിനെ ആത്മീയവും പ്രായോഗികവുമായ തലങ്ങളിലാണ് വിശകലനം ചെയ്തത്.

വിശുദ്ധ ജോൺ ക്രിസോസ്റ്റം : തോമാസിന്റെ സംശയത്തെയും തുടർന്നുണ്ടായ വിശ്വാസത്തെയും വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം പറയുന്നത്, തോമസിന്റെ ഇരട്ട സ്വഭാവം എന്നത് ഒരേ സമയം മനുഷ്യസഹജമായ ബലഹീനതയും എന്നാൽ കൃപയാൽ ലഭിച്ച വലിയ ആത്മീയധീരതയും തമ്മിലുള്ള സംഘർഷത്തെ കാണിക്കുന്നു എന്നാണ്.

സിറിയയിലെ വിശുദ്ധ എഫ്രേം : സുറിയാനി പാരമ്പര്യത്തിലെ വലിയ പിതാവായ മാർ എഫ്രേം തോമസിനെ 'വിശ്വാസത്തിന്റെ ജാതകൻ' എന്നാണ് വിശേഷിപ്പിക്കുന്നത്. യേശുവിന്റെ ആണിപ്പഴുതുകളിൽ തൊട്ടതിലൂടെ തോമസ് സഭയുടെ മൊത്തം വിശ്വാസത്തിന്റെ ഇരട്ടയായി (Twin reflecting the faith of the whole Church) മാറി എന്ന് അദ്ദേഹം പ്രകീർത്തിക്കുന്നു.

## ഉപസംഹാരം

ചരിത്രപരമായി നോക്കിയാൽ, തോമസിന് ഒരു ജന്മനാ ഇരട്ട സഹോദരനോ സഹോദരിയോ ഉണ്ടായിരുന്നിരിക്കാം (ചില പാരമ്പര്യങ്ങളിൽ 'ലിസിയ' എന്ന സഹോദരിയുടെ പേര് പറയാറുണ്ട്). എന്നാൽ സുവിശേഷകൻ യോഹന്നാനും സഭാപിതാക്കന്മാരും ഇതിന് നൽകുന്ന ദൈവശാസ്ത്രപരമായ അർഥം വളരെ വലുതാണ്. സംശയത്തിലും വിശ്വാസത്തിലും ഇരട്ട: അവൻ ഒരേ സമയം യുക്തിപൂർവ്വം ചിന്തിക്കുകയും എന്നാൽ ദൈവകൃപയ്ക്ക് മുന്നിൽ പൂർണ്ണമായി കീഴടങ്ങുകയും ചെയ്യുന്നു. വിശ്വാസിയുടെ പ്രതിനിധി: കാണാതെ വിശ്വസിക്കുന്ന നാമെല്ലാവരും ആത്മീയമായി തോമസിന്റെ 'ഇരട്ടകൾ' തന്നെയാണ്. അവന്റെ വിരലുകൾ യേശുവിന്റെ മുറിവിൽ തൊട്ടപ്പോൾ, ചരിത്രത്തിലുടനീളമുള്ള ക്രൈസ്തവ സമൂഹത്തിന്റെ സംശയങ്ങളാണ് ദുരീകരിക്കപ്പെട്ടത്. തന്റെ യുക്തിചിന്തകളെയും സംശയങ്ങളെയും വിശ്വാസം കൊണ്ട് കീഴടക്കി, ഒടുവിൽ ഭാരതം വരെ വന്ന് രക്തസാക്ഷിത്വം വരിച്ച ശ്രേഷ്ഠനായ ശ്ലീഹ സന്ദേഹങ്ങളിലും ബലഹീനതകളിലും ദൈവത്തെ മുറുകെപ്പിടിച്ച എല്ലാ സാധാരണ മനുഷ്യരുടെയും ആത്മീയ ഇരട്ട തന്നെയാണ്. ■

# സ്വാഗതം



കാക്കനാട്: സീറോമലബാർ സഭയുടെ ഇന്റർനെറ്റ് മിഷന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി കാഞ്ഞിരപ്പള്ളി രൂപതാംഗമായ ഫാ. ജോമി കുമ്പുകാട്ട് നിയമിതനായി. നിലവിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിൽ റേഡിയോ 90 എഫ് എം വോയിസ് ഓഫ് അമൽ ജ്യോതി എന്ന കമ്മ്യൂണിറ്റി റേഡിയോയിൽ പ്രോഗ്രാം ഡയറക്ടർ ആയി സേവനം ചെയ്തുവരികയായിരുന്നു അദ്ദേഹം. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നു കമ്മ്യൂണിക്കേഷൻ ആൻഡ് മീഡിയ സയൻസിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയിട്ടുണ്ട്.

ഇന്റർനെറ്റ് മിഷന്റെ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരി, സഭയുടെ പെർമനന്റ് സിനഡിന്റെ അംഗീകാരത്തോടെയാണ് പുതിയ നിയമനം നടത്തിയിരിക്കുന്നത്. 2026 ജൂലൈ ഒന്നാം തീയതി പുതിയ നിയമനം പ്രാബല്യത്തിൽ വന്നു.

# നന്ദി



കാക്കനാട്: കഴിഞ്ഞ ആറു വർഷക്കാലം സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽ ഇന്റർനെറ്റ് മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ശുശ്രൂഷ പൂർത്തിയാക്കിയ ബഹുമാനപ്പെട്ട ഫാ. സെബി കൊളങ്ങര തന്റെ മാതൃരൂപതയായ ഇരിങ്ങാലക്കുടയിലേക്ക് തിരികെ പോവുകയാണ്. 2020 ജൂലൈ ഒന്നു മുതൽ 2026 ജൂലൈ ഒന്നു വരെയുള്ള സേവനകാലയളവിൽ ഇന്റർനെറ്റ് മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിൽ ഇന്റർനെറ്റ് മിഷന് പുതിയൊരു ദിശാബോധം നൽകാൻ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വത്തിന് സാധിച്ചിട്ടുണ്ട്.

സീറോമലബാർ മാട്രിമോണി നവീകരിക്കുന്നതിനും, ആധുനിക സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ അതിനെ കൂടുതൽ ഉപഭോക്തൃസൗഹൃദമാക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. സഭയുടെ ഔദ്യോഗിക വെബ്സൈറ്റ് ആധുനിക രീതിയിൽ പുനഃക്രമീകരിക്കുകയും സഭയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും കൃത്യതയോടെ ലഭ്യമാകുന്ന സുപ്രധാനമായ ഒരു ഡിജിറ്റൽ ഇടമായി അതിനെ മാറ്റിയെടുക്കുകയും ചെയ്യുന്നതിന് ഫാ. സെബി കൊളങ്ങര മുൻകൈയെടുത്തു.

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയയുടെ പ്രസിദ്ധീകരണമായ 'സീറോമലബാർവിഷൻ' കൂടുതൽ വായനായോഗ്യമാക്കുന്നതിലും ആകർഷകമായ ലേഔട്ടിലൂടെയും പംക്തികളിലൂടെയും അതിന്റെ നിലവാരം ഉയർത്തുന്നതിലും മാസികയുടെ മാനേജിങ് എഡിറ്റർ എന്ന നിലയിൽ അദ്ദേഹം സവിശേഷമായ ശ്രദ്ധ പുലർത്തിയിരുന്നു.

മാതൃരൂപതയിലെ പുതിയ അജപാലന ദൗത്യങ്ങളിലേക്ക് പ്രവേശിക്കുന്ന ഫാ. സെബി കൊളങ്ങരയ്ക്കു മൗണ്ട് സെന്റ് തോമസ് കമ്മ്യൂണിറ്റിയുടെയും പ്രത്യേകിച്ച് സീറോമലബാർ വിഷൻ എഡിറ്റോറിയൽ ബോർഡിന്റെയും ഹൃദയം നിറഞ്ഞ നന്ദിയും പ്രാർഥനാപൂർവ്വമായ മംഗളാശംസകളും നേരുന്നു.

# അഭിഭാഷകരുടെ സംഗമം നടത്തി



തലശ്ശേരി: തലശ്ശേരി അതിരൂപതാംഗങ്ങളായ അഭിഭാഷകരുടെ സംഗമം സെന്റ് മേരിസ് ഫൊറോന ദേവാലയത്തിൽ നടന്നു. ദിവ്യബലിക്ക് ശേഷം നടന്ന സമ്മേളനത്തിൽ ഇരിക്കൂർ എംഎൽഎ അഡ്വ. സജീവ് ജോസഫ് അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം നിർവഹിച്ചു.

നീതി നിർവഹണത്തിൽ അഭിഭാഷകർക്കുള്ള പ്രാധാന്യത്തെക്കുറിച്ചും ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതം നയിക്കുന്ന ഒരു അഭിഭാഷകന് കോടതി വ്യവഹാരങ്ങളിൽ ക്രിസ്തുവിന് സാക്ഷിയായി തീരാനുള്ള അവസരത്തെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ മാർ പാംപ്ലാനി പരാമർശിച്ചു. അതിരൂപതാ പ്രോട്ടോസിൻചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ, വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ചാൻസലർ റവ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, എ കെ സി സി ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിൽ എന്നിവർ പ്രസംഗിച്ചു. അഡ്വ. സണ്ണി അഗസ്റ്റിൻ വെള്ളക്കട ലീഗൽ സെൽ രൂപീകരിക്കുന്നതിനെ കുറിച്ച് ക്ലാസ്സ് നയിച്ചു. തലശ്ശേരി അതിരൂപതയിലെ അഭിഭാഷകരെ ഉൾപ്പെടുത്തിക്കൊണ്ട് അതിരൂപത തലത്തിലും ഫൊറോന റീജിയൻ തരത്തിലും നിയമസഹായ വേദികൾ രൂപീകരിക്കാൻ തീരുമാനിച്ചു. സുപ്രീം കോടതിയിലും കേരള ഹൈക്കോടതിയിലും പ്രാക്ടീസ് ചെയ്യുന്നവർ ഉൾപ്പെടെ 125 ഓളം അഭിഭാഷകർ പങ്കെടുത്തു.

# ബി.സി.എം കോളേജിന് ഓട്ടോണോമസ് പദവി

കോട്ടയം: ബി.സി.എം കോളേജിന് ലഭിച്ച സ്വയംഭരണ (ഓട്ടോണോമസ്) പദവിയുടെ ഔദ്യോഗിക പ്രഖ്യാപനവും വിവിധ നവീകരണ പദ്ധതികളുടെ ഉദ്ഘാടനവും കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് പ്രൗഢഗംഭീരമായി നടന്നു.

കോളേജിന്റെ 'സ്വയംഭരണ പദവി'യുടെ ഔദ്യോഗിക ഉദ്ഘാടനം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. സ്വയംഭരണ പദവിയിൽ നിന്ന് 'ഡീംഡ് യൂണിവേഴ്സിറ്റി' യിലേക്കുള്ള പ്രയാണമായിരിക്കണം ഈ കലാലയത്തിന്റെ അടുത്ത ലക്ഷ്യമെന്ന് അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. സമ്മേളനത്തിൽ കോട്ടയം അതിരൂപത ആർച്ച് ബിഷപ്പും കോളേജ് രക്ഷാധികാരിയുമായ മാർ മാത്യു മൂലക്കാട്ട് അധ്യക്ഷത വഹിച്ചു. ഈ പുതിയ പദവി വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയ്ക്കും വളർച്ചയ്ക്കും വലിയ രീതിയിൽ ഉപകരിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

ചടങ്ങിനോടനുബന്ധിച്ച് 'ബി.സി.എം ഈവനിംഗ് അക്കാദമി'യുടെ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും കേരള ഉന്നത വിദ്യാഭ്യാസ മന്ത്രി ശ്രീ. റോജി എം. ജോൺ നിർവ്വഹിച്ചു. കോളേജിന്റെ അക്കാദമിക് മികവിനും പാരമ്പര്യത്തിനും നാടിന് നൽകിയ സംഭാവനകൾക്കുമുള്ള ഉചിതമായ സമ്മാനമാണ് ഈ പദവിയെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. പുതുതലമുറ ആഗ്രഹിക്കുന്ന രീതിയിലുള്ള മികച്ച വിദ്യാഭ്യാസം നൽകാൻ ഈ സ്ഥാപനത്തിന് തുടരുന്നും സാധിക്കട്ടെയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




പതിറ്റാണ്ടുകൾക്ക് മുൻപ് കണ്ട മനോഹരമായ ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ് കോളേജിന് ലഭിച്ച സ്വയംഭരണ പദവിയെന്ന് കോളേജ് ഗവേണിംഗ് ബോഡി ചെയർമാനും സഹായമെത്രാനുമായ മാർ ജോസഫ് പണ്ടാരശ്ശേരിൽ തന്റെ അനുഗ്രഹപ്രഭാഷണത്തിൽ അനുസ്മരിച്ചു. കേവലം അക്കാദമിക് സ്വാതന്ത്ര്യത്തിനപ്പുറം, ബി.സി.എം കോളേജ് മികവിന്റെ അന്താരാഷ്ട്ര കേന്ദ്രമായി മാറണമെന്ന് അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അപ്രേം അഭിപ്രായപ്പെട്ടു.

'ബി.സി.എം ഗവേഷണക്കൂട്ടായ്മ'യുടെ ഉദ്ഘാടനം ശ്രീ. കെ. ഫ്രാൻസിസ് ജോർജ് എം.പി നിർവ്വഹിച്ചു. ഗവേഷണ രംഗത്ത് മികച്ച കാൽവെപ്പുകൾ നടത്താൻ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇവിടുത്തെ വിദ്യാർത്ഥികൾക്കും സാധിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. സിൻഡിക്കേറ്റ് മെമ്പർ അഡ്വ. റെജി സക്കറിയ, കോളേജ് മാനേജർ ഫാ. എബ്രഹാം പറമ്പേട്ട്, പ്രിൻസിപ്പൽ പ്രൊഫ. ഡോ. തോമസ് കെ. വി., ബർസാർ ഫാ. ഫിൽമോൻ കളത്ര തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

# കേരള കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സിന് പുതിയ സാരഥികൾ




കച്ചേരിപ്പടി : കെസിഎംഎസ് അമ്പത്തഞ്ചാമത് ജനറൽ ബോഡി മീറ്റിങ് എറണാകുളം, കച്ചേരിപ്പടി ആശീർഭവനിൽ നടന്നു. യോഗത്തിൽ 2026-29 കാലയളവിലേക്കുള്ള പുതിയ ഭരണസമിതി തെരഞ്ഞെടുക്കപ്പെട്ടു. കെസിഎംഎസ് ജനറൽബോഡി യോഗം കെസിബിസി റിലീജിയസ് കമ്മീഷൻ ചെയർമാൻ ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്തു. കെസിഎംഎസ് പ്രസിഡന്റ് റവ. മദർ ആർദ്ര SIC അധ്യക്ഷയായിരുന്നു. ദീപിക ദിനപ്പത്രത്തിന്റെ മാനേജിങ് ഡയറക്ടർ, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കേരളകത്തോലിക്കാ സഭയുടെ വയനാട്, വിലങ്ങാട് പുനരധിവാസ ദൗത്യത്തിന് നേതൃത്വം നൽകിയ. ഫാ. ജേക്കബ് മാവുങ്കൽ എന്നിവരെ യോഗത്തിൽ ആദരിച്ചു. ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ജോണി പള്ളിവാതുക്കൽ, റവ. ഡോ. ജോർജ്ജ് ആന്റണി തുടങ്ങിയവർ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് സംസാരിച്ചു.

ഫാ. ജോബി കൊച്ചുമുട്ടം പ്രസിഡന്റായും സി. ആനി ജോസ് സി. എസ്.എൻ. വൈസ് പ്രസിഡന്റായും ഫാ. പോളി ആന്റണി ഓസിഡി ട്രഷററായും സി. മരിയ ജസീന എസി, സി. മരീന ഞാറക്കല്ലേൽ എസ്.എ.ബി.എസ്, ഫാ. സൈമൺ ചിറമേൽ എം.സി.ബി.എസ് എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായും തെരഞ്ഞെടുക്കപ്പെട്ടു.

# വിശ്വാസപരിശീലകർ ജീവിതംകൊണ്ട് സംസാരിക്കുന്നവരാകണം: മേജർ ആർച്ചുബിഷപ്പ്



തൃശൂർ: വിശ്വാസപരിശീലകർ ജീവിതംകൊണ്ട് സംസാരിക്കുന്നവരാകണമെന്നും ജീവിതസാക്ഷ്യം കൂടാതെയുള്ള മതബോധനം കേവലം അധരവ്യായാമം മാത്രമാണെന്നും സീറോമലബാർസഭ മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പ്രസ്താവിച്ചു. അറിവിനെ തിരിച്ചറിവിന്റെ കളരിയാക്കി മാറ്റേണ്ട മേഖലയാണ് മതബോധനമെന്നും മാർ റാഫേൽ തട്ടിൽ പിതാവ് കൂട്ടിച്ചേർത്തു. ഇരിങ്ങാലക്കുട രൂപതയുടെ 'വിദ്യാജ്യോതി' വിശ്വാസപരിശീലന യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കൊടകര സഹൃദയ എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് സംഘടിപ്പിച്ച 'TED FEST 2026' (Teachers Empowering Day) മതാധ്യാപക സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മാർ റാഫേൽ തട്ടിൽ പിതാവ്. രൂപതയിലെ 141 ഇടവകകളിൽ നിന്നായി മൂവായിരത്തിലധികം മതാധ്യാപകരാണ് ഈ മഹാസംഗമത്തിൽ പങ്കെടുത്തത്. സമ്മേളനത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട രൂപതയുടെ പുതിയ ഔദ്യോഗിക വെബ്സൈറ്റിന്റെ ഉദ്ഘാടനകർമ്മവും അദ്ദേഹം നിർവ്വഹിച്ചു. ചടങ്ങിന്റെ ഭാഗമായി നടന്ന ആഘോഷമായ പരിശുദ്ധ കുർബാനയ്ക്ക് മാർ റാഫേൽ തട്ടിൽ പിതാവ് കാർമികത്വം വഹിച്ചു.

ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വികാരി ജനറാൾമാരായ മോൺ. ജോസ് മാളിയേക്കൽ, മോൺ. ആന്റു ആലപ്പാടൻ എന്നിവർ സന്ദേശങ്ങൾ നൽകി. ഫാ. ഡയസ് ആന്റണി ക്ലാസുകൾക്ക് നേതൃത്വം നൽകി. പ്രശസ്ത ഗൈനിക്കോളജിസ്റ്റ് ഡോ. ഫിനോ ഫ്രാൻസിസ്, അഡ്വ. റീനു വിമൽ, മരിയ അൽഫോസ റെജു തുടങ്ങിയവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. സമാപന സമ്മേളനത്തിൽ വെച്ച് സംഗമത്തിന്റെ പ്രത്യേക സുവനീർ സഹൃദയ എൻജിനീയറിങ് കോളേജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ആന്റോ ചുങ്കത്ത് പ്രകാശനം ചെയ്തു. രൂപതയിലെ മികച്ച മതബോധന യൂണിറ്റുകൾക്കുള്ള അവാർഡ് ദാനവും 'ഒ ഗ്രേഡ്' സ്വന്തമാക്കിയ മതാധ്യാപകർക്കുള്ള സമ്മാനദാനവും ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ നിർവ്വഹിച്ചു. മ്യൂസിക് മിനിസ്ട്രി, ഡാൻസ് തുടങ്ങി വ്യത്യസ്തങ്ങളായ കലാപരിപാടികൾ സംഗമത്തിന് കൂടുതൽ ഉണർവ്വേകി. രൂപതാ മതബോധന ഡയറക്ടർ റവ. ഡോ. ഫാ. റിജോയ് പഴയാറ്റിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. സിബു കള്ളാപറമ്പിൽ, ഫൊറോന വികാരിമാർ, ഫൊറോന ഡയറക്ടർമാർ, മതബോധന അനിമേറ്റർമാർ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

# സുവർണജൂബിലി ദൈവാലയശുശ്രൂഷിസംഗമം



കാഞ്ഞിരപ്പള്ളി: കാഞ്ഞിരപ്പള്ളി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ ദേവാലയ ശുശ്രൂഷികളുടെ സുവർണ്ണ ജൂബിലിസംഗമം നടന്നു. രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരായ നമുക്ക് അവിടുന്ന് നിശ്ചയിക്കുന്ന ശുശ്രൂഷയിലൂടെ അവിടുത്തെ മഹത്വപ്പെടുത്തുവാൻ കടമയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ദൈവാരാധനയ്ക്കായിദൈവജനത്തെ സഹായിക്കുന്നവരെന്ന നിലയിൽ നിർവഹിക്കുന്ന ശുശ്രൂഷയുടെ മാഹാത്മ്യത്തെക്കുറിച്ചുള്ള അവബോധം നമ്മളെ കൂടുതൽ കർമ്മനിരതരാക്കുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. രൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് റവ.ഡോ. ജോസഫ് വെള്ളമറ്റം സന്ദേശം നൽകി ചർച്ച നയിച്ചു. വെളിച്ചിയാനി സെന്റ് തോമസ് ഫൊറോന പള്ളി വികാരി റവ. ഡോ. സെബാസ്റ്റ്യൻ പാല മൂട്ടിൽ പ്രാർഥനാശുശ്രൂഷയ്ക്ക് നേതൃത്വം നല്കി ദേവാലയ ശുശ്രൂഷികളുടെ ദൗത്യം സംബന്ധിച്ച് ക്ലാസ്സ് നയിച്ചു. ദേവാലയശുശ്രൂഷയുടെ സുവർണ്ണ രജത ജൂബിലി ആഘോഷിച്ച സാബു മാത്യു പുതുപറമ്പിൽ കാഞ്ഞിരപ്പള്ളി, ജോയി ഫ്രാൻസിസ്, പ്ലാത്തോട്ടത്തിൽകാഞ്ഞിരപ്പള്ളി, ടോമിതോമസ് മാതേമ്പാറ ചെറുവള്ളി, ഷിൻസ് സെബാസ്റ്റ്യൻ

പട്രക്കാലായിൽ ചെല്ലാർകോവിൽ, ബിനോയി പുല്ലാന്നികാവുങ്കൽ അമരാവതി, ആന്റണി മെതികളത്തിൽ പുറ്റടി, പീറ്റർ കുറ്റിപ്ലാക്കൽ എരുമേലി, ജോൺ വില്ലൻപാറ

കാഞ്ചിയാർ എന്നിവർക്ക് ആശംസകളർപ്പിച്ചു. ഫാ. ഫിലിപ്പ് തടത്തിൽ, ഫാ. സ്റ്റാൻലി പുള്ളോലിക്കൽ, സിസ്റ്റർ സെലിൻ പരവരാകത്ത് എഫ്. സി. സി, ജെസ്സി ജോസഫ് ചൂളയ്ക്കപെറമ്പിൽ, എബിൻ എബ്രാഹം ആലഞ്ചേരിൽ, മെയ്മോൾ മാത്യുകരിയിൽ എന്നിവർ നേതൃത്വം നല്കി.

# കാഞ്ഞിരപ്പള്ളി രൂപതാ വിശ്വാസപരിശീലക മഹാസംഗമം



കുമളി: കാഞ്ഞിരപ്പള്ളി രൂപതാ സുവർണ്ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചുള്ള വിശ്വാസജീവിതപരിശീലകരുടെ സംഗമം 'വിശ്വാസ വെളിച്ചം' സെന്റ് തോമസ് ഫൊറോനാപ്പള്ളിയിൽ നടന്നു. രൂപതയിലെ രണ്ടായിരത്തോളം വിശ്വാസ ജീവിത പരിശീലകർ പങ്കെടുത്ത സംഗമം രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാൻ അയക്കപ്പെട്ട ശ്ലീഹന്മാരുടെ ദൗത്യത്തിന്റെ തുടർച്ച നിർവഹിക്കുന്ന വിശ്വാസജീവിത പരിശീലകർക്ക് കാലഘട്ടത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ശരിയായ ക്രിസ്തീയ മൂല്യങ്ങൾ കുട്ടികളിലും സമൂഹത്തിലും പകർന്നു നൽകാൻ വലിയ ഉത്തരവാദിത്വമുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപത മുൻ അധ്യക്ഷൻ മാർ മാത്യു അറയ്ക്കലിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. സഭയുടെ വളർച്ചയിൽ വിശ്വാസജീവിത പരിശീലനത്തിന്റെ പ്രാധാന്യം അദ്ദേഹം ഓർമപ്പെടുത്തി.

ചർച്ചാവേദിയിൽ പഞ്ചാബ് ഗവണ്മെന്റ് കോർഡിനേഷൻ ഡിപ്പാർട്ട്മെന്റ് അഡീഷണൽ സെക്രട്ടറി ഡോ. നിർമ്മൽ ഔസേപ്പച്ചൻ ഐ. എ. എസ്, ബെത്ലഹേം സ്കൂൾ ഓഫ് ഗ്രെയ്സ് സ്ഥാപകരായ സോജിമരിയ ദമ്പതികൾ എന്നിവർ പങ്കെടുത്തു. ഹാരി സി ജോസഫ് ചർച്ച നയിച്ചു. രൂപതയിലെ വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ മികവു പുലർത്തിയവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. രൂപതാ വിശ്വാസപരിശീലന വേദിയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന 'ലൈറ്റ്' എന്ന മൊബൈൽ ആപ്ലിക്കേഷൻ മാർ ജോസ് പുളിക്കൽ ലോഞ്ച് ചെയ്തു. വിശദാംശങ്ങൾ ഡോ ജൂബി മാത്യു അവതരിപ്പിച്ചു. വികാരി ജനറൽമാരായ റവ. ഡോ. ജോസ് വെള്ളമറ്റം, റവ ഡോ. സെബാസ്റ്റ്യൻ കൊല്ലം കുന്നേൽ, രൂപതാ വിശ്വാസ ജീവിത പരിശീലന ഡയറക്ടർ റവ. ഡോ തോമസ് വാളന്മനാൽ, കുമളി ഫൊറോനാ വികാരി റവ ഡോ. മാത്യു കല്ലറയ്ക്കൽ, കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ബിനോ പെരുന്തോട്ടം എന്നിവർ പ്രസംഗിച്ചു.

# ഗ്രേറ്റ് ബ്രിട്ടൻ രൂപത കുടുംബ കൂട്ടായ്മ വാർഷിക സമ്മേളനം



ബർമിംഗ്ഹാം: ഗ്രേറ്റ് ബ്രിട്ടൻ രൂപത കുടുംബ കൂട്ടായ്മ വാർഷിക സമ്മേളനം ബർമിംഗ്ഹാമിൽ നടത്തി. രൂപതയുടെ ഇടവക മിഷൻ – പ്രൊപ്പോസഡ് മിഷനുകളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. തലശ്ശേരി മുൻ അതിരൂപതാധ്യക്ഷൻ മാർ ജോർജ് വലിയമറ്റത്തിന്റെ കാർമികത്വത്തിൽ നടന്ന പരിശുദ്ധ കുർബാനയിൽ രൂപത അദ്ധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലും, വിവിധ ഇടവക മിഷനുകളിൽ നിന്നെത്തിയ വൈദികരും സഹകാർമികത്വം വഹിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം മാർ ജോർജ് വലിയമറ്റം ഉദ്ഘാടനം ചെയ്തു. സഭയുടെ അടിസ്ഥാനം കുടുംബം ആണെന്നും കുടുംബം എന്നാൽ ത്രിത്വത്തിന്റെ പ്രതീകമാണെന്നും കുടുംബങ്ങൾ ത്രിത്വത്തിന്റെ ഇരിപ്പിടമാകണം എന്നും മാർ ജോർജ് വലിയമറ്റം വചനസന്ദേശത്തിൽ വിശ്വാസികളെ ഉത്ബോധിപ്പിച്ചു. സ്നേഹമായ ദൈവത്തിന്റെ കൂട്ടായ്മയിലേക്ക് വരുക എന്നതാണ് ഓരോ കുടുംബങ്ങളുടെയും ദൗത്യം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിശുദ്ധ കുർബാനക്കുശേഷം കാഞ്ഞിരപ്പള്ളി രൂപത മുൻ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും രൂപത റിസോഴ്സ് പേഴ്സണുമായ ജോർജ്കുട്ടി ആഗസ്തി ക്ലാസ് നയിച്ചു. ഫാ. ജിബിൻ വാമറ്റത്തിൽ, ജെയിനി ചാക്കോച്ചൻ, ജിനു പോൾ ഷീബ ബാബു, സീന തോമസ്, റീജിയണൽ പ്രസിഡണ്ടുമാർ എന്നിവർ നേതൃത്വംനല്കി.

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## 2026 മെയ് 25 മുതൽ ജൂൺ 21 വരെ

**മെയ്**

- **25 തിങ്കൾ:** രജതജൂബിലി ആഘോഷിക്കുന്ന സന്യാസിനികളുടെ സംഗമം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു.

  എറണാകുളം-അങ്കമാലി അതിരൂപതയുടെ ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ നൂറാമത് ഗ്രാൻഡ് അബയിഡ് യുവജനധ്യാനത്തിൽ വി. കാർലോ അകുത്തീസിന്റെ തിരുശേഷിപ്പ് സ്ഥാപിച്ചു വചനസന്ദേശം നല്കി.
- **30 ശനി:** സ്വിറ്റ്സർലണ്ടിലെ അയിൻസീഡിൽ അന്തർദേശീയ മരിയൻ തീർഥകേന്ദ്രത്തിൽ സ്വിറ്റ്സർലൻഡ് സീറോമലബാർ മരിയൻ തീർഥാടനം ഉദ്ഘാടനം ചെയ്തു വിശുദ്ധ കുർബാനയർപ്പിച്ചു.

**ജൂൺ**

- **2, 4 :** പാലാരിവട്ടം കേരള കത്തോലിക്കാ മെത്രാൻ സമിതി ആസ്ഥാനത്തു കേരള കത്തോലിക്കാ മെത്രാൻസമിതി സമ്മേളനത്തിൽ പങ്കെടുത്തു.
- **4 വ്യാഴം:** കേരള കത്തോലിക്കാ മെത്രാൻ സമിതി സമ്മേളനത്തിൽ വിശുദ്ധ കുർബാനയർപ്പണത്തിൽ കാർമികത്വം വഹിച്ചു.
- **5 വെള്ളി:** മലയാറ്റൂർ മൗണ്ട് കാർമൽ മിണ്ടാമഠത്തിൽ ഒരു സന്യാസിനിയുടെ നിത്യവ്രതവാഗ്ദാന കർമത്തിൽ കാർമികത്വം വഹിച്ചു വിശുദ്ധ കുർബാനയർപ്പിച്ചു.

  കരിമണ്ണൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ കോതമംഗലം രൂപത വൈദികൻ റവ. ഡോ. ചെറിയാൻ വരിക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ സമാപനഭാഗത്തിൽ കാർമികത്വം വഹിച്ചു.
- **6 ശനി:** പാലാരിവട്ടം കേരള കത്തോലിക്കാ മെത്രാൻ സമിതി ആസ്ഥാനത്ത് റവ. ഡോ. സെബാസ്റ്റ്യൻ വടക്കുമ്പാടൻ രചിച്ച ഗ്രന്ഥം പ്രകാശനം ചെയ്തു.
- **8 തിങ്കൾ:** ഇരിങ്ങാലക്കുട രൂപത കുഴിക്കാട്ടുശ്ശേരി വിശുദ്ധ മറിയം ത്രേസ്യ തീർഥകേന്ദ്രത്തിൽ വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ വിശുദ്ധ കുർബാനയിൽ കാർമികത്വം വഹിച്ചു.
- **12 വെള്ളി:** എറണാകുളം-അങ്കമാലി അതിരൂപത ആസ്ഥാനത്തു അതിരൂപതയിലെ മൈനർ സെമിനാരി വിദ്യാർഥികൾക്കുവേണ്ടി വിശുദ്ധ കുർബാനയർപ്പിച്ചു തിരുഹൃദയ തിരുനാൾ സന്ദേശം നല്കി.
- **13 ശനി:** എറണാകുളം-അങ്കമാലി അതിരൂപത കുടുംബപ്രേഷിതത്തിന്റെ സുവർണജൂബിലി കലൂർ റിന്യുവൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു.
- **14 ഞായർ:** കൊടകര സഹൃദയ കോളേജിൽ ഇരിങ്ങാലക്കുട രൂപത വിശ്വാസപരിശീലകരുടെ സംഗമം ഉദ്ഘാടനം ചെയ്തു വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നല്കി.
- **20 ശനി:** സീറോമലബാർ ഡോക്ടറിനൽ കമ്മീഷനും മീഡിയ കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പയുടെ ചാക്രികലേഖനം മാഗ്നിഫിക്കാ ഹ്യുമാനിതാസിനെ അധികരിച്ചു നടത്തിയ വെബിനാർ ഉദ്ഘാടനം ചെയ്തു.
- **21 ഞായർ:** സീറോമലബാർ വിശ്വാസപരിശീലന കമ്മിഷൻ സംഘടിപ്പിച്ച വിശ്വാസപരിശീലകരുടെ തുടർപരിശീലന വെബ്ബിനാർ ഉദ്ഘാടനം ചെയ്തു.

# വയോജനങ്ങൾ സഭയുടെ സമ്പത്തും സാധ്യതയും: മാർ ജോസ് പുളിക്കൽ



പൊൻകുന്നം: വയോജനങ്ങൾ സഭയുടെ സമ്പത്തും സാധ്യതയുമാണെന്ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ. കാഞ്ഞിരപ്പള്ളി രൂപതാ സുവർണ്ണ ജൂബിലിയുടെ ഭാഗമായി പൊൻകുന്നം തിരുക്കുടുംബ ഫൊറോനാ ദൈവാലയത്തിൽ ആരംഭിച്ച സഖറിയാസ് കൺവൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജൂബിലി വർഷത്തിൽ തികഞ്ഞ ദൈവാനുഭവത്തോടെ സഭയ്ക്കും സമൂഹത്തിനും വലിയ സംഭാവനകൾ നൽകാൻ വയോജനങ്ങൾക്കാകണം. കുടുംബത്തെയും കുഞ്ഞുങ്ങളെയുമോർത്ത് അഭിമാനിക്കാനും കൃതജ്ഞതാഭരിതരായി ജീവിക്കാനും നമുക്കാവണമെന്നും മാർ ജോസ് പുളിക്കൽ അനുസ്മരിപ്പിച്ചു.

വി.കുർബാനക്ക് മാർ ജോസ് പുളിക്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഫാമിലി അപ്പോസ്തലേറ്റ് രൂപതാ ഡയറക്ടർ ഫാ.മാത്യു ഓലിക്കൽ സ്വാഗതം ആശംസിച്ചു. ക്രിസ്റ്റീൻ സഖറിയാസ് മിഷൻ ടീം ശുശ്രൂഷകൾ നയിച്ചു. റവ.ഡോ.തോമസ് പൂവത്താനിക്കുന്നേൽ, ഫാ. ജോസുകുട്ടി ഇടത്തിനകം, പിതൃവേദിയുടെയും മാതൃവേദിയുടെയും രൂപതാ, ഫൊറോനാ എക്സിക്യൂട്ടീവ് അംഗങ്ങൾ, പൊൻകുന്നം ഇടവകയുടെ നേതൃസമിതി അംഗങ്ങൾ തുടങ്ങിയവർ വിവിധ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിച്ചു. ഫൊറോനായിലെ വിവിധ ഇടവകകളിൽ നിന്നുമായി അഞ്ഞൂറിൽപരം അംഗങ്ങൾ പങ്കെടുത്തു. രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റാണ് കൺവെൻഷൻ സംഘടിപ്പിച്ചത്.

# കെ.സി.എസ്.എൽ. കോട്ടയം അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം നടന്നു



കോട്ടയം: കെ.സി.എസ്.എൽ. 2026-2027 കോട്ടയം അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടന്നു. കോട്ടയം അതിരൂപത പാസ്റ്ററൽ കോഡിനേറ്റർ ഫാ. മാത്യു മണക്കാട്ട് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് സി. മരീസാ എസ്.വി.എം. യോഗത്തിൽ അധ്യക്ഷത വഹിച്ചു.എം.എസ്.പി സെമിനാരി റെക്ടർ ഫാ. ചാക്കോ വണ്ടൻകുഴിയിൽ സെമിനാർ നയിച്ചു. സി. സോഫിയ എസ്.വി.എം., ഫാ. ജെഫിൻ ഒഴുങ്ങാലിൽ സി. നിഷ കാരിത്താസ് എന്നിവർ പ്രസംഗിച്ചു.

# മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ 32-ാം ചരമവാർഷികം ആചരിച്ചു



താമരശ്ശേരി: താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ 32-ാം ചരമവാർഷികം ആചരിച്ചു. ഇതിന്റെ ഭാഗമായി ചരമദിനമായ ജൂൺ 11ന് രാവിലെ മേരിമാതാ കത്തീഡ്രലിൽ അനുസ്മരണ ശുശ്രൂഷകൾ നടന്നു.ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. രൂപത വികാരി ജനറാൾ മോൺ. അബ്രഹാം വയലിലും രൂപത പ്രൊക്യൂറേറ്റർ ഫാ. ബെന്നി മുണ്ടനാട്ടും സഹകാർമ്മികരായി. വചനസന്ദേശത്തിൽ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ സ്മരണ പുതുക്കിയ ബിഷപ്, രൂപതയുടെ ശൈശവകാലഘട്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ കൈവന്ന ആത്മീയവും ഭൗതികവുമായ വളർച്ചയെ അനുസ്മരിച്ചു. രൂപതയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണപരമായ നേതൃത്വം നൽകിയ സംഭാവനകളും പ്രത്യേകം സ്മരിച്ചു.

അനുസ്മരണ ശുശ്രൂഷകളിൽ വൈദികരും സന്യസ്തരും ദൈവജനവും ഉൾപ്പെടെ വലിയ ജനപങ്കാളിത്തം ഉണ്ടായിരുന്നു. രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, കത്തീഡ്രൽ വികാരി ഫാ. തോമസ് ചിലമ്പിക്കുന്നേൽ, അസിസ്റ്റന്റ് വികാരി ഫാ. ജോൺ കോനുകുന്നേൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ് എന്നിവർ അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

# പ്രവർത്തനവർഷം ഉദ്ഘാടനംചെയ്തു



കോതനല്ലൂർ: കോട്ടയം അതിരൂപത വിശ്വാസപരിശീലനം ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം സംയുക്ത പ്രവർത്തനവർഷ ഉദ്ഘാടനം കോതനല്ലൂർ തുവാനീസ പ്രാർഥനാലയത്തിൽ കോട്ടയം അതിരൂപത സഹായമെത്രാൻ ഗീവർഗ്ഗീസ് മാർ അപ്രേം നിർവഹിച്ചു. കോട്ടയം അതിരൂപത പാസ്റ്ററൽ കോർഡിനേറ്റർ ഫാ. മാത്യു മണക്കാട്ട് അധ്യക്ഷത വഹിച്ചു. 2026-2027 പ്രവർത്തനവർഷത്തിലെ പ്രവർത്തനമാർഗരേഖ പ്രകാശനവും വിശ്വാസപരിശീലന കമ്മീഷന്റെയും ചെറുപുഷ്പ മിഷൻലീഗിന്റേയും അതിരൂപത വെബ്സൈറ്റിന്റെ ഔപചാരിക ഉദ്ഘാടനവും വിശ്വാസപരിശീലന സ്കോളർഷിപ് വിതരണവും അഭിവന്ദ്യ പിതാവ് നിർവഹിച്ചു. വിശ്വാസപരിശീലന ചെയർമാൻ ഫാ. സൈജു മേക്കര, ചെറുപുഷ്പ മിഷൻലീഗ് ദേശീയ പ്രസിഡന്റ് സുജി പുല്ലുകാട്ട്, ചെറുപുഷ്പ മിഷൻലീഗ് അതിരൂപത ഡയറക്ടർ ഫാ. ജെഫിൻ ഒഴുങ്ങാലിൽ എന്നിവർ പ്രസംഗിച്ചു. 500 അംഗങ്ങൾ പങ്കെടുത്തു.



# ബെൽത്തംഗഡി രൂപത


1999 ഏപ്രിൽ 24ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ തന്റെ പേപ്പൽ ബുളയായ CUM AMPLA വഴി കർണാടകയിലെ സീറോമലബാർ വിശ്വാസികൾക്കായി ബെൽത്തംഗഡി രൂപതയ്ക്ക് രൂപം നല്കി. 1999 ഓഗസ്റ്റ് 4ന് രൂപതയുടെ പ്രഥമ മെത്രാനായി അഭി. മാർ ലോറൻസ് മുക്കുഴി പിതാവിനെ അഭിഷേകം ചെയ്ത് നിയോഗിക്കുകയും ഔദ്യോഗികമായി ബെൽത്തംഗഡി രൂപത സ്ഥാപിക്കുകയും ചെയ്തു.

അഭി. മാർ ലോറൻസ് മുക്കുഴി പിതാവ് തന്റെ 26 വർഷത്തെ രൂപത ഭരണത്തിൽനിന്നും വിരമിച്ചതിനെ തുടർന്ന് 2025 നവംബർ 5ന് ബെൽത്തംഗഡി കത്തിഡ്രൽ ദൈവാലയത്തിൽ വച്ച് അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിനെ തിരഞ്ഞെടുക്കുകയും, അഭിഷിക്തനായി, രൂപതാഭരണം ഏറ്റെടുത്തു. ഇന്ന് 3 ജില്ലകളായ കൊടക്, ഉടുപ്പി, ദക്ഷിണകന്നഡ എന്നീ ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന ബെൽത്തംഗഡി രൂപത വിശ്വാസത്തിന്റെയും സേവനത്തിന്റെയും ഉജ്ജ്വല സാക്ഷ്യമായി നിലക്കൊള്ളുന്നു.

| | | |
|---|---|---|
| Area | : | 12,543 Sq.Kms |
| Catholic Population | : | 30,000 |
| Catholic Families | : | 4790 |
| Languages | : | Kannada, Tulu, Konkani, Malayalam, English, Coorgie |
| Forane Churches | : | 9 |
| Parishes | : | 55 |
| Mass Centres | : | 10 |
| Priests Incardinated | : | 59 |
| Religious Priests | : | 26 |
| Women Religious | : | 186 |

രൂപതാതലത്തിൽ നടന്ന പ്രധാനപ്പെട്ട സംരംഭങ്ങൾ

01. 2000- ത്തിൽ ക്രിസ്തുജയന്തി 2000 വർഷാചരണം
02. 2002 - ൽ കുടിയിറക്കു ഭീഷണിക്കെതിരെ ബെൽത്തംഗഡിയിൽ പ്രതിഷേധ മഹാറാലി
03. 2004 - ൽ ജ്ഞാനനിലയ (Eparchial Pastoral Center) ഉദ്ഘാടനം
04. 2007 - ൽ രൂപതാ കത്തീഡ്രൽ ദൈവാലയത്തിന്റെ ഉദ്ഘാടനം
05. 2009- ൽ അപ്പാർക്കിയൽ അസംബ്ലി
06. 2009 -ൽ മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ സന്ദർശനം
07. 2017 -ൽ അൽമായ സംഘടനയായ കെ.എസ്.എം.സി.എ. -യുടെ സംഗമം
08. 2018 - ൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ നാഷനൽ സംഗമം
09. 2022 - ൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്റ്റേറ്റ് ലെവൽ പ്ലാറ്റിനം ജൂബിലി ആഘോഷം
10. 2023 - ൽ യുവജന കൺവെൻഷൻ (2002, 2012, 2015)
11. 2024 ഫെബ്രുവരി 11 -ബെൽത്തംഗഡി രൂപത സുവർണ്ണ ജൂബിലി
12. 2025 ആഗസ്റ്റ് 28 - ബെൽത്തംഗഡി രൂപതയുടെ രണ്ടാമത്തെ മെത്രനായി അഭി.മാർ ജെയിംസ് പട്ടേരിൽ പിതാവിന്റെ നിയമന പ്രഖ്യാപനം മാർ റാഫേൽ തട്ടിൽ പിതാവ് നടത്തി.
13. 2025 - നവംബർ 5 -അഭി.മാർ ജെയിംസ് പട്ടേരിൽ പിതാവിന്റെ മെത്രാഭിഷേകം.



Bishop
Mar James Patteril CMF
Bishop of Belthangady



Bishop Emeritus
Mar Lawrence Mukkuzhy

## Curia Members



Proto Syncellus
Msgr. Mani Veluthedathparambil



Chancellor
Fr. Lawrence Poonolil



Finance Officer
Fr. Mathew Alappatt



Judicial Vicar
Fr. Kuriakose Vettuvazhy

### ബെൽത്തംഗഡി രൂപതയുടെ വിവിധ കമ്മിഷനുകളും ഡിപ്പാർട്ടുമെന്റുകളും

1. മതബോധന കമ്മീഷൻ
2. അടിസ്ഥാനസഭാത്മക കൂട്ടായ്മ കമ്മീഷൻ
3. ബൈബിൾ കമ്മീഷൻ
4. ആരാധനാ കമ്മീഷൻ
5. കുടുംബ കമ്മീഷൻ
6. എക്യുമിനിക്കൽ കമ്മീഷൻ
7. ദൈവവിളി കമ്മീഷൻ
8. വിദ്യാഭ്യാസ കമ്മീഷൻ
9. യുവജനകമ്മീഷൻ
10. സുവിശേഷ പ്രഘോഷണം കമ്മീഷൻ
11. വനിതാ കമ്മീഷൻ
12. അൽമായ കമ്മീഷൻ
13. മതാന്തര സംവാദ കമ്മീഷൻ
14. സാമൂഹ്യക്ഷേമ വികസന പദ്ധതി കമ്മീഷൻ
15. നീതി - സമാധാന കമ്മീഷൻ
16. തൊഴിലാളി കമ്മീഷൻ
17. ആരോഗ്യസംരക്ഷണ കമ്മീഷൻ
18. ദൈവവിളി കമ്മിഷൻ - വൈദികരുടെയും സിസ്റ്റേഴ്സിന്റെയും പരിശീലനം
19. സുവിശേഷവൽക്കരണ കമ്മീഷൻ
20. ആരോഗ്യ സംരക്ഷണ കമ്മീഷൻ
21. സാമൂഹിക- സമ്പർക്ക മാദ്ധ്യമ (Media & Communication) കമ്മീഷൻ
22. SC/ST/BC കമ്മീഷൻ
23. ബുദ്ധിമാന്ദ്യ - നിർദ്ധനർക്കായുള്ള കമ്മീഷൻ
24. പരിസരസംരക്ഷണ കമ്മീഷൻ
25. കുടിയേറ്റ - സഞ്ചാരികൾക്കായുള്ള കമ്മീഷൻ


Minor Seminary


Episcopal Consecration


Episcopal Consecration


Episcopal Consecration


Episcopal Consecration


Episcopal Consecration


Episcopal Consecration


Sisters gathering


Sisters gathering


Newly Built Church Navoor


Angels Meet


Vianney Sadana


Priests of the Diocese


Minor Orders


Come & See 2026


Scriptura 2k25

# കത്തോലിക്കാ വിശ്വാസത്തിന്റെ ആവേശമുണർത്തി ലെയോ മാർപാപ്പയുടെ സ്പെയിൻ സന്ദർശനം



മാഡ്രിഡ്: ആഗോള കത്തോലിക്കാ സഭയുടെ തലവൻ ലെയോ പതിനാലാമൻ പാപ്പായുടെ നാലാമത് അപ്പസ്തോലിക യാത്ര സമാപിച്ചു. 15 വർഷങ്ങൾക്ക് ശേഷം ഒരു മാർപാപ്പ സ്പെയിനിൽ നടത്തുന്ന സന്ദർശനമെന്ന ചരിത്രപരമായ പ്രാധാന്യവും ഇതിനുണ്ടായിരുന്നു. ജൂൺ ആറ് ശനിയാഴ്ച ആരംഭിച്ച് ജൂൺ 12 വെള്ളിയാഴ്ച സമാപിച്ച, ഏഴു ദിവസം നീണ്ടുനിന്ന സ്പെയിൻ സന്ദർശനത്തിന് പ്രധാനമായും നാല് ഘട്ടങ്ങളാണ് ഉണ്ടായിരുന്നത്.

യാത്രയുടെ ഒന്നാം ഘട്ടം ജൂൺ ആറു മുതൽ ഒമ്പതാം തീയതി രാവിലെ വരെ തലസ്ഥാനമായ മാഡ്രിഡിന്റെ വിവിധ ഭാഗങ്ങളിലായിരുന്നു. പ്ലാസ ഡി സിബെലെസിൽ (Plaza de Cibeles) നടന്ന ലക്ഷക്കണക്കിന് വിശ്വാസികൾ പങ്കെടുത്ത വിശുദ്ധബലിയർപ്പണം, പ്രാർഥനാ സമ്മേളനങ്ങൾ, യുവാക്കളുമായുള്ള കൂടിക്കാഴ്ചകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ചരിത്രത്തിലാദ്യമായി ഒരു മാർപാപ്പ സ്പെയിൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചതും ഈ ഘട്ടത്തിലായിരുന്നു.

മാഡ്രിഡിലെ പരിപാടികൾക്ക് ശേഷം രണ്ടാം ഘട്ടത്തിൽ പാപ്പാ കറ്റലോണിയയിലെ ബാഴ്സലോണയിലേക്ക് യാത്രയായി. അവിടെ പ്രശസ്തമായ സാഗ്രാഡ ഫാമിലിയ (Sagrada Família) ദേവാലയത്തിലെ 'ജീസസ് ക്രൈസ്റ്റ്' ഗോപുരത്തിന്റെ സമർപ്പണവും വാസ്തുശില്പി അന്തോണി ഗൗഡിയുടെ നൂറാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ദിവ്യബലിയും പാപ്പാ കാർമ്മികത്വം വഹിച്ച് നടത്തി.

യാത്രയുടെ ആറാം ദിവസമായ ജൂൺ 11-ാം തീയതി, സന്ദർശനത്തിന്റെ മൂന്നാം ഘട്ടമായി ഗ്രാൻ കനേറിയ (Gran Canaria) ദ്വീപിലേക്ക് പാപ്പാ യാത്ര തിരിച്ചു. ചരിത്രത്തിലാദ്യമായാണ് ഒരു മാർപാപ്പ കാനറി ദ്വീപുകൾ സന്ദർശിക്കുന്നത്. അവിടെവച്ച് ആഫ്രിക്കയിൽ നിന്നുള്ള കുടിയേറ്റക്കാരുടെ പ്രധാന താവളമായ അർഗ്വിനെഗ്വിൻ (Arguineguín) തുറമുഖം പാപ്പാ സന്ദർശിച്ചു.

തന്റെ അപ്പസ്തോലിക സന്ദർശനത്തിന്റെ അവസാന ദിനമായ ജൂൺ 12 വെള്ളിയാഴ്ച, കാനറി ദ്വീപസമൂഹത്തിലെ തെനെറീഫിലാണ് (Tenerife) പരിശുദ്ധ പിതാവ് മാർപ്പാപ്പ എത്തിയത്. തെനെറീഫ് സന്ദർശന വേളയിൽ കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾക്ക് അതീവ മുൻഗണന നൽകിയ പാപ്പാ, അവർക്ക് താത്കാലികമായി അഭയമേകുന്ന 'ലാസ് റൈസസ്' കേന്ദ്രം സന്ദർശിച്ചു. തുടർന്ന്, സാന്താക്രൂസ് ഡി തെനെറീഫ് തുറമുഖത്ത് വെച്ച് നടന്ന ഭക്തിസാന്ദ്രമായ തിരുഹൃദയ തിരുനാൾ ദിവ്യബലിയോടെ പാപ്പാ തന്റെ സ്പെയിലെക്ക് നടത്തിയ അപ്പസ്തോലിക യാത്ര അവസാനിപ്പിച്ചു വത്തിക്കാനിലേക്ക് മടങ്ങി.

# ഭക്ഷണത്തേക്കാൾ വേഗത്തിൽ ആയുധങ്ങൾ അതിർത്തികൾ കടന്നെത്തുന്നത് വേദനാജനകമായ വൈരുദ്ധ്യം: ലെയോ മാർപാപ്പ

റോം: രാജ്യങ്ങൾ തമ്മിലുള്ള അവിശ്വാസം വർദ്ധിക്കുന്നതും സൈനിക ചിലവുകൾക്കായി വിഭവങ്ങൾ വകമാറ്റുന്നതും പട്ടിണി വിരുദ്ധ പോരാട്ടത്തെ ദുർബലപ്പെടുത്തുന്നുവെന്ന് ലെയോ മാർപാപ്പ. ജൂൺ 22 ന് റോമിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ ലോക ഭക്ഷ്യപദ്ധതിയുടെ വാർഷിക യോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു പാപ്പ. ലോകത്ത് ഭക്ഷണത്തേക്കാൾ വേഗത്തിൽ ആയുധങ്ങൾ അതിർത്തികൾ കടന്നെത്തുന്നു എന്നത് വേദനാജനകമായ വൈരുദ്ധ്യമാണ്. മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും അയൽക്കാരനെ



സ്നേഹിക്കാനുമുള്ള സുവിശേഷ സന്ദേശം സഭയുടെയും ലോക ഭക്ഷ്യ പദ്ധതിയുടെയും ദൗത്യങ്ങളിൽ ഒരുപോലെ പ്രതിഫലിക്കുന്നുണ്ടെന്ന് പാപ്പ ചൂണ്ടിക്കാട്ടി.

ദാരിദ്ര്യ നിർമ്മാർജ്ജനം ലോകത്തിന്റെ ഉത്തരവാദിത്വമാണെന്നും പട്ടിണിയും പോഷകാഹാരക്കുറവും നേരിടുന്നതിനൊപ്പം അവയുടെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്താനും പരിഹരിക്കാനും ലോകരാജ്യങ്ങൾ ഒന്നിക്കണമെന്നും പാപ്പ പറഞ്ഞു. സംഘർഷങ്ങൾക്കിടയിലും പ്രകൃതിദുരന്തങ്ങൾക്കിടയിലും ജീവന് സംരക്ഷണമൊരുക്കുവാൻ, ഐക്യരാഷ്ട്രസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ കാർഷിക സംഘടന നടത്തുന്ന പ്രവർത്തനങ്ങളെ അദ്ദേഹം പ്രശംസിച്ചു. പട്ടിണിയും പോഷകാഹാരക്കുറവും നേരിടുന്നതിനൊപ്പം അവയുടെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്താനും പരിഹരിക്കാനും ലോകരാജ്യങ്ങൾ ഒന്നിക്കണം. പാപ്പ ആഹ്വാനം ചെയ്തു. രാജ്യങ്ങൾ തമ്മിലുള്ള അവിശ്വാസം വർദ്ധിക്കുന്നതും സൈനിക ചിലവുകൾക്കായി വിഭവങ്ങൾ വകമാറ്റുന്നതും പട്ടിണി വിരുദ്ധ പോരാട്ടത്തെ ദുർബലപ്പെടുത്തുന്നുവെന്നു പാപ്പാ ചൂണ്ടിക്കാണിച്ചു.

# വത്തിക്കാനിൽ കർദിനാൾമാരുടെ അസാധാരണ കൺസിസ്റ്ററിക്ക് സമാപനം

വത്തിക്കാൻ സിറ്റി: ആഗോള കത്തോലിക്കാസഭയുടെ സുഗമമായ പ്രവർത്തനങ്ങൾക്കും ഭാവി ദൗത്യങ്ങൾക്കും രൂപരേഖ തയാറാക്കുക എന്ന ലക്ഷ്യത്തോടെ, പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ വിളിച്ചുകൂട്ടിയ കർദിനാൾമാരുടെ അസാധാരണ കൺസിസ്റ്ററിക്ക് (Etxraordinary Consistory) വത്തിക്കാനിൽ സമാപനമായി. പോൾ ആറാമൻ ശാലയിലെ കൺസിസ്റ്ററി ഹാളിൽ ജൂൺ 26 വെള്ളിയാഴ്ച രാവിലെയാണ് സുപ്രധാനമായ ഈ സമ്മേളനം ആരംഭിച്ചത്.

സമ്മേളനത്തിന്റെ ഉദ്ഘാടന വേളയിൽ വത്തിക്കാൻ ആസ്ഥാനമായുള്ളതും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളതുമായ കർദിനാൾ സംഘത്തെ അഭിസംബോധന ചെയ്തുകൊണ്ട് മാർപ്പാപ്പ സംസാരിച്ചു. സഭയ്ക്കുള്ളിലെ ആഭ്യന്തര സംവാദങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും, സഭയുടെ മിഷനറി നിയോഗത്തിൽ ഏവരും ഐക്യത്തോടെ ഒന്നിച്ച് മുന്നോട്ട് പോകണമെന്നും മാർപാപ്പ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. കൺസിസ്റ്ററിയിൽ പങ്കുചേരുന്ന എല്ലാവരും തികച്ചും സ്വതന്ത്രമായും, തുറന്ന മനോഭാവത്തോടെയും, സത്യസന്ധതയോടെയും ആശയങ്ങൾ കൈമാറേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുപറഞ്ഞു. സഭ നേരിടുന്ന സമകാലിക വെല്ലുവിളികളെ ഒത്തൊരുമയോടെ നേരിടാൻ കർദ്ദിനാൾ സംഘം കൂടുതൽ സിനഡാത്മകശൈലി കൈവരിക്കണമെന്നും സഭയുടെ ആഗോള ദൗത്യങ്ങളോട് ചേർന്നുനിന്ന് സഹകരിച്ചു പ്രവർത്തിക്കണമെന്നും പരിശുദ്ധ പിതാവ് ഓർമിപ്പിച്ചു.

ആഗോള സഭയുടെ ഈ സുപ്രധാന സമ്മേളനത്തിൽ കേരളത്തിൽ നിനിന്നും കർദിനാൾമാരായ മാർ ജോർജ് ആലഞ്ചേരി, മാർ ജോർജ് കൂവക്കാട്, ബസേലിയോസ് മാർ ക്ളീമീസ് എന്നിവർ പങ്കെടുത്തു. സഭയുടെ സമകാലിക പ്രസക്തിയുള്ള



വിവിധ വിഷയങ്ങളിൽ നടന്ന ചർച്ചകളിൽ കേരളത്തിൽ നിന്നുള്ള കർദിനാൾമാരും സജീവമായി പങ്കാളികളായി. വരും നാളുകളിൽ സഭയുടെ ആത്മീയസാമൂഹിക ഇടപെടലുകൾക്ക് പുതിയ ദിശാബോധം നൽകുന്ന തീരുമാനങ്ങളോടെയാണ് കൺസിസ്റ്ററി സമാപിച്ചത്.

# വ്യാജ ശിശുക്കടത്ത് കേസ്; മിഷനറീസ് ഓഫ് ചാരിറ്റി കുറ്റവിമുക്തർ



റാഞ്ചി: വിശുദ്ധ മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റി സന്യാസ സമൂഹം എട്ടു വർഷത്തോളം നടത്തിയ നിയമപോരാട്ടത്തിന് ഒടുവിൽ കുട്ടികളെ കൈമാറ്റം ചെയ്തതുമായി ബന്ധപ്പെട്ട് ആരോപിക്കപ്പെട്ട കുറ്റങ്ങൾ വ്യാജമെന്ന് തെളിഞ്ഞു. 2018-ൽ ജാർഖണ്ഡിലെ റാഞ്ചിയിൽ 'നിർമൽ ഹൃദയ്' ഷെൽട്ടർ ഹോമിൽ നിന്നും കുഞ്ഞിനെ കൈമാറ്റം ചെയ്തതുമായി ബന്ധപ്പെട്ട് മിഷനറീസ് ഓഫ് ചാരിറ്റിക്കെതിരെ ആരോപണങ്ങൾ ഉയർന്നിരുന്നു. ഇതേ തുടർന്നു മിഷനറീസ് ഓഫ് ചാരിറ്റി സന്യാസ സമൂഹാംഗമായ കന്യാസ്ത്രീയും മറ്റ് രണ്ടു പേരും വർഷങ്ങളായി വിചാരണ നേരിട്ടു വരികയായിരുന്നു.

കുറ്റാരോപണം നേരിട്ട സിസ്റ്റർ കോൺസിലിയ ജാമ്യം ലഭിക്കുന്നതു വരെ മൂന്ന് വർഷം ജയിലിൽ കിടന്നിരിന്നു. 2018-ൽ ജാർഖണ്ഡിലെ റാഞ്ചിയിൽ മിഷനറീസ് ഓഫ് ചാരിറ്റി നടത്തുന്ന നിർമ്മൽ ഹൃദയ് എന്ന സ്ഥാപനത്തിൽ നിന്ന് 14 ദിവസം പ്രായമുള്ള ഒരു ശിശുവിനെ അനധികൃതമായി കൈമാറിയെന്ന ആരോപണം ഉന്നയിച്ചായിരുന്നു കേസ്. ആരോപണങ്ങൾ മിഷനറീസ് ഓഫ് ചാരിറ്റി കന്യാസ്ത്രീയായ സിസ്റ്റർ കോൺസിലിയയുടെ അറസ്റ്റിലേക്ക് നയിക്കുകയും, ജാർഖണ്ഡിലും മറ്റ് സംസ്ഥാനങ്ങളിലുമുള്ള മിഷനറീസ് ഓഫ് ചാരിറ്റിയുടെ സ്ഥാപനങ്ങൾക്കെതിരേ വിവിധ പരിശോധനകൾ വ്യാപിപ്പിക്കുകയും ചെയ്തിരുന്നു.

വർഷങ്ങൾക്ക് ശേഷമുള്ള വിധി സത്യത്തിന്റെയും അചഞ്ചലമായ പരിശ്രമത്തിന്റെയും വിശ്വാസത്തിന്റെയും വിജയമാണെന്ന് കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ (സിബിസിഐ) മുൻ സെക്രട്ടറി ജനറലും ഡാൽട്ടൺഗഞ്ച് ബിഷപ്പുമായ തിയോഡോർ മസ്കറേനാസ് പറഞ്ഞു. ആരോപണങ്ങൾ സന്യാസ സമൂഹത്തിന്റെ ശുശ്രൂഷയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചുവെന്ന് ബിഷപ്പ് വെളിപ്പെടുത്തി. സിസ്റ്റർ കോൺസിലിയയുടെ അറസ്റ്റിന് പിന്നാലെ 24 കുഞ്ഞുങ്ങളെ പാർപ്പിച്ച ഹിനൂവിലെ മറ്റൊരു മിഷറീസ് ഓഫ് ചാരിറ്റി ഭവനം അധികൃതർ അടച്ചുപൂട്ടിയിരിന്നു. സമീപവർഷങ്ങളിൽ ഭാരത കത്തോലിക്ക സഭ നേരിട്ട ഏറ്റവും വേദനാജനകമായ നിയമപോരാട്ടങ്ങളിലൊന്നിന് അന്ത്യം കുറിച്ച സുപ്രധാന വിധിന്യായമാണ് പുറത്തുവന്നിരിക്കുന്നത്.